Date of publication: 9 മെയ് 2018
വോള്യം 14 / ലക്കം 5 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## സൗഹൃദം







# സംഘടിത

സംഘടിത/ മെയ് 2018/വോള്യം 14/ലക്കം 5



6 കാക്കത്തമ്പുരാട്ടിയും വെള്ളക്കൊറ്റിയും
**ജാനമ്മ കുഞ്ഞുണ്ണി**

10 കഠിന രോഗങ്ങളെ കീഴ്പ്പെടുത്തുന്ന സൗഹൃദലേപനങ്ങൾ
**ഗിരിജ ഭാസ്ക്കർ**

14 ഏകാന്തതയ്ക്ക് പക്ഷികളുടെ പേരിടാം
കവിത/**അനു പാപ്പച്ചൻ**

15 പത്തരമാറ്റുള്ള കൂട്ടായ്മ
**മൃദുല മനോമോഹൻ**

17 കുളിർമയുടെ ഹരിതപുരം
**എം.എച്ച്. താഹിറ**

21 സൗഹൃദ സഞ്ചാരങ്ങളുടെ അപ്പൂപ്പൻതാടികൾ
**സെറിൻ എൻ.പി.**

23 മടങ്ങി വന്ന മിഹ്റിൻ
**കെ.എ. ബീന**

28 ഏഴുമണി ട്രയിനിലെ ലേഡീസ് കംപാർട്മെന്റ്
കവിത/**ശ്രീനിധി കെ.എസ്.**

29 ശബ്ദം എന്ന പെൺകൂട്ടായ്മ
**മിനി പ്രസാദ്**

35 ലേഡീസ് കൂപ്പെ അഥവാ തീണ്ടാരി വണ്ടി !
കഥ/**ഷാഹിന റഫീക്ക്**

46 ഒറ്റത്തടിമരക്കൂട്ടുകൾ
**ഡോ. ഐറിസ്**

48 പാഞ്ഞുപോകുന്ന സൗഹൃദവണ്ടികൾ
**അപർണ്ണ**

50 കുട്ടികൾ ഒഴിയുന്ന തെരുവുകൾ വഴിത്താരകൾ / **ജാനകി**

54 ജീവിതഗാനം ഒന്നിച്ചുപാടുന്നവർ
**സി.എസ്. മീനാക്ഷി**

56 കത്തുകളിലൂടെ സാന്ത്വന സ്പർശങ്ങൾ
പുസ്തകപരിചയം / **സി.എസ്. മീനാക്ഷി**

59 പതിവു പോലെ
കവിത **/ഹബീബ**

60 വാസ്തവം
**ഡോ.ജാൻസി ജോസ്**

61 ശാസ്ത്രം
**സീമ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : ചരിത്രം സൃഷ്ടിച്ച സൗഹൃദങ്ങൾ**


**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ** : ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** : താഹിറ ഹാഫിസ് **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തു ലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934



**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

പിഞ്ചുകുഞ്ഞുങ്ങളുടെ ലോലശരീരങ്ങൾക്കുമേൽ അധികാരവിനിമയങ്ങൾ നടത്തുന്ന ഹീനഹിന്ദുത്വം. ശത്രുക്കളെ ഭീതിയിലാഴ്ത്താനും തുരത്തിയോടിക്കാനുമൊക്കെയുള്ള രാഷ്ട്രതന്ത്രമായി വികസിപ്പിച്ചെടുക്കപ്പെട്ടതാണ് എതിർപക്ഷത്തെ സ്ത്രീശരീരങ്ങൾക്കുമേലുള്ള നിഷ്ഠുര കടന്നുകയറ്റങ്ങൾ. പെണ്ണിനെ 'മാനം' കെടുത്തിക്കൊണ്ട് അവളെ 'കാത്തു സംരക്ഷിക്കേണ്ട'വരുടെ ആണത്തങ്ങൾക്കുനേരെ വെല്ലുവിളിയുയർത്തി നടത്തിയെടുക്കുന്നതാണീ കീഴ്പ്പെടുത്തലുകൾ. കശ്മീരിലെ കത്വയിലെ മുസ്ലിം നാടോടി പെൺകുട്ടി ആസൂത്രിതവും അതിക്രൂരവുമായി ലൈംഗികാക്രമണങ്ങൾക്ക് വിധേയയായി വധിക്കപ്പെട്ടപ്പോൾ ഒരു സഭ്യസംസ്ക്കാരം എന്ന പരിവേഷം തകർന്ന് ഇന്ത്യയുടെ മനുഷ്യത്വം മരണമടഞ്ഞു. ഫാഷിസത്തിന്റെ കരാളഹസ്തങ്ങൾ അനുദിനം നമ്മളോരോരുത്തരെയും തേടി വരുന്നതിനെതിരെ നിതാന്തജാഗ്രത പുലർത്തേണ്ട കഠിനകാലമാണിത്.

മാനസിക പിരിമുറുക്കത്തിൽ നിന്ന് ആശ്വാസം തേടിയെത്തിയ ലാറ്റ്വിയക്കാരി ലിഗസ്ക്രൊമെയ്ന്റെ ഒരു മാസം പഴകിയ മൃതദേഹം കോവളത്തിനടുത്ത് തലയറുക്കപ്പെട്ട നിലയിൽ കണ്ടെത്തുകയുണ്ടായി. സ്ത്രീയായതുകൊണ്ടു മാത്രം നിരന്തര വധഭീഷണി നേരിടേണ്ടുന്ന ഭയാനക അവസ്ഥയിലേക്കാണ് നാം അനുദിനം നീങ്ങിക്കൊണ്ടിരിക്കുന്നത്.വധശിക്ഷ കൊണ്ട് നേരിടാവുന്നതല്ല തന്നെ ഈ അതിക്രമങ്ങൾ. മറിച്ച് സ്ത്രീയെ സ്വൈര്യമായി ജീവിക്കാനനുവദിക്കുന്ന ഒരു ലോകക്രമസൃഷ്ടിക്കു മാത്രമേ ശാശ്വതപരിഹാ രമാവാൻ കഴിയുകയുള്ളൂ. ഈ കേസ്സിൽ കേരള പോലീസ് കാണിച്ച കുറ്റകരമായ അനാസ്ഥയും ലിഗയുടെ ഉറ്റവർക്കും അവർക്ക് താങ്ങായി നിന്ന സാമൂഹ്യപ്രവർത്തക അശ്വതിജ്വാലയ്ക്കും നേരെ ഉണ്ടായ വേട്ടയാടലും തീർത്തും അപലപനീയമാണ്.

ഏതു കഠിന അധികാരപ്രയോഗങ്ങളെയും അത് ഭരണകൂടത്തിൽ നിന്നാകുമ്പോൾപോലും സ്വന്തം ജീവൻ അപായപ്പെടുത്തി സധൈര്യം ഒറ്റയ്ക്ക് നേരിടാൻ ഒരുക്കമുള്ള അനേകം സ്ത്രീകൾ നമുക്ക് ചുറ്റുമുണ്ട്. മേധപട്കർ, ടീസ്റ്റസെതൽവാദ്, സോണി സോറി, അഡ്വ.ദീപിക സിങ്ങ് അങ്ങനെ എത്രയോ പേർ. അധികാരരാഷ്ട്രീയത്തിന് മുന്നിൽ വധഭീഷണികൾ പോലും വകവെയ്ക്കാതെ നിർഭയം പൊരുതിനിൽക്കുന്ന ഇവരൊക്കെയാകട്ടെ നമ്മുടെ പോരാട്ടമാതൃകകൾ.

അട്ടപ്പാടിയിൽ കൊടിയുടെ നിറഭേദമെന്യേ ചൂഷണൈക്യത്തോടെ നടത്തപ്പെടുന്ന ആദിവാസി വഞ്ചനയ്ക്കെതിരെ ഏറെ നാളായി പൊരുതിനിൽക്കുന്ന വ്യക്തിയാണ് സീമ ഭാസ്ക്കർ. അട്ടപ്പാടിയിൽ നാഷനൽ റൂറൽ ലൈവ്ലിഹുഡ് മിഷന്റെ പ്രോജക്ട് ഓഫീസറായി പ്രവർത്തിക്കുകയാണ് സീമ. ആദിവാസികൾ നിരന്തരമായി പലരാലും ചൂഷണം ചെയ്യപ്പെടുന്നത് തടയാൻ ഫലപ്രദമായ പല പദ്ധതികളും നിർദ്ദേശങ്ങളും നൽകിപ്പോരുന്ന സീമ അധികാരരാഷ്ട്രീയശക്തികളുടെ കണ്ണിലെ കരടു തന്നെയാണ്. അതിനാൽത്തന്നെ ഇടത് അനുഭാവമുള്ള ആദിവാസി ക്ഷേമ സമിതിയുടെ പരാതിയിൻമേൽ ഇപ്പോൾ അന്വേഷണം നേരിടുകയാണ് സീമ. സീമക്ക് ഐക്യദാർഢ്യം!

സൗഹൃദം എന്ന പദത്തിന് സ്ത്രീയെ സംബന്ധിച്ചിടത്തോളം പരിമിതമായ അർത്ഥം മാത്രമേ സമൂഹം കല്പിച്ചു നൽകിപ്പോന്നിട്ടുള്ളൂ. കുട്ടിക്കാലവും ക്യാമ്പസ്സ് കാലവും കഴിഞ്ഞ് വിവാഹജീവിതത്തിലേക്ക് കടക്കുമ്പോൾ പൊടുന്നനെ വിരാമമിടേണ്ടി വരുന്ന ബന്ധങ്ങൾ. പിന്നെ ഭർത്താവിന്റെ സുഹൃത്തുക്കളുടെ ഭാര്യമാരാകണം സ്ത്രീകളുടെ സുഹൃത്തുക്കൾ. ഇതിൽ ആശയപ്പൊരുത്തമുണ്ടോയെന്നോ വൈകാരികവിളക്കലുകൾ സാധ്യമാണോ എന്നൊന്നും ചർച്ചയ്ക്ക് വരാറുമില്ല. ഈ ചട്ടക്കൂടിൽ നിന്ന് മാറി  സ്ത്രീകൾ സ്വയം ഉണ്ടാക്കുന്ന സൗഹൃദങ്ങൾ ഏകാന്തതയകറ്റാനുള്ള കുറുക്കുവഴികൾ എന്നതിലെത്രയോ ഉപരിയായി ജീവൻ നിലനിർത്തുന്ന, ജീവിതത്തിനർത്ഥം നൽകുന്ന ജൈവബന്ധങ്ങളാവുന്നുണ്ട് . വർഗ്ഗ, ജാതി, മത, ദേശ, പ്രായത്തിനതീതമായ ഹൃദയ ബന്ധങ്ങൾ. പരസ്പരം തുണയാകുമ്പോൾത്തന്നെ ക്രിയാത്മകമായ പ്രവൃത്തികളിലേർപ്പെടുന്ന കൂട്ടായ്മകളും കൂടിയാവുന്നു ഈ ബന്ധങ്ങൾ. ഒരേ ബസ്സിലോ ട്രെയിനിലോ സഞ്ചരിച്ചോ ഒരേ പ്രദേശത്ത് ജീവിച്ചോ അതല്ലെങ്കിൽ ഒരേ ആശയങ്ങളാൽ ദേശരാഷ്ട്രങ്ങളുടെയും വൻകരകളുടെ അതിർത്തികൾ ഭേദിച്ചോ കെട്ടിപ്പടുക്കപ്പെടുന്ന ബന്ധങ്ങൾ. സ്ത്രീസൗഹൃദങ്ങളുടെ ജൈവലോകങ്ങൾ അന്വേഷിക്കുകയാണ് താഹിറ ഹാഫിസ് അതിഥിപത്രാധിപയായ ഈ ലക്കം. സ്നേഹസൗഹാർദ്ദത്തോടെ വായനയ്ക്ക് സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



എം.എച്ച്. താഹിറ

**പെ**ണ്ണിന് സൗഹൃദം അന്യമല്ല. കാലമെടുത്തുണ്ടാവുന്ന സൗഭാഗ്യമാണത്. സ്ത്രീകൾക്ക് വിവാഹത്തോടെ പഴയ പെൺസൗഹൃദങ്ങൾ നഷ്ടപ്പെടാറുണ്ട്. അത് കാത്ത്സംരക്ഷിക്കാൻ പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ കഴിയാറുമില്ല. പല ചങ്ങാത്തങ്ങളും കൈവിടാനാണ് സമൂഹം സ്ത്രീകളോട് ഇന്നും കല്പിക്കുന്നത്. പുതിയ കാലം ഇതിനെയൊക്കെ ചോദ്യം ചെയ്യുന്നു. പെൺസൗഹൃദങ്ങളുടെ സാദ്ധ്യതയും യാഥാർത്ഥ്യങ്ങളും സംഘടിതയ്ക്ക് വേണ്ടി കണ്ടെത്താൻ ശ്രമിക്കുകയാണിവിടെ.

പെൺസൗഹൃദങ്ങളുടെ വൈവിധ്യത്തെക്കുറിച്ചറിയുക. സാഹിത്യരചനയിലും ആസ്വാദനത്തിലും തല്പരരായ പെൺസൗഹൃദ 'ശബ്ദം' , അവർ രചനകളെക്കുറിച്ച് പറയുന്നു, രചന കളുടെ പ്രകാശനത്തിന് വേദിയൊരുക്കുന്നു. പെൺയാത്രകൾ ഇന്ന് അപൂർവ്വമല്ല, ഭർത്താക്കന്മാരോടൊപ്പമല്ലാത്ത പെൺയാത്ര, ദൂരമേറെതാണ്ടി, സംസ്ഥാനങ്ങൾ കടന്ന് പോവുന്നു. സൗഹൃദയാത്രയുടെ സാദ്ധ്യതകൾ സംഘടിത 'അപ്പൂപ്പൻതാടി'യിൽ അന്വേഷിക്കുന്നു. സംഗീതം ആസ്വദിക്കുന്നവരുടെ 'ലെറ്റസ് സിങ്ങ് ടുഗെദർ' സൗഹൃദം ഒരു സംഘഗാനമായി അലയടിക്കുന്നു. അസംഘടിതമെന്ന് കരുതുന്ന ഗൃഹത്തൊഴിൽ ചെയ്യുന്നവരുടെ ചങ്ങാത്തം, അവർ നടത്തുന്ന യാത്രകൾ രസകരമാകുന്നു. ഒരു ഹൗസിങ്ങ് കോളനിയിൽ പെൺസൗഹൃദങ്ങൾക്ക് 'ഹരിതപുരം' പുതിയമാനങ്ങൾ കണ്ടെത്തുന്നു

ഈ ചെറു ഉദാഹരണങ്ങൾ സ്ത്രീകൾക്ക് വീണ്ടും വീണ്ടും സുദൃഢമായ സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനും വീണ്ടെടുക്കാനുമുള്ള ആവേശവും ആത്മവിശ്വാസവുമായിമാറട്ടെ എന്നാശിക്കുന്നു.




**ജാനമ്മ കുഞ്ഞുണ്ണി**

*എഴുത്തുകാരി, പ്രക്ഷോഭക,*
*കോഴിക്കോട് കോർപ്പറേഷൻ*
*മുൻ ചെയർപേഴ്സൺ*




# കാക്കത്തമ്പുരാട്ടിയും വെള്ളക്കൊറ്റിയും

**1970** കാലത്താണ് ആ സൗഹൃദത്തിന്റെ തുടക്കം. കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിന്റെ ഓഡിറ്റോറിയത്തിൽ 'മിസ്സിസ് ചിന്നു ലേഡി ജാനു' എന്ന ഏകാംഗ നാടകത്തിൽ വേഷമിട്ട ഞാൻ പരിപാടി കഴിഞ്ഞ് ഓഡിറ്റോറിയത്തിൽ നിന്നിറങ്ങി വരാന്തയിലൂടെ റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്ന സമയത്താണ് ഏതാണ്ട് ആറടി പൊക്കമുള്ള സർണ കമ്പിപോലെ നീണ്ടുമെലിഞ്ഞ ആ പെൺകുട്ടി എന്റെ ഹാഫ് സാരിയുടെ തലപ്പിൽ പിടിച്ചു വലിക്കുന്നത്. ഞാൻ പെട്ടെന്നു നിന്നു തിരിഞ്ഞു നോക്കി. നന്നായി കറുപ്പിച്ച് എഴുതിയ വിസ്തൃതം അല്ലാത്ത നീളൻ കണ്ണുകൾ നിറഞ്ഞു നിൽക്കും പോലെ അല്ല പൂത്തുനിൽക്കുകയാണ്. ഓ ഇവളാണ് ആൺകുട്ടികളും പെൺകുട്ടികളും വെൺകൊക്കെന്നു വിളിക്കുന്ന കോളേജ് ബ്യൂട്ടി . മുഖാമുഖം മുട്ടിയാലും മുന്നിൽ നിൽക്കുന്നവരെ മിഴി തുറന്നു നോക്കാത്ത മൂധേവി. പാട്ടിന്റെ പാലാഴി തീർക്കുന്ന മനോഹരി. ഡിഗ്രിക്കാണ്. സയൻസ് ഗ്രൂപ്പ് സെക്കന്റ് ലാംഗ്വേജ്. അധ്യാപകരുടെ അരുമ. ഹോസ്റ്റലിലാണ് താമസം. മുട്ടോളം മുട്ടിക്കിടക്കുന്ന മുടിയിഴകളിൽ



സദാ നോട്ടമിട്ടിരിക്കുന്ന സുരഭില എന്ന സുന്ദരി. തകർത്തുകളഞ്ഞു... അവളുടെ ആ അഭിനന്ദനം എന്റെ കാതുകളിൽ അല്ല ഹൃദയത്തിലാണ് വന്നു പതിച്ചത്. ഉൽക്ക പോലെയല്ല ഉന്മേഷ ഭരിതമായ നിലാത്തിരി പോലെ. അവൾ എന്റെ ഒപ്പം നടന്നു. കോളേജ് ജംഗ്ഷൻ വരെ ഞങ്ങൾക്ക് പിന്നാലെ ആൺകുട്ടികളുടെ ഒരു പട തന്നെ ഉണ്ടായിരുന്നു. എനിക്ക് പോവേണ്ടിയിരുന്ന ട്രെയിൻ ചൂളം വിളിച്ചു പുറപ്പെടാൻ ഒരുങ്ങി നിന്നു. തന്റെ വണ്ടി ... ഓടിക്കോ. അവൾ പിന്നാലെ നിന്നു വിളിച്ചു പറഞ്ഞു. എന്റെ വണ്ടി നീങ്ങി. എന്റെ മനസ്സിൽ അവളുടെ ശബ്ദം അല്ല സൗമനസ്യം അല്ല സൗഹൃദത്തിന്റെ ചില്ലുകൂട് ഉയർന്നുനിന്നു.

എത്രവേഗമാണ് ആ ചങ്ങാത്തം പൂത്തുലഞ്ഞത്. ഞങ്ങൾ കോളേജിൽ ക്ലാസ് സമയം കഴിഞ്ഞാൽ എപ്പോഴും ഒന്നിച്ചായിരുന്നു. ആയിടെയാണ് 'കാക്കത്തമ്പുരാട്ടി കറുത്ത മണവാട്ടി കൂടെവിടെ' എന്ന സിനിമാഗാനം അവൾ കോളേജ്ഡേയ്ക്ക് പാടിയത്. അതോടെ കോളേജിൽ എനിക്കൊരു പേരുവീണു 'കാക്കത്തമ്പുരാട്ടി'. സുരഭില എന്നെ കളിയാക്കാനായി വളരെ പതുക്കെ ആ പേര് എന്റെ ചെവിയിൽ പറയും. വെളുത്ത കൊറ്റിയും കാക്കതമ്പുരാട്ടിയും കോളേജിലെ ചുമരുകളിൽ പോലും പതിയാൻ തുടങ്ങി. എനിക്ക് അന്നേ രാഷ്ട്രീയത്തിൽ താല്പര്യം ഉണ്ടായിരുന്നു. എന്റെ ചെറിയ ചെറിയ എഴുത്തുകൾ കോളേജ് മാഗസിനിൽ പ്രത്യക്ഷപ്പെട്ട് തുടങ്ങി . ഫാത്തിമ കോളേജിന്റെ പ്രിൻസിപ്പാൾ ഫാദർ മാത്യു

കൊട്ടിയത്ത് കർക്കശക്കാരനായതിനാൽ രാഷ്ട്രീയത്തിന് കോളേജിൽ വേരോട്ടം ഉണ്ടായില്ല. തൊട്ടപ്പുറത്തെ എസ്.എൻ. കോളേജിൽ വിദ്യാർത്ഥി സംഘടനയുമായി എനിക്ക് ബന്ധമുണ്ടായിരുന്നു .ഞാൻ നല്ല പ്രാസംഗികയായിരുന്നു. പഠനത്തിൽ ശരാശരിയും . സുരഭില മിണ്ടാപ്പൂച്ചയായിരുന്നു. പക്ഷേ പഠിപ്പിൽ മിടുക്കിയും . അവളുടെ അച്ഛൻ വളരെ നേരത്തെ മരിച്ചിരുന്നു . കാലിന് സ്വാധീനമില്ലാത്ത അമ്മയുടെ ഏകമകൾ. കുബേരകുമാരി. അക്കാലത്ത് അവളുടെ വീട്ടിൽ രണ്ടു കാറുകൾ ഉണ്ടായിരുന്നു. ആജ്ഞ കാത്തുനിൽക്കുന്ന പരിചാരകരും പറമ്പും പാടവും. വിസ്തൃതമായ പറമ്പിൽ കൊട്ടാരസദൃശമായ ഇരുനില മാളിക . വെള്ളാമ്പൽ വിരിഞ്ഞുനിൽക്കുന്ന നടുമുറ്റം. താമരക്കുളം ആണ്. അതിനു ചുറ്റും വിസ്തൃതമായ കോലായ. കരിവീട്ടിയും വെണ്ടേക്കും വെട്ടിപ്പാകിയ ഉള്ളകങ്ങൾ. താക്കോൽക്കൂട്ടം അരയിൽ തിരുകിക്കൊണ്ട് നടക്കുന്ന കുലീനയായ സൗന്ദര്യധാമം ആണ് സുരഭിയുടെ അമ്മ. എന്നെ റെയിൽവേ സ്റ്റേഷനിൽനിന്ന് കാറിലാണ് ആദ്യമായി സ്വന്തം വീട്ടിലേക്ക് കൊണ്ടുപോയത്. അവിടെ ഞാൻ അവൾക്കും അവളുടെ അമ്മക്കും അതിഥിയായിരുന്നില്ല . അരുമയായ കുടുംബാംഗമായിരുന്നു. എനിക്കങ്ങനെ തോന്നി. ഞാൻ എന്നെക്കുറിച്ചു പറയാം. നാട്ടിലെ ഒരു ജന്മികുടുംബത്തിലെ കാര്യസ്ഥനായ അച്ഛനും അമ്മയും എനിക്ക് ഇളയ അഞ്ചുപേരും അടങ്ങുന്ന നിർധനകുടുംബം. സ്വന്തമായ വീടുണ്ട്. കട്ട വെച്ച ചുമരിനുമേൽ ഓലമേഞ്ഞ കൊച്ചുവീട്. അല്പം കൃഷി. നെല്ലും കപ്പയും കാച്ചിലും ഒക്കെപ്പെടും. സമൃദ്ധിയില്ല. പക്ഷെ ഉള്ളത് കൊണ്ട് ഒതുങ്ങി ജീവിക്കുന്ന സന്തുഷ്ട കുടുംബം. ഞാൻ മൂത്തവൾ. ജന്മിത്തത്തിന്റെ മുഷ്ക്കിനു മുന്നിൽ മുട്ടുമടക്കില്ലെന്ന് ദൃഢനിശ്ചയം എടുത്തവൾ. നാട്ടിലെ പ്രമാണിമാർക്ക് വഴങ്ങിക്കൊടുക്കാതെ തലയുയർത്തി നെഞ്ചുവിരിച്ചു നിൽക്കുന്ന നിഷേധി. കോളേജിലും അങ്ങനെ തന്നെയായിരുന്നു. വിദ്യാർഥി സംഘടന ഇല്ലെങ്കിലും മാനേജ്മെന്റിന്റെ കൊള്ളരുതായ്മകൾ ചൂണ്ടിക്കാട്ടി പ്രതിഷേധിച്ചു. കുട്ടികൾക്കിടയിൽ പ്രചാരണം നടത്തി. പുറത്താക്കലും ഫൈൻ കെട്ടലും ഒക്കെ ഉണ്ടായി. പക്ഷേ എന്തുകൊണ്ടോ അധ്യാപകർക്കും വിദ്യാർഥികൾക്കും ഞാൻ പ്രിയങ്കരിയായിരുന്നു. മാനേജ്മെന്റിനോട് കാര്യങ്ങൾ സംസാരിക്കാൻ തന്റേടമുള്ള വിദ്യാർഥി പ്രതിനിധിയായി. ഒരു ദിവസം വൈകുന്നേരം കോളേജ് വിട്ട് പുറത്തേക്ക് വരുമ്പോൾ സുരഭിലയുടെ കാർ ഗ്രൗണ്ടിൽ നിൽക്കുന്നു. അവൾ എന്നെ കണ്ടപാടെ ഓടിവന്നു. വാ കേറ് അവളെന്റെ കൈപിടിച്ച് കാറിനകത്തേക്ക് ഇട്ടു. ഞാനമ്പരന്നു. ഇതെന്താടോ... എന്താന്നോ? മനസ്സിലായില്ലേ? ഞാനിനി ഹോസ്റ്റലിലേക്കില്ല.

**കുചേല കുബേര അന്തരമില്ലാത്ത സൗഹൃദത്തിന്റെ പരസ്പരം വരിണീതമായ ആത്മബന്ധത്തിന്റെ അടരുകളിൽ ആലേഖനം ചെയ്യപ്പെടുകയായിരുന്നു ഞങ്ങളുടെ കൂട്ടുകെട്ട്. അതിനിടയിൽ എന്റെ അച്ഛൻ രോഗബാധിതനായി കിടക്കുമ്പോൾ ഞാൻ അറിയാതെ സുരഭി പലവട്ടം വീട്ടിൽ വന്നു പോയി. മരുന്നു വാങ്ങാനും വീട്ടുചെലവിനും ബുദ്ധിമുട്ടില്ലെന്നറിഞ്ഞപ്പോൾ പണത്തിന്റെ സ്രോതസ്സിനെപ്പറ്റി ഞാൻ അന്വേഷിച്ചപ്പോഴാണ് സുരഭിലയുടെ നിർലോഭമായ സേവനം എന്റെ കുടുംബത്തിന്റെ മൺചുമരിനു മീതെ കാരുണ്യത്തിന്റെ ആകാശം കുടയായി നിന്നത് ഞാനറിയുന്നത്.**

എനിക്കു താനുണ്ടല്ലോ. നമ്മളൊന്നിച്ചു എല്ലാദിവസവും തീവണ്ടിയിൽ വന്നുപോകും. അവളുടെ ഫീസിനൊപ്പം അവളെന്റെ ഫീസും അടച്ചു. അവൾ എനിക്ക് വസ്ത്രങ്ങൾ വാങ്ങിത്തന്നു . നല്ല പേനയും നോട്ടുബുക്കുകളും വാങ്ങിത്തന്നു. എന്റെ വീട്ടിലെ അടുക്കളയിൽ പലകമേൽ ഇരുന്നു കപ്പപ്പുഴുക്കും കാന്താരി ഉടച്ചതും വയർ നിറയെ കഴിച്ചു . കോളേജിൽ യാത്രയിൽ, ഒഴിവുദിനങ്ങളിൽ ഞങ്ങൾ ഒന്നിച്ചായിരുന്നു .ഒന്നുകിൽ ഞാൻ അവളുടെ വീട്ടിൽ അല്ലെങ്കിൽ അവൾ എന്റെ വീട്ടിൽ. കോളേജ് അങ്കണത്തിലെ പടർന്ന പൊന്നശോകച്ചോട്ടിൽ, ലൈബ്രറിയിൽ കാന്റീനിൽ റെയിലോരത്തെ ഒറ്റയടിപ്പാതയിലൂടെയുള്ള നടത്തം ഞങ്ങൾ ഒന്നിച്ചായിരുന്നു . കുചേല കുബേര അന്തരമില്ലാത്ത സൗഹൃദത്തിന്റെ പരസ്പരം വരിണീതമായ ആത്മബന്ധത്തിന്റെ അടരുകളിൽ ആലേഖനം ചെയ്യപ്പെടുകയായിരുന്നു ഞങ്ങളുടെ കൂട്ടുകെട്ട്. അതിനിടയിൽ എന്റെ അച്ഛൻ രോഗബാധിതനായി കിടക്കുമ്പോൾ ഞാൻ അറിയാതെ സുരഭി പലവട്ടം വീട്ടിൽ വന്നു പോയി.

മരുന്നു വാങ്ങാനും വീട്ടുചെലവിനും ബുദ്ധിമുട്ടില്ലെന്നറിഞ്ഞപ്പോൾ പണത്തിന്റെ സ്രോതസ്സിനെ പറ്റി ഞാൻ അന്വേഷിച്ചപ്പോഴാണ് സുരഭിലയുടെ നിർലോഭമായ സേവനം എന്റെ കുടുംബത്തിന്റെ മൺചുമരിനു മീതെ കാരുണ്യത്തിന്റെ ആകാശം കുടയായി നിന്നത് ഞാനറിയുന്നത്. എന്റെ പ്രിയ സഖിയുടെ ഹൃദയത്തെ കീഴടക്കിയ ഒരു പ്രണയമുണ്ടായിരുന്നു. ഞങ്ങളുടെ സീനിയറായ ഒരു യുവസുന്ദരൻ. അന്യമതസ്ഥൻ. അവനില്ലാതെ അവൾ ഇല്ലെന്ന് അവൾ തീർത്തു പറഞ്ഞു. പക്ഷേ അന്നത്തെ കാലത്ത് ഇന്റർ റിലീജിയൻ റിലേഷൻഷിപ്പ് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നിരത്തിവച്ച എന്റെ വാദമുഖങ്ങൾക്കു മുന്നിലായിരുന്നു അവളുടെ പിന്മടക്കം. അത്രമാത്രം തീവ്രമായിരുന്നു ആ വെൺകൊക്കിനുമേലുള്ള കാക്കത്തമ്പുരാട്ടിയുടെ സ്വാധീനം. പിന്നീട് എത്ര പെട്ടെന്നാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. പക്വമല്ലാത്ത പ്രായത്തിൽ എന്റെ ജീവിതം താലിച്ചരടിൽ ബന്ധിച്ചു. എഴുതാനും വായിക്കാനും അന്വേഷിക്കാനുള്ള എന്റെ പ്രാപഞ്ചിക മോഹങ്ങൾ പൊലിഞ്ഞു പോകവേ ഞാൻ അമ്മയായി, കുടുംബിനിയായി. എന്റെ ഹൃദയത്തിൽ പാകിയിരുന്ന സുരഭിലയുമായുള്ള സൗഹൃദത്തിന്റെ പട്ടുനൂൽ പൊട്ടിച്ചുകൊണ്ട് ഞാനെന്റെ വഴിയേ പറന്നുപോയി. പിന്നെ കാലങ്ങൾ. എന്റെ ജീവിതത്തിന്റെ വഴികൾ മാറി. പഠിച്ച യോഗ്യതയുള്ള സർക്കാർ തൊഴിലിൽ വ്യാപൃതയായി. ഒരുപാട് കാലം ഉള്ളിൽ പൊടിച്ചു തഴച്ച സൗഹൃദത്തിന്റെ നൂലേണിയിൽ ഓർമ്മയുടെ വെള്ളിയലുക്കുകൾ മാത്രം ബാക്കിയായി. കാലം എന്റെ ചുമലിൽ അവസരങ്ങൾ, അംഗീകാരങ്ങൾ, ഉത്തരവാദിത്തങ്ങൾ വച്ചുതന്നു. ഞാൻ എഴുത്തുകാരിയായി. രാഷ്ട്രീയപ്രവർത്തകയായി, പ്രാസംഗികയായി. 10 വർഷം മുൻപൊരിക്കൽ പത്തനംതിട്ടയിലെ ഒരു ഹാളിൽ ഞാൻ പ്രസംഗിച്ചുകൊണ്ടിരിക്കെ എന്റെ മുഖത്തേക്ക് ഉറ്റു നോക്കിക്കൊണ്ട് നിർന്നിമേഷയായിരിക്കുന്ന ആ മുഖം ഞാൻ തിരിച്ചറിഞ്ഞു. ഓർമ്മകൾ വെൺകൊറ്റിക്കൂട്ടങ്ങളായി എന്റെ മനസ്സിനെ പൊതിഞ്ഞു നിന്നു. സുരഭില ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർ ആണ് . പോസ്റ്ററിലെ പേരുകണ്ട് കാണാൻ വന്നതാണ്. ഞാൻ പ്രസംഗം ചുരുക്കി. പൊതുവഴിയിൽ ഞങ്ങൾ മുഖാമുഖം നോക്കി നിന്നു.അവളുടെ കാറിൽ സ്വന്തം കുടുംബത്തിലേക്ക്. ഭർത്താവും മൂന്ന് ആൺമക്കളും വൃദ്ധയായ മാതാവും. അവൾ എന്നെ കെട്ടിപ്പിടിച്ചു. എന്റെ തോളത്തു കിടന്നു തേങ്ങിക്കരഞ്ഞു. എന്റെ മനസ്സിൽ കണ്ണീരു വിങ്ങി. മനപ്പൊരുത്തം ഇല്ലാത്ത ദാമ്പത്യം. സ്നേഹിക്കാൻ കൂട്ടാക്കാത്ത മനസ്സിലെ കള്ളറയിൽ പണ്ടേ കിടന്നിരുന്ന കാമുകന്റെ സ്വാധീനത്തിൽ ജീവിതത്തിൽ നടിയുടെ വേഷം

**വിധവയായ സുരഭിലയുടെ വിവർണ്ണമായ മുഖവും വരണ്ടുകിടക്കുന്ന കണ്ണുകളും വീണ്ടും എന്റെ നെഞ്ചിൽ കിടന്നു പിടഞ്ഞു. അടുത്തകാലത്ത് അവൾ എനിക്കെഴുതി... "മക്കൾക്ക് എന്നെ വേണ്ട ഞാൻ എന്തുചെയ്യണം,**

കെട്ടുന്ന സുരഭിലയുടെ ദുരന്തത്തിൽ എന്റെ പങ്ക് ! എനിക്ക് അവിടെനിന്ന് ഓടിപ്പോകണമെന്നു തോന്നി. എന്നെ ഊഷ്മളമായി ഊട്ടി സത്കരിച്ചു. ആ വൃദ്ധയുടെ കാഴ്ച മങ്ങി. ഉമ്മറക്കോലായിലെ ഒടിഞ്ഞ കസേരയിൽ തൂങ്ങി പിടിച്ചിരിക്കുന്നതും കണ്ടു ഞാൻ തകർന്നുപോയി. അവൾ സുരഭില വറ്റാത്ത കണ്ണീരു പോലെ എന്റെ ഹൃദയത്തിൽ പറ്റിക്കിടന്നു. പിന്നീട് അഞ്ചു വർഷങ്ങൾക്കുശേഷം ഞാൻ അവളെ കണ്ടു. വിധവയായ സുരഭിലയുടെ വിവർണ്ണമായ മുഖവും വരണ്ടുകിടക്കുന്ന കണ്ണുകളും വീണ്ടും എന്റെ നെഞ്ചിൽ കിടന്നു പിടഞ്ഞു. അടുത്തകാലത്ത് അവൾ എനിക്കെഴുതി... "മക്കൾക്ക് എന്നെ വേണ്ട ഞാൻ എന്തുചെയ്യണം, നീ ഒരു തുണയെ കണ്ടുപിടിക്കണം. പരസ്പരം താങ്ങായി നിൽക്കാൻ സന്നദ്ധതയുള്ള ഒരാൾ." നമ്മുടെ ആ പഴയ പുള്ളിക്കാരൻ ആയാലോ. പക്ഷേ അയാൾ വിവാഹമോചിതനല്ല. മണ്ണോട് ചേരും വരെ പരസ്പരം പിരിയില്ലെന്ന് തിരുസഭയ്ക്ക് ഉറപ്പുകൊടുത്തയാൾ. "വിട്ടേക്കു മോളെ. പ്രണയമാണ് ജീവിതം. പക്ഷേ ജീവിതാനുഭവങ്ങൾ പ്രാക്ടിക്കൽ ആവണം." അത് ശരിവെച്ചു കൊണ്ടാണവൾ അവസാനം എഴുതിയത് . കഴിഞ്ഞ ദിവസം യാദൃശ്ചികമായി അവർ ഫോൺ ചെയ്തു. ഞാൻ ഗസ്റ്റ്ഹൗസിലുണ്ട് . എനിക്ക് നിന്നെ കാണണം . "ഞാൻ ഇതാ എത്തിക്കഴിഞ്ഞു". അവളെ കണ്ടു. അവർ കണ്ടെത്തിയ തുണക്കാരനെ കണ്ടു . രണ്ടു പേരും വൃദ്ധരാണ്. അവരുടെ കണ്ണുകളിൽ ഉദയത്തിന്റെ ഉന്മാദമല്ല . സായന്തനത്തിന്റെ ചാരുതയാണ്. "ഞങ്ങൾ വിവാഹിതരാകാൻ പോകുന്നു. അടുത്തുള്ള അമ്പലത്തിൽ വച്ച് . ഞങ്ങൾക്ക് ഉറ്റവളും ഉടയവളും ആയി നീ മതി നീ മാത്രം." ക്ഷേത്രസന്നിധിയിൽ വച്ച് അവർ വിവാഹിതരാകുമ്പോൾ എന്റെ മനസ്സ് മന്ത്രിച്ചു. ഇവർക്ക് സ്വസ്ഥി.



**ഗിരിജ ഭാസ്ക്കർ**

*തിരുവനന്തപുരം സ്വദേശി*
*നിലമ്പൂരിൽ താമസം*
*യാത്രയിൽ തല്പര*

# കഠിന രോഗങ്ങളെ കീഴ്പ്പെടുത്തുന്ന സൗഹൃദ ലേപനങ്ങൾ

**ഞാ**ൻ ഗിരിജ ഭാസ്കരൻ. മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ താമസം. ഭർത്താവും രണ്ട് കുട്ടികളും അടക്കമുള്ള ചെറിയ കുടുംബം. ഭർത്താവ് സ്വന്തമായി ഒരു ചെറിയ തുണിക്കട നടത്തുന്നു . മകനും കുടുംബവും ബാംഗ്ലൂരും, മകളും കുടുംബവും ഞങ്ങളുടെ അടുത്തും താമസിക്കുന്നു. നാലു മിടുക്കികളായ പെൺകുട്ടികൾ പേരക്കുട്ടികളായി എനിക്കുണ്ട്. എല്ലാവരും ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്നു. അല്പസമയം പോലും നഷ്ടപ്പെടുത്താൻ ഇഷ്ടമില്ലാത്ത ആളാണ് ഞാൻ .അതിനാൽ ആഭരണ നിർമ്മാണവും തുന്നലും പെയിന്റിങ്ങും എംബ്രോയിഡറിവർക്കും ചെയ്ത് സമയം ചെലവഴിക്കുന്നു. ടെറസ്സിൽ ചെറിയ ഒരു പച്ചക്കറി കൃഷിയും ഉണ്ട്. ഞാനൊരു ക്യാൻസർ റിക്കവറർ കൂടിയാണ്. നാട്ടിലെ ക്യാൻസർ രോഗികൾക്ക് അത്യാവശ്യം കൗൺസലിംഗും ചെയ്യുന്നു. ഇത്രയുമേയുള്ളൂ ഗിരിജ എന്ന വ്യക്തി. ഞാൻ ഒരു എഴുത്തുകാരിയല്ല. അതിനാൽ എഴുത്ത് ഭാഷയും എനിക്കറിയില്ല. അറിയാവുന്ന ഭാഷ വർത്തമാനഭാഷയും യാത്രയുടെ ഭാഷയുമാണ്. ഞങ്ങൾ നാലുപേർ എല്ലാവരും 60 പിന്നിട്ട സാധാരണ

**ആദ്യമായി യാത്ര ചെയ്യാനുള്ള ആഗ്രഹം പറയുന്നത് എന്റെ മകനോടാണ്. ഹിമാലയ യാത്രയാണ് ഞാൻ പോകാൻ ആഗ്രഹിക്കുന്നത് എന്ന് പറഞ്ഞപ്പോൾ ഇത്ര ദൂരേക്കു പോകണോ എന്ന് മാത്രമേ ചോദിച്ചുള്ളൂ. അതെന്റെയൊരു ആഗ്രഹമാണ് എന്ന് പറഞ്ഞപ്പോൾ ഒരു തടസ്സവും പറയാതെ ബാംഗ്ലൂരിൽ നിന്നും എന്നെ യാത്രയാക്കാൻ വേണ്ടി എത്തുകയും, തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ കൊണ്ടുപോയി ട്രെയിൻ കയറ്റാൻ വരുമ്പോൾ 1000 രൂപക്ക് ഫോൺ റീചാർജ് ചെയ്തു തന്നിട്ട് എന്നും വിളിക്കണം എന്നും കാശു തീരും എന്നു കരുതി വിളിക്കാതിരിക്കരുത് തീരുന്നതിനനുസരിച്ച് റീചാർജ് ചെയ്തു തരാമെന്നും പറഞ്ഞ് അവൻ എന്നെ യാത്രയാക്കി മടങ്ങി .**



വീട്ടമ്മമാർ . ഞങ്ങൾ ചെയ്ത യാത്രകളും സൗഹൃദവും അനുഭവങ്ങളുമാണ് നിങ്ങളുമായി പങ്കുവയ്ക്കാൻ താൽപര്യപ്പെടുന്നത്. ആദ്യമായി യാത്ര ചെയ്യാനുള്ള ആഗ്രഹം പറയുന്നത് എന്റെ മകനോടാണ് .ഹിമാലയ യാത്രയാണ് ഞാൻ പോകാൻ ആഗ്രഹിക്കുന്നത് എന്ന് പറഞ്ഞപ്പോൾ അത്ര ദൂരേക്കു പോകണോ എന്ന് മാത്രമേ ചോദിച്ചുള്ളൂ. അതെന്റെയൊരു ആഗ്രഹമാണ് എന്ന് പറഞ്ഞപ്പോൾ ഒരു തടസ്സവും പറയാതെ ബാംഗ്ലൂരിൽ നിന്നും എന്നെ യാത്രയാക്കാൻ വേണ്ടി എത്തുകയും, തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ കൊണ്ടുപോയി ട്രെയിൻ കയറ്റി. 1000 രൂപക്ക് ഫോൺ റീചാർജ് ചെയ്തു തന്നിട്ട് എന്നും വിളിക്കണം എന്നും കാശു തീരും എന്നു കരുതി വിളിക്കാതിരിക്കരുത് തീരുന്നതിനനുസരിച്ച് റീചാർജ് ചെയ്തു തരാമെന്നും പറഞ്ഞ് അവൻ എന്നെ യാത്രയാക്കി മടങ്ങി .2009 സെപ്റ്റംബറിലാണ് എന്റെ ആദ്യയാത്രയുടെ ജനനം. അതാണെങ്കിൽ ഒരു മാസം നീണ്ട ഒരു ഹിമാലയൻ യാത്രയും. അതിൽ 15 ദിവസം ഹിമാലയത്തിലെ ഗംഗോത്രി, യമുനോത്രി, ബദരിനാഥ്, കേദാർനാഥ് എന്നീ സ്ഥലങ്ങളും ബാക്കി 15 ദിവസം കാശി , അയോദ്ധ്യ, മഥുര, വൃന്ദാവൻ, ബുദ്ധഗയ എന്നീ സ്ഥലങ്ങളും അതിനോട് അനുബന്ധിച്ചുള്ള മറ്റു പല സ്ഥലങ്ങളും ആയിരുന്നു. അതൊരു ഭയങ്കര യാത്ര തന്നെയായിരുന്നു. പാതിരാത്രിയിൽ റൂമിൽ വന്ന് കയറിയാൽ വെളുപ്പിന് രണ്ടു മണിയാകുമ്പോൾ അടുത്ത സ്ഥലത്തേക്ക് പോകാൻ റെഡിയാകണം. കാരണം ഹിമാലയൻ കാലാവസ്ഥ ഉച്ച കഴിഞ്ഞാൽ എങ്ങനെ മാറിമറിയുമെന്ന് പ്രവചിക്കാൻ കഴിയാത്തതാണ് . അതിനാലാണ് എത്രയും നേരത്തെ പോകാൻ തയ്യാറാകുന്നത്. അഞ്ചും ആറും പേരുള്ള റൂമിൽ കിടന്ന് ഉറങ്ങിയാൽ യാത്രതിരിക്കാൻ വൈകുമെന്നതിനാൽ ഓരോരുത്തരായി കുളിച്ച് അവരവരുടെ സാധനങ്ങൾ പാക്ക് ചെയ്യുമായിരുന്നു. ഉറക്കമെന്നും ബസ്സിൽ തന്നെ ആയിരുന്നു. കഷ്ടപ്പാടുകൾ ഒരുപാട് ഉണ്ടായിരുന്നെങ്കിലും ഏറെ കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ചിലയിടങ്ങളിൽ കിടക്കാൻ ഒന്നുമുണ്ടായിരുന്നില്ല. നാലുകാലിൽ പലക അടിച്ച ഒരു സാധനം – അതിനെയും കട്ടിൽ എന്നു വിളിക്കാം എന്നു മനസ്സിലായി . ടോയ്‌ലറ്റ് പലയിടത്തും ഇന്ത്യൻ ആയിരുന്നു. ഇവയെല്ലാം തന്നെ നമ്മളെ ഒരുപാട് അഡ്ജസ്റ്റുമെന്റിന് സഹായിച്ചു. ആ യാത്രയിൽ ഞങ്ങൾ ആറു



യാത്രക്കാരിൽ അഞ്ച ുപേർ ഭക്ഷണം പാകം ചെയ്യുന്നവരായിരുന്നു. പലതരത്തിലുള്ള വ്യത്യസ്ത സ്വഭാവക്കാർ ആയതിനാൽ വളരെ നല്ല അനുഭവം തന്നെയായിരുന്നു ഞങ്ങൾക്ക് ഓരോരുത്തർക്കും ആ യാത്ര നൽകിയത്. ഹിമാലയം അതൊരു അനു ഭവം തന്നെയാണ്. ചെറിയ ബസ്സുകൾ മാത്രമേ അവിടേക്ക് പോകൂ. ഞങ്ങൾ നാലു ബസുകളിൽ ആയിരുന്നു പോയത്. റോഡിനു വീതി കുറവും ചിലയിടങ്ങളിൽ റോഡ് തന്നെ ഇല്ലാത്ത അവസ്ഥയും. ഒരുവശം അഗാധ ഗർത്തവും മറുവശം ഗംഭീരമായ പർവ്വതങ്ങളും. ഭഗവാനെ വിളിക്കാതെ ആർക്കുംതന്നെ അതുവഴി പോകു വാൻ ആവില്ല. എതിരെ മറ്റൊരു വാഹനം വന്നാൽ വണ്ടിയിൽ ഇരിക്കുന്നവരുടെ ഉള്ളൊന്ന് കാളും. കാരണം താഴെ അഗാധഗർത്തം. ഈശ്വര വിശ്വാ സമില്ലാത്തവരും അറിയാതെ വിളിച്ചു പോകും ഭഗവാനേ എന്ന് . പക്ഷേ ഈ ദുർഘടങ്ങൾ എല്ലാം കടന്ന് അവിടെ എത്തുമ്പോൾ കിട്ടുന്ന ഒരു ആനന്ദം ഉണ്ട്. അത് പറഞ്ഞറിയിക്കാൻ പറ്റുന്നതല്ല. അനുഭവിച്ചുതന്നെ അറിയണം. അവിടെ നിൽക്കു മ്പോൾ എനിക്ക് തോന്നിയത് ഞാൻ ഉറുമ്പിനെ ക്കാളും എത്രയോ ഒരു ചെറിയ ജീവി ആണെ ന്നാണ്. ഈ ഹിമാലയം യാത്രയിലാണ് കണ്ണൂരിൽ നിന്നുള്ള സരസ്വതിയെ എനിക്ക് പരിചയപ്പെടാൻ സാധിച്ചത്. എന്തും പോസിറ്റീവ് ആയി മാത്രം കാണുന്ന സുഹൃത്ത് .ഈ സ്വഭാവസവിശേഷത തന്നെയാണ് ഞങ്ങൾ സുഹൃത്തുക്കളാകാൻ കാരണമായതും. ആ സൗഹൃദം എന്റെ പിന്നീടുള്ള ഓരോ യാത്രയിലും ഒപ്പമുണ്ടായിരുന്നു. അതിനു മുൻപ് എനിക്ക് മറ്റൊരു സുഹൃത്തിനെ കിട്ടിയിരു ന്നു. കൊയിലാണ്ടിയിലെ ശോഭന പ്രേമാനന്ദ്. ഞാനും ശോഭനയും തമ്മിലുള്ള സൗഹൃദം ഉടലെടുക്കുന്നത് 2003ലാണ്. അതിനു കാരണ മായത് ഇടുക്കി യിലുള്ള ഉമാദേവി അന്തർജനം എന്ന ടീച്ചർ ആണ്. അവർ ഒരു സ്കൂളിന്റെ ഹെഡ് മിസ്ട്രസ് ആയിരുന്നു. റിട്ടയർമെന്റിനുശേഷം ടീച്ചർ സ്ത്രീക ൾക്കായി ഒരു സംഘടന ഉണ്ടാക്കാൻ തീരുമാനിക്കു കയും അതിൽ പങ്കുചേരാൻ താല്പര്യമുള്ളവർ എറണാകുളത്ത് എത്തിച്ചേ രണമെന്ന് അറിയിക്കുകയും ചെയ്തു. സംഘടന യുടെ പേര് വസുധ എന്നായിരുന്നു. അന്ന് ഞങ്ങൾ പലസ്ഥലങ്ങളിൽ നിന്നായി 15 പേർ ഉണ്ടായിരുന്നു. അതിൽ ഞാൻ മലപ്പുറത്തുനിന്നും ശോഭ കോഴി ക്കോട് നിന്നും മറ്റുള്ളവർ തിരുവനന്തപുരം മുതൽ തൃശൂർ വരെ യുള്ള ഭാഗങ്ങളിൽ നിന്നുള്ളവരും ആയിരുന്നു. മടക്കത്തിൽ ഞാനും ശോഭയും കൂടിയുള്ള യാത്ര യിൽ ശോഭ എന്നെ വീട്ടിലേക്ക് ക്ഷണിച്ചു. ശോഭയും മകനുമായിരുന്നു താമസം. ശോഭയുടെ ഭർത്താവ് നേരത്തെ മരിച്ചുപോയി രുന്നു. ക്ഷണം സ്വീകരിച്ചു ഒരുദിവസം ശോഭയോ ടൊപ്പം തങ്ങി അടുത്തദിവസം എന്റെ വാസസ്ഥല ത്തേക്ക് തിരിച്ചു. വസുധയ്ക്ക് അധികം ആയുസ്സ് ഉണ്ടായിരുന്നില്ല . പക്ഷെ ഞങ്ങളുടെ



സൗഹൃദത്തിന്റെ ആഴവും ആയുസ്സും കൂടി. ഹിമാലയയാത്ര കഴിഞ്ഞ് എല്ലാ യാത്രകളിലും ശോഭയും അവരുടെ ഭർത്താവിന്റെ സഹോദരി രാധേച്ചിയും സരസ്വതിയും ഞാനുമായിരുന്നു സന്തത സഹചാരികൾ. ഞങ്ങളുടെ സൗഹൃദം വളരുന്നതിന് അനുസരിച്ച് ഞങ്ങളുടെ യാത്രകളും വളർന്നുകൊണ്ടേയിരുന്നു . 2010ൽ ഞങ്ങൾ കൊച്ചിയിൽനിന്ന് ഒരു കപ്പലിൽ ലക്ഷദ്വീപിലേക്ക് യാത്രതിരിച്ചു. വളരെ സുന്ദരവും എന്നാൽ ഭയാനകവുമായ ഒരു യാത്രയായിരുന്നു. ഭയാനകം എന്ന് പറയാൻ കാരണം ചുറ്റിലും ജലം അതിന്റെ ഏതോ ഒരു ഭാഗത്ത് ഒരു ചെറിയ സാധനത്തിനുള്ളിൽ ഞങ്ങൾ. കരയിൽ നിൽക്കുമ്പോഴാണ് കപ്പലിന്റെ വലിപ്പം നമ്മളറിയുക കടലിലിറങ്ങിയാൽ കപ്പൽ ഒന്നുമല്ല. നങ്കൂരമിടുമ്പോൾ അമ്മ കുഞ്ഞുങ്ങളെ തൊട്ടിലിൽ കിടത്തി ആട്ടുന്നതുപോലെ ആടിക്കൊണ്ടിരിക്കും. സൂക്ഷിച്ചു നടന്നില്ലെങ്കിൽ വീണത് തന്നെ. ഞങ്ങൾ നാലുപേരും ഒരു ക്യാബിനിലായിരുന്നു. രാത്രിയുറക്കം കപ്പലിലും പകൽ മുഴുവൻ ദ്വീപിലും. ഒരു ദ്വീപ് കണ്ട് കഴിയുമ്പോൾ രാത്രിയിൽ അടുത്ത ദ്വീപിലേക്ക് പോകും. നേരം വെളുക്കുമ്പോൾ അടുത്തതിൽ എത്തും. അങ്ങനെയായിരുന്നു യാത്ര. അഞ്ചുദിവസത്തെ യാത്രയായിരുന്നു അത്. കവരത്തി, കൽപേനി, മിനിക്കോയ് കടമത്ത് ഈ ദ്വീപുകൾ ആയിരുന്നു ഞങ്ങൾ പോയത് .



മുസ്ലീങ്ങൾ മാത്രമാണ് ദ്വീപിലെ താമസക്കാർ. എല്ലാവരും ഒരേ തരത്തിൽ പരസ്പരം ബന്ധമുള്ളവർ. പരസ്പരം സ്നേഹത്തോടും ബഹുമാനത്തോടും ജീവിക്കുന്നവർ. ഒരു വീട്ടിലും ടിവിയില്ല . സിനിമ തിയേറ്റർ ഇല്ല. കള്ളുഷാപ്പുകൾ ഇല്ല. ആകെയുള്ളത് പേരിന് ഒരു പോലീസ് സ്റ്റേഷനാണ്. ചെറുപ്പക്കാരായ പുരുഷന്മാർ ആണ് ഞങ്ങളെ കടലിലേക്ക് കൊണ്ടുപോയത്. അവരുടെ വാക്കിലോ നോട്ടത്തിലോ സ്പർശത്തിലോ അരുതാത്തതൊന്നും ഞങ്ങൾക്കാർക്കും അനുഭവപ്പെട്ടില്ല. സത്യത്തിൽ യഥാർത്ഥ മനുഷ്യരെ ഞങ്ങൾ കണ്ടത് അവിടെയാണ്. നമ്മുടെ രാജ്യത്ത് ഇങ്ങനെയും കുറെ നല്ല മനുഷ്യർ താമസിക്കുന്നുണ്ടല്ലോ എന്ന അത്ഭുതമായിരുന്നു ഞങ്ങൾക്ക് ഓരോരുത്തർക്കും തോന്നിയത്. ലഗൂണുകളും പവിഴപ്പുറ്റുകളും കടലും അല്ലാതെ കാര്യമായി മറ്റൊന്നും അവിടെയില്ല. പവിഴപ്പുറ്റുകളാൽ ചുറ്റപ്പെട്ട തീരം ആയതിനാൽ കപ്പൽ തീരത്ത് അടുക്കില്ല. ഉൾക്കടലിൽ ബോട്ടുകൾ വന്നു ഞങ്ങളെ കൊണ്ടുപോവു കയാണ് പതിവ്. കപ്പലിൽ നിന്നും ബോട്ടിലേക്ക് കയറുന്നത് അതിസാഹസികമായ ഒരു പ്രവൃത്തി തന്നെയായിരുന്നു. ഒരാൾ കപ്പലിലും മറ്റൊരാൾ ബോട്ടിലും നിന്ന് നമ്മുടെ കൈ പിടിക്കും. അപ്പോഴാണ് നമ്മൾ ബോട്ടിലേക്ക് ഇറങ്ങുക . ഓളങ്ങൾ കൂടുന്നതിന് അനുസരിച്ച് ബോട്ടിൽ കയറുന്നത് ബുദ്ധിമുട്ട് ആകും . ചില സമയങ്ങളിൽ കടലിൽ വീണുപോകുകയും ചെയ്യും. അവർ അപ്പോൾ തന്നെ ചാടി രക്ഷപ്പെടുത്തും എന്നും പറഞ്ഞു. അത് കേട്ടപ്പോൾ ഞങ്ങളുടെ ഭയം കൂടി. മിക്കപ്പോഴും രാവിലെ കടൽ ശാന്തമായിരിക്കും. വൈകുന്നേരമാകുമ്പോൾ കടലാകെ അസ്വസ്ഥമായിരിക്കും. ഒരു ദിവസം ഞങ്ങളുടെ ബോട്ട് വൈകുന്നേരം വരാൻ വൈകി . ശക്തമായ ഓളങ്ങൾ ബോട്ടിനെ കപ്പലിന്റെ അടുത്തേക്ക് അടുക്കാൻ അനുവദിക്കുന്നില്ല. ബോട്ട് തത്തിക്കളിച്ചു കൊണ്ടിരുന്നു. എല്ലാവരും കരുതി ഞങ്ങളുടെ അന്ത്യം ഈ കടലിൽത്തന്നെ ആയിരിക്കുമെന്ന്. കപ്പലിന്റെ ഒരുവശത്ത് ബോട്ട് അടുപ്പിക്കാൻ കഴിയാത്തതിനാൽ മറുവശത്ത് പോയി. അവിടെയും സ്ഥിതി അതുതന്നെ. ദൈവാധീനത്താൽ ഞങ്ങൾ എങ്ങനെയൊക്കെയോ കപ്പലിൽ കയറിപ്പറ്റി. ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു അനുഭവം തന്നെയായിരുന്നു. എന്നാലും എനിക്കേറെയിഷ്ടം കപ്പൽ യാത്രയാണ് . ജീവിതത്തിൽ ഒരിക്കലെങ്കിലും ഒരു കപ്പൽയാത്ര എല്ലാവരും ചെയ്യണം എന്നേ ഞാൻ പറയൂ. അങ്ങനെ അഞ്ചു ദിവസത്തെ കപ്പൽ ജീവിതം ഞങ്ങൾക്ക് കുറെ അറിവുകൾ നൽകി . എല്ലാം ഉൾക്കൊള്ളാൻ കടൽ എന്നെ പഠിപ്പിച്ചു . പിന്നീട് പല പല സ്ഥലങ്ങൾ ഐ.ആർ.സി.ടി.സി യാത്ര. ബോംബെ, അജന്ത, എല്ലോറ, ഗോവ, മൈസൂർ പിന്നെ മൂകാംബിക, ഉഡുപ്പി, മുരുഡേശ്വർ, ശൃംഗേരി, ധർമ്മസ്ഥല, തിരുപ്പതി, കാളഹസ്തി, ശനീശ്വർ എന്നിവയും തമിഴ്നാട്ടിലെ നിരവധി അമ്പലങ്ങളും ഞങ്ങളുടെ യാത്രയിൽ ഉണ്ടായി. 2018 ഏപ്രിൽ ഞങ്ങൾ ഒരു ഇന്റർനാഷണൽ ടൂറും നടത്തി. അത് സിങ്കപ്പൂർ ആയിരുന്നു. വളരെ ശാന്തവും മനോഹരവുമായ ഒരു കൊച്ചു രാജ്യം. സ്വന്തം രാജ്യത്തെ ഒരുപാട് സ്നേഹിക്കുന്ന ജനങ്ങൾ. ഹോണടി പോലും നമ്മുടെ ചെവിയിലെത്തില്ല. അടുക്കും ചിട്ടയോടും കൂടി പോകുന്ന വാഹനങ്ങൾ. ബസ്സുകൾ കണ്ടാൽ നോക്കിനിൽക്കാൻ തോന്നും. ഒന്നിനെ പോലെയല്ല മറ്റൊന്ന്. എല്ലാം നല്ല ചന്തമുണ്ട്. ഇവിടെ കൃഷിയോ ഫാക്ടറികളോ ഇല്ല. എല്ലാം പുറത്തുനിന്നു വരുത്തണം. ടൂറിസത്തിലൂടെ അവർ നല്ല വരുമാനം നേടുന്നുണ്ട്. നമ്മൾക്ക് കൃഷിയുണ്ട് വ്യവസായം ഉണ്ട് ടൂറിസം ഉണ്ട്. പക്ഷേ, നമ്മൾ എന്ത് നേടുന്നു. നമ്മൾ ഇനിയും ഒരുപാട് പഠിക്കാനുണ്ട്. നമ്മളാരു പോയാലും ആ രാജ്യത്തെ സ്നേഹിച്ചുപോകും. ഇനി ഞങ്ങളുടെ അടുത്ത യാത്ര മലേഷ്യയിലേക്കാണ്. അത് ഇപ്പോഴേ തീരുമാനിച്ചുകഴിഞ്ഞു. യാത്രകൾ നമ്മളെ ഓരോ പാഠങ്ങൾ പഠിപ്പിക്കും. സഹജീവികളോടുള്ള സ്നേഹവും കരുണയും ആദരവും എന്നെ പഠിപ്പിച്ചത് യാത്രകളാണ്. പഠിക്കണം, ചിന്തിക്കണം ഒരു യാത്രയും വെറുതെ കണ്ടു മടങ്ങുന്നത് ആകരുത് . ഇത് എന്റെ ഒരു എളിയ അഭിപ്രായം ആണ്. എന്നാൽ മാത്രമേ യാത്രകൾ സന്തോഷപ്രദം ആവുകയുള്ളൂ പ്രയോജനപ്രദമാകുകയുള്ളു.

അനു പാപ്പച്ചൻ



# ഏകാന്തതയ്ക്ക് പക്ഷികളുടെ പേരിടാം

ഏകാന്തതയ്ക്ക്
പക്ഷികളുടെ പേരിടാം.

സാന്ദ്രത
പച്ചകുത്തി
ഒറ്റക്കൊരു ഭാഷയായിത്തീർന്ന
മഴമരത്തിന്റെ പള്ളയിൽ
ഇണയെ കാത്തിരിക്കുന്ന
മലമുഴക്കിയുടെ
കണ്ണുകളാണത്.

ഉറവകളുടെ
നെടുവീർപ്പുകളിൽ നിന്ന്
വറ്റാത്ത ഇളംചൂടിനെ
വേർപെടുത്തിയെടുക്കാൻ
ജലാശയങ്ങളിൽ ഒറ്റക്കാലിലിരിക്കുന്ന
കൊറ്റിയുടെ ദാഹമാണത്.

പുഴയിലേക്ക് കിടന്ന
മരത്തിലിരുന്ന്
ആഴങ്ങളിലെ മീനുകളുടെ
വേഗമറിഞ്ഞു പറക്കുന്ന
പൊന്മാന്റെ വിശപ്പാണത്.

ജീവിതം കൊത്തി കൊത്തി
ഒടുവിലെ
വാക്കുമിറ്റിച്ച്
ശൂന്യമായ പൊത്തിൽ
ഒറ്റക്കായ
മരം കൊത്തിയുടെ
മുറിവേറ്റ ചുണ്ടുകളുടെ
ഇരുട്ടിലേക്കുള്ള സ്പർശമാണത്.

ആത്മാവും സ്വപ്നങ്ങളും
സ്വർഗത്തിലേക്കെത്തിക്കാൻ
ഈറൻ കയ്യടിയുടെ താളം
കാതോർത്തിരിക്കുന്ന
കാക്കയുടെ ഏകാഗ്രതയാണത്.

ഒരിതൾ മാത്രം
പൊഴിയാൻ ശേഷിക്കുന്ന
വസന്തത്തിലിരുന്ന്
കൂട്ടിനായി നെഞ്ചു പൊട്ടി
പാട്ടിലേക്ക് വേദനയെ
രാകിയെടുക്കുന്ന
കുയിലിന്റെ ശ്വാസമാണത്.

എന്റെയുള്ളിലെ പക്ഷിക്കും
ഒരു പേരു വേണം.



**മൃദുല മനോമോഹൻ**
*നോവലിസ്റ്റ്*

ഒരുപാട് സൗഹൃദങ്ങൾ അനുഭവിച്ചും ആസ്വദിച്ചും ഇപ്പോഴും പുതിയ കൂട്ടായ്മകളിൽ സന്തോഷത്തോടെ പങ്കുചേർന്നും മുന്നോട്ടു നീങ്ങുമ്പോഴാണ് തികച്ചും വ്യത്യസ്തമായ ഒരു കൂട്ടായ്മ കാണാനിടയായത് .

അറുപത്തഞ്ചു വയസ്സു കഴിഞ്ഞ വിലാസിനിയേടത്തിയുടേയും അതേ പ്രായമുള്ള സാധാരണക്കാരിൽ സാധാരണക്കാരായ 4 കൂട്ടുകാരികളുടെയും 30 വർഷത്തിന്റെ നിറവിൽ നിൽക്കുന്ന കൂട്ടായ്മ . ഇന്നും പരസ്പരം സ്നേഹിച്ചും താങ്ങും തണലുമായി മുന്നോട്ടുപോകുന്നു.

വിലാസിനിയേടത്തി ആരെന്നല്ലേ? വീട്ടിൽ എന്നെ സഹായിക്കാൻ വരുന്നവർ. രാവിലെ കുളിച്ച് പതിവായി അമ്പലത്തിൽ പോയി ഓടിപ്പിടഞ്ഞ് വീട്ടുപണിക്ക് എത്തുന്ന അവർ വൃത്തിയുടെ പര്യായമാണ്. ജീവിത സംഘർഷങ്ങളെ അതിജീവിച്ച് മുന്നോട്ടു പോകുമ്പോഴും ചുറ്റുമുള്ളവരുടെ സന്തോഷത്തിലും വേദനയിലും ഭാഗഭാക്കാവുന്ന സ്ത്രീത്വത്തിന്റെ നശിക്കാത്ത നന്മയെ കൈമോശം വരാതെ സൂക്ഷിക്കാൻ ശ്രമിക്കുന്നത് കൊണ്ടാവാം വളരെ സാധാരണക്കാരായ സ്ത്രീകൾ അവരുടെ സന്തോഷങ്ങളും ദുഃഖങ്ങളും എന്നോട് പങ്കുവെക്കാറുണ്ട്. അവരുടെ ചെറിയ ചടങ്ങുകളിൽ പോലും പങ്കെടുക്കാൻ ഞാൻ ഉത്സാഹിക്കാറുണ്ട്. വിലാസിനിയേടത്തിയുടെ വീട്ടിൽ നടന്ന വളരെ  ലളിതവും സ്വകാര്യവുമായ ഒരു ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ എന്നെ അവർ കാര്യമായി അകത്തേക്ക് കൂട്ടിക്കൊണ്ടു പോയി ഇരുത്തി. തിരക്കുള്ള ഗൃഹനാഥ അടുക്കളയിലേക്ക് പോയപ്പോൾ പരിചയമുള്ള ഒരു

# പത്തരമാറ്റുള്ള കൂട്ടായ്മ



മുഖവും കാണാതെ ഞാൻ മൗനമായി ഇരിക്കുമ്പോഴാണ് നിലത്ത് വട്ടമിട്ടിരിക്കുന്ന നാലുപേർ എന്റെ ശ്രദ്ധയാകർഷിച്ചത്. കൗതുകപൂർവം അവരുടെ വാക്കുകൾ ശ്രദ്ധിച്ചു .

"പേടിക്കണ്ട. ഞാൻ ആദ്യം പോയി അവിടെ കാത്തു നിന്നോളാം. ഇന്നെ കാണുമ്പോ എണക്ക് പേടിണ്ടാവൂലല്ലോ."

"അല്ലെങ്കിലും ഓളൊരു പാവാ. ഇത്ര വയസ്സായീച്ചിട്ടെന്താ?" മറ്റൊരാൾ ഇടയ്ക്കു കയറിപ്പറഞ്ഞു.

ഇത്രയും ആയപ്പോൾ എനിക്കും വല്ലാത്തൊരാകാംക്ഷയുണ്ടായി. എങ്ങോട്ട് പോകുന്ന കാര്യമാണ് ഇവർ പറയുന്നത് .

അവർ വർത്തമാനം തുടരവെ എനിക്ക് കുടി ക്കാൻ ചായയുമായി വിലാസിനിയേടത്തി വന്നു.

"എങ്ങട്ട് പോണ കാര്യാ കൂട്ടരെ ങ്ങള് പറയ്ണത്" എന്ന വിലാസിനിയേടത്തിയുടെ ചോദ്യത്തിനു ഒരാൾ : "ഓൾക്ക് മോളിക്ക് പോകാൻ പേട്യാത്രെ. ഞാൻ പറഞ്ഞു ഞാൻ ആദ്യം പോയി അവിടെ കാത്ത് നിക്കാംന്ന്."

"ആര് എപ്പൊ പോണംന്ന് മോളിലുള്ളോൻ തീരുമാനിക്കും" എന്ന വിലാസിനിയേടത്തിയുടെ പ്രത്യേകതരത്തിലുള്ള മറുപടികേട്ട് ഞാനടക്കം എല്ലാവരും പൊട്ടിച്ചിരിച്ചു.

പിറ്റേന്ന് വീട്ടിൽ വന്നപ്പോൾ ഞാനാ സൗഹൃദത്തെക്കുറിച്ച് അറിയാൻ ആഗ്രഹിച്ച് ചോദിച്ചപ്പോൾ അവർ ആ കൂട്ടായ്മയുടെ ആഴത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. അവിചാരിതമായി ജീവിതത്തിൽ ഒറ്റപ്പെടുകയും ചെറിയ കുട്ടിയേയും കൊണ്ട് അറിയാത്ത ഒരു സ്ഥലത്ത് താമസമാക്കുകയും ചെയ്യേണ്ടിവന്നപ്പോൾ അയൽക്കാരിയായ മൈഥിലിച്ചേച്ചി വിലാസിനി യേടത്തിക്ക് "എന്നും എല്ലാത്തിനും നിന്റെ കൂടെ ഞാൻ ഉണ്ടാവുമെന്ന്" ഉറപ്പ് കൊടുത്തു. ഇന്നേവരെ ആ വാക്ക് പാലിച്ചുകൊണ്ട് മുന്നോട്ടു പോകുന്നു എന്ന് അവർ പറഞ്ഞു. പിന്നീട് അതേ മനസ്സുമായി സാവിത്രിയും ലീലയും സത്യയും വന്നു. ഇന്നേവരെ അവർക്കിടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിട്ടില്ലത്രേ.

ഏറെ വിശ്വാസികളായ ഇവർ അഞ്ച് പേരും ഒഴിവു ദിവസമായ ഞായറാഴ്ച അമ്പലത്തിൽ ഒരുമിച്ച് എത്തും. പ്രാർത്ഥനക്ക് ശേഷം അടുത്തുള്ള ചായക്കടയിൽ നിന്ന് ചായ കുടിക്കും. അവിടുന്ന് തീരുമാനിക്കും അന്ന് എന്തുചെയ്യണമെന്ന് .

സുഖമില്ലാത്ത പരിചയക്കാരെ കാണാൻ പോകണോ, എങ്കിൽ എല്ലാവരും ചെറിയൊരു തുക കണ്ടെത്തി സഹായിക്കും. അതല്ലെങ്കിൽ ഉത്സവം കൊടിയേറിയ അടുത്തുള്ള ഒരമ്പലത്തിലേക്ക്. സന്ധ്യ വരെ അമ്പലത്തിൽ സൗജന്യ സേവനം അനുഷ്ഠിക്കും.

**എങ്ങട്ട് പോണ കാര്യാ കൂട്ടരെ ങ്ങള് പറയ്ണത്? എന്ന വിലാസിനിയേടത്തിയുടെ ചോദ്യത്തിനു ഒരാൾ : ഓൾക്ക് മോളിക്ക് പോകാൻ പേട്യാത്രെ. ഞാൻ പറഞ്ഞു ഞാൻ ആദ്യം പോയി അവിടെ കാത്ത് നിക്കാംന്ന്. ആര് എപ്പൊ പോണംന്ന് മോളിലുള്ളോൻ തീരുമാനിക്കും. എന്ന വിലാസിനിയേടത്തിയുടെ പ്രത്യേകതരത്തിലുള്ള മറുപടികേട്ട് ഞാനടക്കം എല്ലാവരും പൊട്ടിച്ചിരിച്ചു.**

അമ്പലത്തിൽ അടിച്ചുതളിക്കാനും പൂക്കൾ പറിച്ചുകൊണ്ടു കൊടുക്കാനും ദേഹണ്ണക്കാരെ സഹായിക്കാനും എല്ലാത്തിനും അവർ തയ്യാറാണ്. "വയസ്സുകാലത്ത് ബുദ്ധിമുട്ടൊന്നും ഉണ്ടാക്കരുതേ ഈശ്വരന്മാരേ എന്ന ഒരു പ്രാർത്ഥനയെ അവർക്കുള്ളൂ".

ചെറിയ ചെറിയ പണികൾ ചെയ്ത് ജീവിതം മുന്നോട്ടു കൊണ്ടു പോകുന്ന ഇവർ പണം മിച്ചം വെച്ച് കുറെപ്പേർ ഒരുമിച്ച് പോകുന്ന തീർത്ഥാടന ബസ്സിൽ ബുക്ക് ചെയ്തു ഇടയ്ക്കിടയ്ക്ക് പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു വരും.

"തീർത്ഥയാത്രകളും അമ്പലങ്ങളും അല്ലാതെ വേറെ എവിടെയെങ്കിലും ഒക്കെ പോയിക്കൂടേ" എന്ന എന്റെ ചോദ്യത്തിന് അവരുടെ മറുപടി ഗൗരവമേറിയതായിരുന്നു. "ഞങ്ങക്ക് സിനിമക്ക് പോണംന്നും ബീച്ചിൽ പോയിരിക്കണംന്നും ഒക്കെ നല്ല മോഹംണ്ട്. പറ്റ്വോ? ഈ വയസത്ത്യോളുടെ ഒരു തോന്ന്യാസംന്ന് ജനം പറയൂലേ? ഇതാവുമ്പോ ആർക്കും ഒരു പരാതിയും ഉണ്ടാവില്ലല്ലോ."



**എം.എച്ച്. താഹിറ**
*കോഴിക്കോട് സിൽക്ക് സ്ട്രീറ്റിൽ ഗാർമൻസ് എന്ന പേരിൽ ബൂട്ടിക് നടത്തുന്നു.*

# കുളിർമയുടെ ഹരിതപുരം

മകൻ ബാസിം അഹമ്മദാബാദിൽ എൻ.ഐ.ഡിയിൽ പഠിക്കുമ്പോൾ അവധിക്കാലത്ത് അവന്റെ സുഹൃത്തുക്കളോടൊപ്പം ആയിരുന്നു നാട്ടിലേക്ക് വന്നത്. പൂനയിലും ഡൽഹിയിലും എറണാകുളത്തുമുള്ള കുട്ടികൾ. മിടുക്കർ. അവർ മൂന്നു നാൾ ഞങ്ങളുടെ വീട്ടിൽ താമസിച്ചു. കോഴിക്കോടും പരിസരവും കണ്ടു. ഞങ്ങളുടെ വീട്ടിലെയും വീടു നിൽക്കുന്ന ഹരിതപുരത്തെയും കുട്ടികളായി മാറി. വയനാട് കാണാൻ പോയി . അവിടെ അവർക്ക് താമസിക്കാൻ സൗകര്യം ചെയ്തിരുന്നു . അവരിലൊരാൾ പൂനക്കാരൻ റാം അവിടെ താമസിച്ചതിനടുത്തുള്ള തടാകത്തിൽ നീന്താനിറങ്ങിയപ്പോൾ മുങ്ങി മരിച്ച വിവരമാണ് രണ്ടാംദിവസം ഞങ്ങൾക്കറിയാൻ കഴിഞ്ഞത്. എന്റെ കാൽ തൊട്ടുവന്ദിച്ച് പടിയിറങ്ങിപ്പോയ കുട്ടി. സഹിക്കാൻ പറ്റാതെ തളർന്നുപോയി. മകൻ മരിച്ച പോലെ ഞങ്ങൾ എന്ത് ചെയ്യണമെന്നറിയാതെ കുഴഞ്ഞുപോയി. ദുരന്തം നേരിട്ടുകണ്ട് അനക്കമില്ലാതെ നിൽക്കുന്ന ബാക്കി കുട്ടികളെ അന്ന് രാത്രി തന്നെ നാട്ടിലെത്തിച്ചു. എനിക്ക് അവരുടെ മുഖത്ത് നോക്കാനോ മിണ്ടാനോ ധൈര്യമുണ്ടായിരുന്നില്ല .പിന്നീടുള്ള രണ്ട് ദിവസങ്ങളിൽ എന്നോടൊപ്പം എന്റെ കുടുംബത്തോടൊപ്പം ഹരിതപുരത്തുള്ളവർ എല്ലാം ഉണ്ടായിരുന്നു. ഹരിതപുരത്തിന്റെ പെൺ സൗഹൃദത്തിന്റെ തണലും ആശ്വാസവും കുളിർമയും ഞാനറിഞ്ഞു. തീവ്രമായ സൗഹൃദം ഏറ്റവുമേറെ വിഷമിക്കുന്ന സന്ദർഭങ്ങളിൽ ഏതുവിധം താങ്ങായിരിക്കുമെന്ന് അനുഭവിച്ചറിഞ്ഞു.

ഞങ്ങളുടെ 'മാനസം' എന്ന വീടിനു മുന്നിലുള്ള രമയുടെ വീട്ടിൽ ശ്രീജയും ഫൗസിയയും ഗീതയും ഏയ്ഞ്ചലും നസീമും ലതയും ഹൈറുവും മേഴ്സിയും സരളയും പെബിതയും ഉമ്മവും ജയശ്രീയും സരോജിനിചേച്ചിയും ഒത്തുകൂടി നേരാനേരങ്ങളിൽ ഭക്ഷണമുണ്ടാക്കി. ഞങ്ങൾക്കും മകന്റെ ചങ്ങാതിമാർക്കും കുടുംബത്തിനും ഭക്ഷണം നൽകി. മക്കളെ നിർബന്ധിച്ച് ഭക്ഷണം കഴിപ്പിച്ചു. ആശ്വാസവാക്കുകൾ പറഞ്ഞു. പോസ്റ്റുമോർട്ടം കഴിഞ്ഞ് ശവം കിട്ടി. കോഴിക്കോട് നിന്ന് മുംബൈ വിമാനത്തിൽ പറഞ്ഞയക്കും വരെ ഹരിതപുരം ഞങ്ങൾക്കൊപ്പം നിന്നു.

ഇപ്പോഴും ഹരിതപുരം ഞങ്ങൾക്കൊപ്പം ഉണ്ട് . അതിനുശേഷം വന്ന ലീനയും ഹീരയും കദീജയും കൂടെയുണ്ട് . കാടും പടർപ്പും കൊണ്ട് കുത്തി മറഞ്ഞുകിടന്ന ആറ് ഏക്കറോളം വരുന്ന സ്ഥലം ഞങ്ങൾ കുറച്ചുപേർ ചേർന്ന് വാങ്ങുന്നത് വളരെ ആകസ്മികമായാണ് . എന്നോടൊപ്പം ഫാറൂഖ് കോളേജിൽ നാല് കൊല്ലക്കാലം ഒരുമിച്ചു പഠിച്ച ലതികാ മിനിയെന്ന ലതയാണ് ഞങ്ങൾ ഹരിതപുരത്ത് സ്ഥലം വാങ്ങാനും വീടുവയ്ക്കാനും കാരണക്കാരിയായത്. ഏറ്റവുമടുത്ത സുഹൃത്താണ് ലത. സാധാരണഗതിയിൽ വിവാഹം കഴിയുന്നതോടെ അവസാനിക്കേണ്ടതാണ് പഴയ സൗഹൃദങ്ങൾ. ലതയുടെ ഭർത്താവ് വിവാഹത്തിനുമുൻപ് വീടുവയ്ക്കാൻ കണ്ടെത്തിയ

സ്ഥലമാണിത്. അങ്ങനെയാണ് അവളുടെ 'ഷാലോമിന്' തൊട്ടു ഞങ്ങളുടെ 'മാനസം' പണിയുന്നത്. ഞങ്ങൾക്കൊപ്പം ഭർത്താവിന്റെ അടുത്ത സുഹൃത്തിന്റെ ഭാര്യയായ ഫൗസിയയും കുടുംബവും ചേർന്നു.

ഹരിതപുരത്ത് വീടെടുക്കുമ്പോൾ പഴയൊരു തറവാടിന്റെ ബാക്കിയായ കുറേ തെങ്ങുകളും നാലഞ്ച് മാവുകളും പ്ലാവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വീടുകൾക്കുള്ള പ്ലോട്ടുകൾ തിരിച്ച് ഗ്വാളിയോർ റയോൺസിലെ ഉദ്യോഗസ്ഥർ വീടുവയ്ക്കാൻ വാങ്ങിയ സ്ഥലമായിരുന്നു അത്. ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയ കാലം, ഓരോരുത്തരായി സ്ഥലം വിറ്റ് കിട്ടുന്ന കാശ് വാങ്ങി പടിയിറങ്ങി. റയോൺസ് കോളനി ഞങ്ങളോരോരുത്തരും കൈവശപ്പെടുത്തിയത് അങ്ങനെയാണ്. ഇരുപതോളം വീട് വയ്ക്കാനുള്ള സ്ഥലം ഞങ്ങൾ പതിനേഴ് വീട്ടുകാർ വീട് വച്ച് ഹരിതപുരമാക്കി. ഇനിയും നാലഞ്ച് വീട് വയ്ക്കാനുള്ള സ്ഥലം പറമ്പായി കിടക്കുന്നു. ഹരിതപുരത്തെ മാറ്റിയെടുത്തത് സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും അസാധാരണമായ ഒരു കൂട്ടായ്മയാക്കി മാറ്റിയതും മുഖ്യമായും ഞങ്ങൾ സ്ത്രീകൾ ആണ്. ഞങ്ങൾ ഏകദേശം സമപ്രായക്കാരാണ് എന്നതും മക്കൾ തമ്മിൽ അടുപ്പം ഉണ്ടാവാനും കാരണമായി. ഒരുമിച്ച് കളിക്കാനും സ്കൂളിൽ പോകാനും കൂട്ടുണ്ടായിരുന്നു എല്ലാവർക്കും. കുണ്ടും കുഴിയും ചെളിയും നിറഞ്ഞ വഴിയായിരുന്നു. സ്വകാര്യ പാർപ്പിടകേന്ദ്രമായതിനാൽ പൊതുവഴി പണിയാൻ കോർപ്പറേഷൻ സഹായം ലഭിക്കുക എളുപ്പമായിരുന്നില്ല. ഞങ്ങളതിന് കാത്തുനിന്നില്ല. ഹരിതപുരത്തെ റോഡ് നിർമ്മാണത്തിൽ ഞങ്ങളെല്ലാവരും പങ്കെടുത്തു. ജോലിക്കാരോടൊപ്പം ഹരിതപുരത്തുകാരും മണ്ണ് ചുമന്നു, വണ്ടി തള്ളി, ഒരുമിച്ച് ഭക്ഷണം ഉണ്ടാക്കി കഴിച്ചു. ഞങ്ങളെ ഒന്നാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച പ്രവർത്തിയായിരുന്നു റോഡുനിർമ്മാണം. പിന്നീട് വന്നവരോട്



**ഹരിതപുരത്തെ റോഡ് നിർമ്മാണത്തിൽ ഞങ്ങളെല്ലാവരും പങ്കെടുത്തു. ജോലിക്കാരോടൊ പ്പം ഹരിതപുരത്തുകാരും മണ്ണ് ചുമന്നു, വണ്ടി തള്ളി, ഒരുമിച്ച് ഭക്ഷണം ഉണ്ടാക്കി കഴിച്ചു. ഞങ്ങളെ ഒന്നാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച പ്രവർത്തിയായിരുന്നു റോഡുനിർമ്മാണം. പിന്നീട് വന്നവരോട് ഞങ്ങളിപ്പോഴും പറയും "ഈ റോഡ് നിർമ്മിച്ചതിൽ ഞങ്ങളുടെ വിയർപ്പും സ്നേഹവുമുണ്ട്".**

ഞങ്ങളിപ്പോഴും പറയും "ഈ റോഡ് നിർമ്മിച്ചതിൽ ഞങ്ങളുടെ വിയർപ്പും സ്നേഹവുമുണ്ട്".

ഈ സൗഹൃദത്തിൽ തിരുവനന്തപുരത്ത് നിന്ന് വന്ന ഗീതയുണ്ട്. ഭർത്താവ് മെഡിക്കൽ കോളേജിലെ ജോലിയിൽ നിന്നും വിരമിച്ചിട്ടും ഹരിതപുരം വിട്ട് പോകാനാവാതെ ഞങ്ങളിൽ ഒരാളായി കഴിഞ്ഞിരിക്കുന്നു. മാഹിക്കാരി നസീമും കണ്ണൂർക്കാരി ലീനയും തിരുവമ്പാടിക്കാരി എയ്ഞ്ചലും തൃശ്ശൂർക്കാരി സരളയും പിന്നെ കോഴിക്കോടിന്റെയും മലപ്പുറത്തിന്റെയും പലഭാഗങ്ങളിൽ നിന്ന് വന്നവരും. ഇന്ന് എവിടെ നിന്ന് വന്നവരെന്ന് ഞങ്ങൾ മറന്നിരിക്കുന്നു.

എന്താവശ്യത്തിനും വീട്ടുകാരോ കുടുംബക്കാരോ വരാൻ കാത്തു നിൽക്കേണ്ടതില്ല. ഞങ്ങളുടെ പറമ്പിലെ വലിയ ഒരു മരം ഒരു പെരുമഴയത്ത് കടപുഴകി അടുത്ത വീടിന്റെ മുകളിലേക്ക് വീണപ്പോൾ എന്റെ വീട്ടുകാരൻ വിവരം അറിഞ്ഞ് എത്തും മുൻപ് മരം വെട്ടി മാറ്റി വെടിപ്പാക്കാൻ, വൈദ്യുതി വീണ്ടുമെത്തിക്കാൻ, ഇരു വീട്ടുകാരേയും ആശ്വസിപ്പിക്കാൻ ഹരിതപുരക്കാരു ണ്ടായിരുന്നു. തിമർക്കുന്ന മഴയത്ത് പലരും ലീവെടുത്ത് ഞങ്ങൾക്കൊപ്പം നിന്നു.

ഹരിതപുരത്തെ കൂട്ടായ്മ സന്തോഷത്തിന്റെയും



**അവരിലൊരാൾ പൂനക്കാരൻ റാം അവിടെ താമസിച്ച തിനടുത്തുള്ള തടാകത്തിൽ നീന്താനിറങ്ങിയപ്പോൾ മുങ്ങി മരിച്ച വിവരമാണ് രണ്ടാംദിവസം ഞങ്ങൾക്കറിയാൻ കഴിഞ്ഞത്. എന്റെ കാൽ തൊട്ടുവന്ദിച്ച് പടിയിറങ്ങിപ്പോയ കുട്ടി. സഹിക്കാൻ പറ്റാതെ തളർന്നുപോയി. മകൻ മരിച്ച പോലെ ഞങ്ങൾ എന്ത് ചെയ്യണമെന്നറിയാതെ കുഴഞ്ഞുപോയി.**

സങ്കടത്തിന്റെയും സന്ദർഭങ്ങളിൽ ഒന്നിച്ച് നിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ മക്കളുടെ വിജയം ഒറ്റക്കല്ല ഞങ്ങൾ ആഘോഷിക്കാറ്. കല്യാണം ഒരു വീട്ടിലേത് മാത്രമല്ല.

മാസാമാസം രണ്ടാം ശനിയാഴ്ച ഏതെങ്കിലുമൊരു വീട്ടിൽ ഞങ്ങൾ ഒന്നിക്കുന്നു. നറുക്കെടുത്തു കിട്ടുന്ന ആ വീട്ടുകാരാണ് ഭക്ഷണം ഒരുക്കുക. ഉണ്ടാക്കുന്നതും വിളമ്പുന്നതും ഞങ്ങൾ ഒന്നിച്ചാണ്. അത്ഭുതകരമായ ഒരു കാര്യം ഹരിതപുരത്ത് വാടകക്കാരായി താമസിച്ച ജെസ്സിയും കുടുംബവും വീടുമാറി പോയിട്ടും ഞങ്ങളുടെ കൂടെ ഇത്തരം ഒത്തുചേരലുകളിലും യാത്രകളിലും വിശേഷദിവസങ്ങളിലും എല്ലാം കൂടെ ഉണ്ടെന്നതാണ്.

ഓണം, വിഷു, ക്രിസ്മസ്, പെരുന്നാൾ ആഘോഷങ്ങളിൽ ഭക്ഷണം പരസ്പരം കൈമാറുന്നു. ആഘോഷങ്ങളെയും അനുഷ്ഠാനങ്ങളെയും പരസ്പരം ബഹുമാനിക്കാൻ മക്കളെയും പേരമക്കളെയും പഠിപ്പിക്കുന്നു. നോമ്പു കാലത്തുള്ള ഒത്തുചേരലുകളിൽ ആ നാളിലെ നറുക്കെടുപ്പ് നോമ്പ് എടുക്കുന്നവർക്ക് കിട്ടിയാൽ അതു സ്വയം സ്വീകരിച്ച് മറ്റു മതത്തിൽപ്പെട്ട ഒരാൾ എല്ലാവർക്കുമായി നോമ്പുതുറ നടത്തുന്നു. അടുക്കളത്തോട്ടങ്ങളിൽ കൃഷിചെയ്തുണ്ടാക്കുന്ന പച്ചക്കറികൾ അങ്ങോട്ടുമിങ്ങോട്ടും കൈമാറുന്നു. മാങ്ങയും ചക്കയും പരസ്പരം കൈമാറാൻ ഇഷ്ടം പോലെയുള്ള പ്രദേശമാണിത്.

ഒക്ടോബർ രണ്ട് ഹരിതപുരത്തുകാർ ഒന്നിച്ചു പ്രവർത്തിക്കുകയും ഒന്നിച്ചുണ്ണുകയും ചെയ്യുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ റോഡ് വൃത്തിയാക്കിയും മരങ്ങൾ നട്ടും എല്ലാം. ഞങ്ങൾ നട്ട കവുങ്ങുകളെല്ലാം കായ്ച്ചിരിക്കുന്നു. റോഡരികിൽ ഇരുവശത്തും നട്ട കറിവേപ്പ് ആർക്കും എപ്പോഴും പറിയ്ക്കാവുന്ന തരത്തിൽ തല ഉയർത്തി നിൽക്കുന്നു. ഹരിതപുരത്തെ കുട്ടികളുടെ കൂട്ടായ്മ ഞങ്ങളുടെ പറമ്പിലെ മരത്തണലിൽ കൂടാരം കെട്ടി ഇരിപ്പിടം ഒരുക്കി . വായിച്ചും പഠിച്ചും കളിച്ചും ഉരുത്തിരിഞ്ഞു വന്നതാണ്. അതിന് 'ഗുരുകുലം' എന്നായിരുന്നു പേരിട്ടത് . ഹരിതപുരത്തെ ഗുരുകുലക്കാർ പഠിച്ച് ജോലി നേടി കല്യാണം കഴിഞ്ഞു ലോകത്തിന്റെ പലയിടങ്ങളിലും ആണ് ഇപ്പോൾ ഉള്ളത്. പക്ഷേ പാർപ്പിടകേന്ദ്രം അവരിൽ വളർത്തിയ ഹരിതാഭ ഇന്നുമുണ്ട്. വർഷത്തിലൊരിക്കൽ ഹരിത പുരത്തുകാർ വിനോദയാത്ര പോകും. കേരളത്തിന്റെ പലയിടങ്ങളിലും, പതിനഞ്ച് കൊല്ലക്കാലത്തിനിടക്ക് ഞങ്ങൾ പല യാത്രകൾ നടത്തിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ ഒരുക്കങ്ങളിലും നടത്തിപ്പിലും പെൺകൂട്ടായ്മ തന്നെയാണ് മുന്നിൽ . ഒരു ഭാഗ്യം , സ്ത്രീകളെ ബഹുമാനിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന ഒരു പുരുഷലോകം ആണ് ഞങ്ങളുടേത് എന്ന താണ്. എല്ലാവരും അങ്ങനെ ആയതും ഒരു അത്ഭുതം.

ഇന്ന് എവിടെ പോയാലും ഹരിതപുരത്തെത്തുകയെന്നത് തീവ്രമോഹമാണ് . മകൾ യാരിയോടൊപ്പം കഴിയാൻ കുറച്ചുനാൾ കാനഡയിൽ പോയി നിന്നത് വലിയ സന്തോഷം തന്നെയായിരുന്നു. പക്ഷേ , ആ സമയങ്ങളിൽ ഹരിതപുരത്തുകാരെ ഞാൻ വല്ലാതെ മിസ് ചെയ്തിരുന്നു എന്നതും ഒരു സത്യമായിരുന്നു . എന്നെക്കാളും ഉമ്മക്ക് പ്രധാനം ഉമ്മയുടെ അയൽവാസികൾ ആണെന്ന് അവൾ അവളുടെ ഉപ്പയോട് ഇടയ്ക്കിടയ്ക്ക് പരിഭവം പറയുമാ യിരുന്നു.


വൈകുന്നേരത്തെ എന്റെ കോലായിലെ കൂടിച്ചേരൽ വല്ലാതെ സന്തോഷം തരുന്ന ഒരു കാര്യമാണ്. ഞങ്ങൾ സ്ത്രീകൾ ആ നേരത്ത് പലതും ചർച്ച ചെയ്യുന്നു. സന്തോഷം പങ്കിടുന്നു. ചെറിയ വരാന്തയാണ് 'മാനസ'ത്തിനുള്ളത് . എന്നാൽ ഞങ്ങളുടെ വീടിനു മുന്നിലെ പച്ചപ്പുൽത്തകിടിയിലേക്ക് ആ ചെറിയ വരാന്തയിൽ നിന്ന് ഞങ്ങളുടെ സൗഹൃദത്തിന്റെ നന്മയും സന്തോഷവും ഇഴഞ്ഞിറങ്ങുന്നു . അത് ഏത് ഇരുളും തകർക്കാനാവുന്ന പ്രകാശമാണ്.



സെറിൻ എൻ.പി.
*പ്രിൻസിപ്പൽ കൗൺസിലർ*
*കുടുംബകോടതി*

# സൗഹൃദ സഞ്ചാരങ്ങളുടെ അപ്പൂപ്പൻതാടികൾ

കടൽക്കരയിൽ ഉള്ള കോഴിക്കോട് ടൗണിൽനിന്ന് കുന്നിൻചെരുവിൽ ഉള്ള നാഗാലാൻഡിലെ കോണോമോ ഗ്രാമത്തിലേക്കുള്ള യാത്രയ്ക്കു ഒരുങ്ങിയ രേഷ്മയും ഞാനും ഈ രണ്ടു സ്ഥലങ്ങളെ പോലെ വ്യത്യസ്തരാണ് . നീണ്ടു പരന്ന ഞാനും നീളം കുറഞ്ഞു ഉരുണ്ട രേഷ്മയും രൂപത്തിൽ മാത്രമല്ല സ്വഭാവത്തിലും വ്യത്യാസങ്ങളില്ലാത്തവരല്ല. എന്നാൽ സാദൃശ്യവും വ്യത്യാസവും സൗഹൃദത്തിന്റെ അളവുകോലോ അടിസ്ഥാനയോഗ്യതയോ അല്ലായെന്നത് തികച്ചും വാസ്തവം. കാരണം ഗഹനമായ സൗഹൃദത്തിന്റെ ഒരു ഇഴയടുപ്പം ഞാനനുഭവിക്കുന്നു . രേഷ്മ എന്റെ ബാല്യകാല സുഹൃത്തൊന്നുമല്ല. യുവത്വത്തിലേക്ക് കടന്നതിനു ശേഷം ആണ് ഞങ്ങൾ പരിചയപ്പെടുന്നത് പോലും. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് സാഹിത്യം പഠിക്കാൻ ഒരേ ക്ലാസിലെത്തുകയും അതുപേക്ഷിച്ച് സോഷ്യൽ വർക്കിൽ ബിരുദാനന്തരബിരുദം നേടാനുള്ള എൻട്രൻസ് കടമ്പകൾ കടന്ന് ഒരേ ക്ലാസ്സിൽ ഒരേ റൂമിൽ രണ്ടുവർഷം ഒത്തുകൂടിയ രണ്ട് വ്യക്തികളുടെ അടുപ്പത്തിന് നമ്മുടെ മനസ്സിലെ ധാരണവേരുകളുമായി പലപ്പോഴും



ബന്ധമുണ്ട്. ഒരുപക്ഷേ ആ ധാരണാപ്പൊരുത്തം കൊണ്ടാവാം  ഞങ്ങളുടെ കൂട്ടു കെടാതെ തെളിഞ്ഞിരിക്കുന്നത്.  എം.എസ്.ഡബ്ല്യു വിനു ശേഷം കുറച്ചുകാലം ജോലി . പിന്നെ രണ്ടുപേരും ഗവേഷണത്തിൽ വ്യാപൃതരായി. എനിക്കാണെങ്കിൽ കുഞ്ഞുകുട്ടി പരാധീനതകളുമായി. രേഷ്മയുടെ ഗവേഷണങ്ങൾ കടൽ കടന്നു പോയി . എന്നിട്ടും നിലനിൽക്കുന്നു സൗഹൃദം.

സൗഹൃദങ്ങൾക്ക് വല്ലാത്തൊരു ആകർഷണമാണ്. ഏതുപ്രായത്തിലും. നമ്മുടെ ജീവിതത്തിൽ ബന്ധങ്ങൾ പലതും ഉണ്ട് . സൗഹൃദം ഒഴികെയുള്ള മിക്ക ബന്ധങ്ങളിലും വ്യവസ്ഥകളും കടമകളും അവകാശങ്ങളും അടിവരയിട്ടു നിലനിൽക്കുന്നതാണ്. ചിന്തയെ അളക്കുകയോ വാക്കുകളെ തൂക്കുകയോ ചെയ്യാതെ വാക്കുകൾക്കതീതമായ സുരക്ഷിതമായ സുഖാവസ്ഥ മറ്റൊരു വ്യക്തിയുമായി അനുഭവിക്കുന്നതിനെയാണ്  സൗഹൃദമായി പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരി George Elliot വീക്ഷിക്കുന്നത്. സൗഹൃദം വിശദീകരിക്കുവാനല്ല അനുഭവിക്കാനാണ് സാധിക്കുക. സ്ത്രീകളെ സംബന്ധിച്ചു സൗഹൃദങ്ങൾ വളരെ വിലപ്പെട്ടതാണ് . അത് സ്ത്രീ സൗഹൃദങ്ങൾ ആണെങ്കിൽ അനായാസമായ സ്വീകാര്യതയുടെ സ്വാതന്ത്ര്യവും ചേരുന്നു . പലപ്പോഴും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾക്കിടയിൽ സൗഹൃദങ്ങൾക്ക് വേണ്ടത്ര സമയമോ പ്രാധാന്യമോ കൊടുക്കാൻ സാധിക്കാതെ വരാറുണ്ട് . സൗഹൃദങ്ങളുടെ അഭാവം പല സ്ത്രീകളെയും ഒറ്റപ്പെടുത്താറുണ്ട്. വൈശിഷ്ട്യമുള്ളതും സമ്മർദ്ദമുള്ളതുമായ ഒരു പാട് കാര്യങ്ങൾ നിറഞ്ഞതാണ് നമ്മുടെ ജീവിതം. ഇതിനിടയിലുള്ള ജീവിതയാത്ര ആരോഗ്യപരമായി മുന്നോട്ടു നയിക്കുവാൻ സുഹൃത്തുക്കളുടെ സാന്നിധ്യം സഹയാത്രികയുടെതുപോലെ തുണയാണ്. നമ്മളൊക്കെ കുടുംബയാത്രകൾ നടത്താറുണ്ട്. കുടുംബാംഗങ്ങളുമായി ഒത്തു കൂടാൻ ഉള്ള അവസരമാണ്. അതേസമയം യാത്രയുടെ തയ്യാറെടുപ്പ് മുതൽ മടങ്ങിയെത്തി വീട് പഴയ നിലയിൽ ആക്കുന്നത് വരെയുള്ള ബദ്ധപ്പാടും ഉത്തരവാദിത്തവും പലയിടത്തും സ്ത്രീകൾക്കു മാത്രമാണ്. യാത്ര ആസ്വദിക്കാൻ മാത്രമായും യാത്രയുടെ സ്വാതന്ത്ര്യം ഉൾക്കൊള്ളാൻ മാത്രമായും അവസരം നോക്കി നടന്ന എനിക്ക് കൂട്ടായത് എന്റെ പ്രിയപ്പെട്ട സ്ത്രീ സുഹൃത്തു തന്നെ.

അങ്ങനെ രേഷ്മയും ഞാനും ഗുവാഹത്തി, നാഗാലാൻഡ്, ഷില്ലോംഗ്  തുടങ്ങിയ കിഴക്കൻ പ്രദേശത്തേക്ക് യാത്രപുറപ്പെട്ടു. നാഗാലാൻഡ് യാത്രയ്ക്ക് സ്ത്രീകളുടെ സ്വന്തം യാത്രാസംഘം ആയ 'അപ്പൂപ്പൻതാടി'യുമായി  ഞങ്ങൾ ചേർന്നു. ഒമ്പത് സ്ത്രീകളോടൊത്തുള്ള ആ യാത്ര ഒരു പ്രത്യേക അനുഭവമായിരുന്നു. സ്വതന്ത്രമായി യാത്ര ആസ്വദിക്കുന്നതോടൊപ്പം 'അപ്പൂപ്പൻതാടി' കൂടുതൽ സ്ത്രീ സൗഹൃദങ്ങൾക്കും വഴിവെച്ചു. രേഷ്മയോടൊത്തുള്ള ഈ സഞ്ചാരം പുതിയ സഞ്ചാര ആഗ്രഹങ്ങളുണ്ടാക്കി . അതിന്റെ തയ്യാറെടുപ്പുകളിലൂടെ ഓടി തൽക്കാലത്തേക്ക് യാത്ര അവസാനിപ്പിച്ചു.

രേഷ്മ സഞ്ചരിക്കുന്ന വഴികളിൽ ഞാൻ നടന്നിട്ടില്ല . എന്റെ രീതികൾ രേഷ്മയുടേതുമല്ല. എന്നാൽ എന്റേത് ശരിയെന്നോ നിന്റേത് തെറ്റെന്നോ ഞങ്ങൾ ചിന്തിക്കാറുപോലുമുണ്ടെന്നു തോന്നുന്നില്ല. പരസ്പര ബഹുമാനം, ധാരണാപ്പൊരുത്തം തുടങ്ങി ആത്മാർത്ഥ സ്ത്രീ സൗഹൃദങ്ങളുടെ ഉൾക്കരുത്ത് ഞങ്ങളും അനുഭവിക്കുന്നുണ്ടാവാം. സ്ത്രീപുരുഷ സൗഹൃദങ്ങളിലും ഇതുണ്ടാവാം. പക്ഷേ സ്ത്രീപുരുഷ മനഃശാസ്ത്രത്തിന്റെ വ്യത്യാസങ്ങളുടെ സൂചിമുനകൾ ചെറിയ കുത്തുകളെങ്കിലും സൗഹൃദത്തിൽ ഉണ്ടാക്കാനുള്ള സാധ്യതയുണ്ട് . സൗഹൃദത്തിന്റെ നൂലിഴകളിൽ അത് ചിലപ്പോഴൊക്കെ വിടവുകൾ ഉണ്ടാക്കാറുണ്ട്. ഹൃദയങ്ങൾക്കിടയിലെ നൂൽ മിതമായി അയഞ്ഞിരിക്കണം. വലിവോ അയവോ കൂടിയാൽ അപസ്വരമുണ്ടാവും . കൂടാതെ സ്ത്രീ സൗഹൃദങ്ങൾക്ക് മറകളില്ലായെന്നൊരു സുഖാവസ്ഥയുമുണ്ട്. എല്ലാ സൗഹൃദങ്ങളും ഈ തലത്തിലെത്തണമെന്നില്ല. രേഷ്മയെന്ന എന്റെ സുഹൃത്തിന്റെ മുമ്പിൽ എനിക്കു മറകളില്ല എന്നുറപ്പുണ്ട്. എന്നെ പച്ചയായി തുറന്നു കാണിക്കാനുള്ള ഒരു വിശ്വാസം അനുഭവപ്പെടാറുണ്ട്. സ്ത്രീസൗഹൃദത്തിന്റെ സ്വന്തം പ്രത്യേകതയല്ലേയിത്!

രേഷ്മയുടെയും എന്റെയും സൗഹൃദം വ്യക്തിപരമാണ് . അതിനെ ഇങ്ങനെ തുറന്നു കാണിക്കണോ എന്ന് എന്റെ മനസ്സിൽ ആശങ്കയുണ്ടായിരുന്നു. പക്ഷേ, എന്റെ സന്തോഷത്തിന്റെ ആഴത്തിനു കാരണം പോലും മറകളില്ലാത്ത ഒരു രീതിയാണെങ്കിൽ അത് തുറന്നെഴുതുന്നത് ശരിയാണെന്ന് മനസ്സ് പറഞ്ഞു . ഇപ്പോഴാണ് ഈ ബന്ധത്തെ വിശകലനം ചെയ്യുന്നത്. അതിന്റെയുള്ളിൽ ഇത്തരം കാര്യങ്ങൾ ഒളിഞ്ഞിരുന്നു എന്നുപോലും എനിക്കറിയില്ലായിരുന്നു. സൗഹൃദത്തിന്റെ ഉള്ള പൊള്ളയല്ല. പൊള്ളയായവ വലിയ ബഹളങ്ങൾ ഉണ്ടാക്കിയേക്കും .എന്നാൽ ഉള്ളിൽ കാമ്പുള്ളതിനാണ് ബലം എന്നത് സത്യം . സ്ത്രീ സൗഹൃദം  പോലെ.



കെ.എ. ബീന
*എഴുത്തുകാരി*

# മടങ്ങി വന്ന മിഹ്റിൻ

**അ**ന്യരാജ്യത്ത് കളഞ്ഞുപോയ ചങ്ങാതിയെ തിരിച്ചുകിട്ടാൻ എന്തു ചെയ്യണം?

നിസ്സഹായതയോടെ ആ നഷ്ടത്തിന് മുന്നിൽ തല കുനിക്കാം, നിരാശപ്പെടാം, എന്നിട്ട് സ്വന്തം ജീവിതത്തിന്റെ കുത്തൊഴുക്കിൽപെട്ടുഴലാം.

അല്ലെങ്കിൽ മാതൃഭൂമി പത്രാധിപസമിതിയംഗമായിരുന്ന പ്രിയസുഹൃത്ത് (അന്തരിച്ച) വി. രാജഗോപാലിനെപ്പോലെ മോസ്കോവിന്റെ പ്രാന്തനഗരത്തിലേക്ക് വണ്ടികയറാം, പണ്ടൊരിക്കൽ ചങ്ങാതിയുമൊത്ത് പോയ വീട് തേടി അലഞ്ഞുനടക്കാം. വഴി മറന്നുപോയി കണ്ടുപിടിക്കാൻ കഴിയാത്ത ചങ്ങാതിയെ ഓർത്ത് നനഞ്ഞ കണ്ണുകളോടെ മടങ്ങാം.

മിഹ്റിനെക്കുറിച്ച് ഞാനും ഇങ്ങനെയൊക്കെ കരുതിയിട്ടുണ്ട്. നാൽപ്പതു വർഷം മുമ്പ് രണ്ട് രാജ്യങ്ങളിൽ നിന്ന് മൂന്നാമതൊരു രാജ്യത്തുവെച്ച് കണ്ടുമുട്ടിയ രണ്ട് പെൺകുട്ടികൾ പിരിയുമ്പോൾ വാക്കു നൽകിയിരുന്നു, ഒരിക്കലും മറക്കില്ലെന്ന്, പരസ്പരം നൽകിയ സ്നേഹവും സമ്മാനങ്ങളും മരിക്കുംവരെ കൈവിടില്ലെന്ന്.

1977-ലായിരുന്നു അത്. അന്ന് 13 വയസ്സ് പ്രായമായിരുന്നു ഞങ്ങൾക്ക്. സോവിയറ്റ് യൂണിയനിലെ ഉക്രിയിനിലെ ക്രിമിയാ പട്ടണത്തിൽ നടന്ന കുട്ടികളുടെ അഖിലലോക ക്യാമ്പായ "ആർത്തേക്കി"ൽ പോയതായിരുന്നു ഞങ്ങൾ. മുൻമന്ത്രി ബിനോയ് വിശ്വം നേതാവായിരുന്ന 16 അംഗ ഇന്ത്യൻ സംഘത്തിലെ അംഗമായിരുന്നു ഞാൻ. മിഹ്റിൻ അന്ന് സോവിയറ്റ് യൂണിയനിൽ അംഗമായിരുന്ന താജ്കിസ്ഥാനിൽ നിന്നാണ് ക്യാമ്പിലെത്തിയത്. കരിങ്കടൽത്തീരത്ത് വച്ച് കണ്ടുമുട്ടിയ വേളയിൽത്തന്നെ ഇഷ്ടത്തിൽപ്പെട്ടുപോയ ഞങ്ങൾ അവിടെ ഉണ്ടായിരുന്ന ഒന്നര മാസവും ഒരുമിച്ച് തന്നെ നടന്നു, കളിച്ചു, ഒരുമിച്ച് കുസൃതികൾ കാട്ടി. വഴക്കുകൾ കേട്ടു, കരഞ്ഞു, ചിരിച്ചു.

അവൾ അതിസുന്ദരിയായിരുന്നു, കറുത്തിരുണ്ട്

നീണ്ടമുടി ചെറിയ ചെറിയ പിന്നലുകളായി പിന്നിയിട്ട് നടക്കുന്ന, മുഖംനിറയെ ചിരിയുള്ള മിഹ്‌റിന് പിങ്ക് നിറമായിരുന്നു. മനോഹരമായ പല്ലുകൾ, തിളങ്ങുന്ന കണ്ണുകൾ, മെലിഞ്ഞ ശരീരം. അവൾക്കും എനിക്കും പൊതുവായി ചിലത് ഉണ്ടായിരുന്നു. സ്നേഹിക്കാനുള്ള സന്നദ്ധത, അന്യോന്യം അംഗീകരിക്കാനുള്ള മനസ്സ്. കുസൃതികാട്ടാനും, എന്തും ആഘോഷിക്കാനുമുള്ള വിരുത്. ഞങ്ങൾ ഒരുമിച്ച് നൃത്തം ചെയ്തു, പാട്ടുകൾ പാടി.





പുസിഗ്ദാ ബൂജിത് സോംസെ
പുസിഗ്ദാ ബൂജിത് ന്യേബ
പുസിഗ്ദാ ബൂജിത് മാമ
പുസിഗ്ദാ ബൂദൂ യാ
(എന്നും സൂര്യൻ പ്രകാശിക്കട്ടെ
എന്നും നീലാകാശം നിലനിൽക്കട്ടെ
എന്നെന്നും അമ്മ ഉണ്ടായിരിക്കട്ടെ
എന്നു ഈ ഞാൻ ഉണ്ടായിരിക്കട്ടെ)

അവളെന്നെ റഷ്യൻ പാട്ടുകൾ പഠിപ്പിച്ചു. ഞാനവളെ 'ബോബി' സിനിമയിലെ ഹിന്ദി പാട്ടുകൾ പഠിപ്പിച്ചു."മേ ഷായർ തോ നഹീം" എന്നും "ഝൂട്ട് ബോലേ കൗവാ കാട്ടേ" എന്നും അവൾ റഷ്യൻ ഹിന്ദിയിൽ പാടി. ഋഷി കപൂർ ആയിരുന്നു അവളുടെ താരം. ഇഷ്ട സിനിമ 'ബോബി' യും. ആംഗ്യത്തിലൂടെ, ദ്വിഭാഷികളുടെ സഹായത്തോടെ ഞങ്ങൾ മിണ്ടിക്കൊണ്ടേയിരുന്നു. അവളുടെ അമ്മയ്ക്കും അമ്മയുടെ ചേച്ചിയ്ക്കും കത്തയയ്ക്കുമ്പോഴൊക്കെ അവൾ എന്നെക്കുറിച്ച് എഴുതി. മറുപടിക്കത്തുകളിൽ അവർ എനിക്ക് സ്നേഹം പങ്കുവെച്ചു. പിരിഞ്ഞപ്പോൾ ഞങ്ങൾ പൊട്ടിക്കരഞ്ഞു. "ഈ ദസ് വിദാനിയ (ഗുഡ്ബൈ). വീണ്ടും കണ്ടുമുട്ടാനുള്ളതാണ്" എന്ന് പറഞ്ഞവൾ എന്നെ കെട്ടിപ്പിടിച്ചുമ്മവച്ചു.

മടങ്ങിവന്ന ഞാൻ റഷ്യൻ ഭാഷ പഠിച്ചു. അവൾക്ക് കത്തെഴുതി – ആശംസാ കാർഡുകൾ, പിറന്നാൾ കാർഡുകൾ, സ്നേഹം പിശുക്കില്ലാതെ പങ്കുവയ്ക്കാനുള്ളതും സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ളതും ആണെന്ന് ഉറപ്പുള്ള സുഹൃത്തുക്കളായിരുന്നു ഞങ്ങൾ. പിന്നീടെപ്പോഴോ ഗ്ലാസ്നസ്തിന്റെയും പെരിസ്ട്രോയിക്കയുടെയും രൂപത്തിൽ കൊടുങ്കാറ്റടിച്ചു. സോവിയറ്റ് യൂണിയൻ ചിന്നിച്ചിതറി. മിഹ്‌റിൻ നിശ്ശബ്ദതയായി മാറി.

തുടക്കത്തിൽ കഠിനമെന്ന് തോന്നിയ ആ നിശ്ശബ്ദതയെ അംഗീകരിച്ച് ഞാനും ജീവിതത്തിന്റെ തിരക്കുകളിൽ മുഴുകി.



മോസ്കോ യാത്രയും, ഉക്രയിൻ റിപ്പബ്ലിക്കിലെ ക്രിമിയയിൽ ഞങ്ങൾ പങ്കെടുത്ത ആർത്തേക്ക് ക്യാമ്പിലെ ഒന്നരമാസത്തെ ജീവിതവും ഉൾപ്പെടുത്തി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'ബീന കണ്ട റഷ്യ' പരമ്പരയായി പ്രസിദ്ധീകരിച്ചു. ഡി.സി.ബുക്സ് അത് പുസ്തകമാ



കളഞ്ഞുപോയ അഡ്രസ്സ് എനിക്ക് നൽകാനില്ലായിരുന്നു.

ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അന്ന് അർദ്ധരാത്രി ഷെറാഫത്ത് എന്റെ ഹോസ്റ്റൽ മുറിയുടെ വാതിലിൽമുട്ടി:

"ഞാൻ നിങ്ങളുടെ റഷ്യൻ യാത്രയെക്കുറിച്ച് ഡോക്യുമെന്ററി ചെയ്യാൻ പോകുന്നു. അതുവഴി മിഹ്റിനെ കണ്ടെത്താൻ കഴിയുമെങ്കിൽ അതിലേറെ സന്തോഷമുള്ള മറ്റെന്താണ്?"

അങ്ങനെ എഫ്.റ്റി.ഐ.ഐ.യുടെ ബാനറിൽ അവൾ "നെവർലാന്റ്" എന്ന 10 മിനിട്ട് ഡോക്യുമെന്ററി നിർമ്മിച്ചു. 1977-ൽ ഞങ്ങൾ ആർത്തേക്കിൽ പോയ സമയത്തെ ദൃശ്യങ്ങൾ ഒക്കെ ഉക്രയിനിൽ നിന്ന് സംഘടിപ്പിച്ച് ഡോക്യുമെന്ററിയിൽ ചേർത്തു. ആ ഡോക്യുമെന്ററി ഷെറാഫത്തിന് ഒരുപാട് അംഗീകാരങ്ങൾ നേടിക്കൊടുത്തു. കൊസാവോ ഫിലിം ഫെസ്റ്റി

മിഹ്റിന്റെ പിൽക്കാല ചിത്രം

ക്കി. ഇന്നും അതിന്റെ പതിപ്പുകൾ പുറത്തുവരുന്നു. അന്നും ഇന്നും 'ബീന കണ്ട റഷ്യ' വായിക്കുന്നവർ താൽപ്പര്യപൂർവ്വം ചോദിക്കുന്നത് മിഹ്റിനെ ക്കുറിച്ചാണ്:

"ആ മിഹ്റിൻ, ആ കുസൃതിക്കുട്ടി ഇപ്പോൾ എന്തു ചെയ്യുന്നു?"

അതെന്റെയും ചോദ്യമായിരുന്നു:

"അവൾ എവിടെ, എന്തു ചെയ്യുന്നു?"

2010-ൽ പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിലിം അപ്രീസിയേഷൻ കോഴ്സിൽ പങ്കെടുക്കുമ്പോൾ ഒരുച്ചയ്ക്ക് ക്യാമ്പസ്സിനുള്ളിൽ കണ്ട ഒരു പെൺകുട്ടി എന്നിൽ മിഹ്റിന്റെ ഓർമ്മയുണർത്തി. കടന്നുപോയ ആ പെൺകുട്ടിയുടെ അടുത്തേക്ക് ഞാനോടി.

സ്വയം പരിചയപ്പെടുത്തുമ്പോൾ അവൾ പറഞ്ഞു:

"ഞാനിവിടെ സംവിധാനം പഠിക്കുന്നു. താജ്കിസ്ഥാനിൽ നിന്നാണ്, പേര് ഷെറാഫത്ത് അർബോവ."

ഞാൻ തിടുക്കത്തിൽ ചോദിച്ചു:

"മിഹ്റിനെ അറിയുമോ? മെഹ്റുന്നീസ എന്നാണ് ശരിയായ പേര്.താജ്കിസ്ഥാനിൽ ആണ്."

"മിഹ്റിൻ, മെഹ്റുന്നീസ - അതവിടുത്തെ സാധാരണ പേരാണ്. ഇന്ത്യയിലെ ഗീത പോലെ. എനിക്കൊരുപാട് മെഹറുന്നീസമാരെ അറിയാം".

എന്റെ മിഹ്റിൻ അവരിൽ ആരായിരിക്കും?

കുട്ടിക്കാലത്തെ മിഹ്റിന്റെ ഫോട്ടോ ഞാനവളെ കാണിച്ചു.

അവൾ നിസ്സഹായതയോടെ തലയാട്ടി.

"അഡ്രസ്സ്?"

ഒരുപാട് വീടുമാറ്റങ്ങൾക്കിടയിൽ എവിടെയോ



വൽ, വിജി.ഐ.കെ ഫിലിം ഫെസ്റ്റിവൽ, മുംബൈ ഫിലിം ഫെസ്റ്റിവൽ തുടങ്ങി ലോകത്തിന്റെ പല ഭാഗങ്ങളിലെ ഫിലിം ഫെസ്റ്റിവലുകളിൽ 'നെ വർലാന്റ്' പ്രദർശിപ്പിക്കപ്പെട്ടു.

കാഴ്ചക്കാരിൽ മിഹ്റിനോ, അവളെ അറിയുന്ന വരോ വരുമെന്ന അവളുടെ പ്രതീക്ഷ സഫലീകരിച്ച തേയില്ല. ഓരോ പ്രദർശനവും കഴിയുമ്പോൾ അവൾ ഫേസ്ബുക്കിലൂടെ മെസേജിട്ടു:

"വരും, വരാതിരിക്കില്ല, പ്രതീക്ഷ വിടണ്ട മാഡം".

ഇക്കഴിഞ്ഞ ഡിസംബർ 10 നു ഫേസ്ബുക്കിൽ ഞാനൊരു പോസ്റ്റിട്ടു. മിഹ്റിൻ മടങ്ങി വരും എന്ന്..വെറുതെ അങ്ങനെ തോന്നി.

ഡിസംബർ 19 നു താജിക്കിസ്ഥാനിലെ ദുഷാൻബെ എന്ന പട്ടണത്തിൽ അമ്മയുടെ കൂട്ടുകാരി മറിയത്തിന്റെ മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ അമ്മയോടൊപ്പം പോയതാണ് ഷെറാഫത്ത്. അവിടുത്തെ രീതിയനുസരിച്ച് മരിച്ചയാളുടെ ബന്ധുക്കളും സുഹൃത്തുക്കളും മരണം നടന്ന് ഏഴാം ദിവസം ഒന്നിച്ച് ചേരുമ്പോൾ മരിച്ചയാളെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കും. ഓർമ്മകൾ പങ്കുവച്ചവരിൽ ഒരു സ്ത്രീ അവരുടെ അമ്മയുടെ സഹോദരി തന്റെ വളർച്ചയിൽ വലിയ പങ്കുവഹിച്ച കാര്യം ഓർമ്മിച്ചു.



1977-ൽ ഉക്രയിനിലെ ക്രിമിയയിൽ നടന്ന 'ആർത്തേക്ക്' ക്യാമ്പിൽ താൻ പങ്കെടുക്കാൻ കാരണം മരിച്ചുപോയ തന്റെ ഈ വല്യമ്മയായിരുന്നു എന്നും അവൾ കൂട്ടിച്ചേർത്തു.

ഷെറാഫത്ത് എഴുതുന്നു:

"1977, ആർത്തേക്ക് - യഥാർത്ഥ മിഹ്റിനെ കണ്ടെത്താൻ ഈ സ്ത്രീ വഴി കഴിയുമെന്ന് എനിക്ക് തോന്നി. ഞാനവരുടെ അടുത്തുചെന്നു ചോദിച്ചു:

"പേര്?"

"മിഹ്റിൻ" അവൾ അലസമായി മറുപടി പറഞ്ഞു.

"മെഹ്റുന്നീസ?" ഷെറാഫത്ത് ചോദിച്ചു.

"അതെ" യെന്ന് അവൾ തലയാട്ടി.

ഷെറാഫത്ത് അമ്മയോട് പറഞ്ഞു:


"ഇതാണ് നമ്മൾ തേടി നടന്ന മിഹ്റിൻ".

അമ്മയ്ക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

സുഹൃത്തിന്റെ മകളായ ഈ മിഹ്റിനെ എത്രയോ നാളായി അമ്മ കാണുന്നുണ്ട്. ഡോക്യുമെന്ററിയിലെ പെൺകുട്ടി ഇവളാണെന്ന് കരുതിയതേയില്ലല്ലോ.

ഷെറാഫത്ത് മിഹ്റിനോട് ചോദിച്ചു:

"ബീന എന്ന് പേരുള്ള ഒരു ഇന്ത്യൻ പെൺകുട്ടി ക്യാമ്പിലുണ്ടായിരുന്നത് ഓർമ്മയുണ്ടോ?"





ബീന എന്ന പേര് കേട്ടപ്പോൾ മിഹ്റിൻ പരിസരം മറന്ന് ഉച്ചത്തിൽ നിലവിളിച്ചു എന്ന് ഷെറാഫത്ത് പറയുന്നു:

"ബീന - ദൈവമേ ബീന! ഓർമ്മയുണ്ടോ എന്നോ - എപ്പോഴും ഓർക്കാറുണ്ട്. ബീന തന്ന വൈക്കോൽ കൊണ്ടുണ്ടാക്കിയ നൃത്തം ചെയ്യുന്ന ദൈവത്തിന്റെ പടവും ഋഷികപൂറിന്റെയും ഡിമ്പിൾ കപാഡിയയുടെയും പടവും



ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്. ബീനയുടെ ഫോട്ടോ എപ്പോഴും എടുത്തു നോക്കാറുണ്ട്".

ഷെറാഫത്ത് കഥകൾ പറഞ്ഞു, മിഹ്റിനും. നാല് ദശാബ്ദം നീണ്ട കാത്തിരിപ്പിന്റെ കഥ. അന്ന് ഡിസംബർ 19 ആയിരുന്നു. മിഹ്റിന്റെ പിറന്നാൾ ദിവസം! ഷെറാഫത്ത് ഉജ്ജ്വലമായി തന്നെ കാര്യങ്ങൾ മുന്നോട്ടു നീക്കി. അവൾ മിഹ്റിന്റെ വീട്ടിൽ പോയി. അവളുടെ ഫോട്ടോകളെടുത്ത് എനിക്കയച്ചു. എന്റെ ഫോട്ടോകൾ അവൾക്കും കൊടുത്തു. മിഹ്റിന്റെ പഴയപെട്ടിയിൽ ആർത്തേക്ക് ഓർമ്മകൾ മുഴുവൻ ഭദ്രമായി ഉണ്ടായിരുന്നു. ഞാൻ കൊടുത്ത സമ്മാനങ്ങൾ, ഞാനെഴുതിക്കൊടുത്ത അഡ്രസ്, പോസ്റ്റ്കാർഡുകൾ, വൈക്കോൽ കൊണ്ടുണ്ടാക്കിയ നടരാജ ചിത്രം, ക്യാമ്പ് ചിത്രങ്ങൾ - എല്ലാത്തിനും നടുവിലിരുന്ന് മിഹ്റിൻ ഓർമ്മകളിൽ പരതുന്ന ചിത്രവും ഷെറാഫത്ത് അയച്ചുതന്നു. മിഹ്റിൻ ഇപ്പോൾ ഡോക്ടറായി പണിയെടുക്കുന്നു. രണ്ട് മക്കൾ - 23 വയസ്സുകാരൻ മൂത്തമകൻ പ്രശസ്തനായ പാട്ടുകാരൻ, 16 വയസ്സുള്ള ഇളയ മകൻ




അക്കൗണ്ടിംഗ് പഠിക്കുന്നു. വിവാഹമോചിതയായ മിഹ്റിനിപ്പോൾ സങ്കടത്തിലാണ്. അമ്മയും പ്രിയപ്പെട്ട വല്യമ്മയും അടുത്തടുത്ത് മരിച്ചു. ഇപ്പോഴും ഇംഗ്ലീഷറിയാത്ത മിഹ്റിന് ഇന്റർനെറ്റും ഫേസ്ബുക്കുമൊന്നും പിടിയില്ലെന്ന് ഷെറാഫത്ത് പറയുന്നു.

"നഷ്ടപ്പെട്ട മിഹ്റിൻ" എന്ന പേരിൽ 2010-ൽ മാതൃഭൂമി വാരാന്ത്യപ്പതിപ്പിൽ ഞാനൊരു ലേഖനം എഴുതിയിരുന്നു. അത് കിട്ടിയ ഉടൻ അന്ന് വാരാന്ത്യപ്പതിപ്പിന്റെ ചാർജ്ജ് വഹിച്ചിരുന്ന രാജഗോപാൽ എന്നെ വിളിച്ചു:

"സമാനമായ ഒരനുഭവം എനിക്കുമുണ്ട്. ആ സുഹൃത്തിനെത്തേടി ഞാൻ മോസ്കോയിൽ ഒരുപാട് അലഞ്ഞിട്ടുണ്ട്. ബീനയുടെ കൂട്ടുകാരി മടങ്ങിവരും."

മിഹ്റിൻ മടങ്ങിവന്നപ്പോൾ ഞാനാദ്യം ഓർത്തത് രാജഗോപാലിനെയാണ്. ഈ വാർത്ത കേൾക്കാൻ സന്തോഷം പങ്കുവയ്ക്കാൻ ആ ചങ്ങാതി കാത്തുനിന്നില്ല.

ഏതായാലും അടുത്ത യാത്ര താജിക്കിസ്ഥാനിലെ ദുഷാൻബെയിലെക്കാണ്. അവിടെ മിഹ്റിൻ കാത്തിരിക്കുന്നുണ്ട്, അവളുടെ അടുത്തേക്ക് കൊണ്ടുപോകാനും, പരസ്പരം മിണ്ടുമ്പോൾ പരിഭാഷപ്പെടുത്തിത്തരാനും ഷെറാഫത്ത് അർബോവയും കാത്തിരിക്കുന്നു. പറഞ്ഞു തീർക്കാൻ നാലു ദശാബ്ദക്കാലത്തെ വിശേഷങ്ങളുണ്ട്...

കുട്ടിക്കഥയോ യക്ഷിക്കഥയോ പോലെ മനോഹരമായതൊക്കെ ജീവിതത്തിലും സംഭവിക്കാറുണ്ടല്ലേ!





**ശ്രീനിധി കെ.എസ്.**
*ഗവേഷക, ഐ.ഐ.ടി.ബോംബെ*

# ഏഴുമണി ട്രയിനിലെ ലേഡീസ് കംപാർട്മെന്റ്

ഏഴുമണി ട്രയിനിലെ ലേഡീസ് കംപാർട്മെന്റ്
ആൾത്തിരക്കേറിയ ചന്തയായിരുന്നു...

കുപ്പിവളകളും മുത്തുമാലകളും
ചാന്തു കണ്മഷി ഡപ്പികളുമായി
ചെട്ടിച്ചിക്കൊട്ടയാണ് ആദ്യം കയറുക...

തിക്കിക്കയറിയ വാഴയിലപ്പൊതികളിൽ
വിരിഞ്ഞ മുല്ലപ്പൂമാലകളും
വിരിയാത്ത മുല്ലമൊട്ടുമാലകളും...

കൂടെക്കയറിയ പലഹാരക്കൊട്ടയിൽ
അച്ചപ്പവും അരിമുറുക്കും
കുശുമ്പ് പറഞ്ഞിരിക്കും...

ഏഴുമണി ട്രയിനിലെ ലേഡീസ് കംപാർട്മെന്റ്
ക്രയവിക്രയങ്ങൾ നടക്കുന്ന ചന്തയായിരുന്നു...

കുപ്പിവളപ്പൊട്ടിന്റെ മൂർച്ച കൊടുത്ത്
അച്ചപ്പത്തിന്റെ  മധുരം വാങ്ങും...

അരിമുറുക്കിന്റെ കടുപ്പം കൊടുത്ത്
മുല്ലമൊട്ടിന്റെ മണം വാങ്ങും...

മുല്ലപ്പൂവെളുപ്പ് കൊടുത്ത്
കണ്മഷിക്കറുപ്പ് വാങ്ങും...

ഏഴുമണി ട്രയിനിലെ ലേഡീസ് കംപാർട്മെന്റ്
അപ്രത്യക്ഷമാകുന്നവയുടെ ചന്തയായിരുന്നു...

കുപ്പിവളക്കൊട്ടക്കടുത്ത്
കുനിഞ്ഞിരുന്നിരുന്ന ഊന്നുവടി
ഒരു മാസം മുൻപ് അപ്രത്യക്ഷമായി...

മുല്ലമാലക്കടുത്തിരുന്നിരുന്ന
ലേഡീസ് ലെതർ ബാഗിനെ
ഒരാഴ്ചയായി കണ്ടിട്ട്...

പലഹാരക്കൊട്ടക്കടുത്ത്
കൊതി കൂട്ടിയിരുന്ന സ്കൂൾ ബാഗ്
മിനിഞ്ഞാന്ന് മുതൽ വന്നിട്ടില്ല...!

ചെട്ടിച്ചിക്കൊട്ടയും
മുല്ലപ്പൂമാലകളും
പലഹാരപ്പൊതികളും
നെടുവീർപ്പിട്ടു...

ഏഴുമണി ട്രയിനിലെ ലേഡീസ് കംപാർട്മെന്റ്
ജീവനുള്ള ചരക്കുകളുടെ ചന്തയായിരുന്നു...




**മിനി പ്രസാദ്**
*ചുങ്കത്തറ മാർത്തോമ്മാ കോളേജ്*
*അദ്ധ്യാപിക*
*എഴുത്തുകാരി*

# ശബ്ദം എന്ന പെൺകൂട്ടായ്മ

**നാലുപെണ്ണുങ്ങൾ തമ്മിൽ ചേരില്ല എന്ന പുരുഷാധിപത്യപരമായ എല്ലാ മൊഴികളും തള്ളിക്കളഞ്ഞുകൊണ്ട് ഞങ്ങൾ ഒന്നിച്ചുപോകും. ലോകം മാറ്റിമറിക്കും എന്ന അവകാശവാദങ്ങളില്ല. പക്ഷേ ഒന്നിച്ചു നിൽക്കും. ഒരു പരദൂഷണവും പറയുന്നതേയില്ല. അസൂയപ്പെടുന്നുമില്ല. പൊതുവായ സാമൂഹ്യപ്രശ്നങ്ങളോട് ചേർന്നു നിൽക്കുന്നു. പ്രതിഷേധിക്കുന്നു.**

എഴുത്തുകാരികൾ എന്നു വേർതിരിച്ചു പറയണോ എന്ന സന്ദേഹം നിലനിൽക്കുമ്പോഴാണ് എഴുത്തുകാരികൾക്ക് ഒരു കൂട്ടായ്മ ഉണ്ടാകുന്നത് . കോഴിക്കോട്ടെ എഴുത്തുകാരികൾ ചേർന്ന് 2018 ആഗസ്റ്റിൽ ശബ്ദം എന്ന പേരിൽ ഒരു കൂട്ടായ്മ രൂപീകരിച്ചു. കോഴിക്കോട്ടെ എഴുത്തുകാരി ബി.എം. സുഹ്റയുടെ വീട്ടിൽ ചേർന്ന ആദ്യ യോഗത്തിൽ അവർ ഒരുമിച്ച് നിൽക്കാനുള്ള തീരുമാനം സന്തോഷത്തോടെ സ്വീകരിച്ചു. കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് പുരോഗമന സാഹിത്യസംഘാംഗവും കോഴിക്കോടിന്റെ ജനകീയശബ്ദവുമായ സഖാവ് ജാനമ്മ കുഞ്ഞുണ്ണി, മുതിർന്ന എഴുത്തുകാരി കെ.എം. ജമീല, ഷീബ ദിവാകരൻ, ജാൻസി ജോസ്, താഹിറ ഹാഫിസ്, ഇ.പി ജ്യോതി, ഷബിത എന്നിവരൊക്കെ ഒത്തുചേർന്ന കൂടിച്ചേരലിൽ വച്ചാണ് ശബ്ദം എന്നൊരു പേരുണ്ടായത്. ആ കൂടിച്ചേരലിൽ വച്ച് ചില സുപ്രധാന തീരുമാനങ്ങളുണ്ടായി. അതിലൊന്ന് ശരിയായ ഒരു വായനാ സംസ്ക്കാരം വളർത്തിയെടുക്കണം എന്നതായിരുന്നു . ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കണം എന്ന് തീരുമാനിച്ചു. അതിലൊരു ഫോർവേഡ് മെസ്സേജും ഉണ്ടാവരുതെന്നും എല്ലാവരും ഓർമപ്പെടുത്തി. എല്ലാമാസവും ഒത്തുചേരണമെന്നും സുഹൃത്തുക്കളായ എഴുത്തുകാരോട് ഈ വിവരം അറിയിക്കണമെന്നും അഭ്യർത്ഥിച്ചു. പിന്നെ മൂന്നു കൂടിച്ചേരലുകൾ കൂടി



**പാഴ്മരങ്ങൾ എന്ന വാക്കു പോലും ആവശ്യമില്ല എന്ന പുതിയ ബോദ്ധ്യമാണ് ആ യാത്ര തന്നത്. ഒരു മരമെങ്കിലും നട്ടുപിടിപ്പിക്കണം എന്ന് തീരുമാനിച്ചവരും ഉണ്ടായിരുന്നു. ആ യാത്രയോടെ ബന്ധങ്ങൾ കൂടുതൽ ദൃഢമാവുകയും വീണ്ടും ചില യാത്രകൾ പോകാൻ തീരുമാനിക്കുകയും ചെയ്തു. ജൂൺ ജൂലായിൽ വയനാട്ടിൽ പോയിരുന്ന് നൂൽ മഴ ആസ്വദിക്കുക എന്നതാണ് അതിലൊന്ന്.**

നടന്നപ്പോൾ ഷാഹിന കെ. റഫീഖ്, രാധാമാധവൻ, ഇന്ദുമേനോൻ, സ്മിത നിരവത്ത്, സി.എസ്. മീനാക്ഷി , മൃദുല മനോമോഹൻ എന്നിവരും വന്നുചേർന്നു. തങ്ങളുടെ അനുഭവങ്ങൾ വിവരിക്കുക, പുതിയ സിനിമകളെപ്പറ്റിയും പുസ്തകങ്ങളെപ്പറ്റിയും ചർച്ച ചെയ്യുകയും സ്വന്തം ജീവിതാനുഭവങ്ങളും ദുഃഖങ്ങളും തുറന്നു പറയുകയും ചെയ്യുന്ന ഒരു വേദി കൂടിയായി അത് മാറി . ഇപ്പോൾ അത് ശരിക്കും ഒരു ദൃഢമായ സൗഹൃദ കൂട്ടായ്മയാണ്. കുടുംബത്തിലെ ഒരാളുടെ സന്തോഷം പോലെ, വേദന പോലെ എല്ലാം പൊതുവായി മാറി.

ഇതിനിടെ തിരുവനന്തപുരത്തു നിന്നും ഡോ. ഐറിസ് കൊയിലോ കോഴിക്കോട് മകളുടെയൊപ്പം താമസത്തിനെത്തി, ടീച്ചർ ഞങ്ങളുടെ ഭാഗമായി തീരുകയും ചർച്ചകളിലും മറ്റും സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. നമുക്ക് ഒരു പിക്നിക്കിന് പോകാം എന്നൊരു തീരുമാനം വന്നപ്പോൾ അതൊരു സാർത്ഥകമായ പോക്കായിരിക്കണം എന്ന പൊതു തീരുമാനത്തെ തുടർന്നാണ് ആരാമ്പ്രത്തുള്ള വി.എം. മുഹമ്മദ് കോയയുടെ തോട്ടത്തിൽ പോകാം എന്ന നിർദ്ദേശം പൊതുവെ സ്വീകാര്യമായത്. അവിടെ എന്തു കാണാനാ എന്നു ചോദിച്ച പുരുഷ സുഹൃത്തുക്കളോട് കാഴ്ചകളിൽ പെണ്ണുങ്ങളുടെ കാഴ്ചക്ക് വ്യത്യാസമുണ്ട് എന്ന് പറഞ്ഞ് തർക്കിച്ചു. ആ മേനിപറച്ചിൽ അക്ഷരാർത്ഥത്തിൽ ശരിയായി. യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ ആ തോട്ടത്തിൽ കഴിഞ്ഞ ഒരു പകൽ സ്വന്തം ജീവിതത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും പലരും പുലർത്തിയിരുന്ന കാഴ്ചപ്പാടുകളെ അട്ടിമറിച്ചു. പാഴ്മരങ്ങൾ എന്ന വാക്കു പോലും ആവശ്യമില്ല എന്ന പുതിയ ബോദ്ധ്യമാണ് ആ യാത്ര തന്നത്. ഒരു മരമെങ്കിലും നട്ടുപിടിപ്പിക്കണം എന്ന് തീരുമാനിച്ചവരും ഉണ്ടായിരുന്നു. ആ യാത്രയോടെ ബന്ധങ്ങൾ കൂടുതൽ ദൃഢമാവുകയും വീണ്ടും ചില യാത്രകൾ പോകാൻ തീരുമാനിക്കുകയും ചെയ്തു. ജൂൺ ജൂലായിൽ വയനാട്ടിൽ പോയിരുന്ന് നൂൽ മഴ ആസ്വദിക്കുക എന്നതാണ് അതിലൊന്ന്.

മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരി മാനസിയുടെ പുസ്തകം ലിപി ബുക്സ് പ്രസിദ്ധീകരിച്ചപ്പോൾ അതിനൊരു പ്രകാശനം നടത്തിയാലോ എന്നൊരു ആലോചന തോന്നി. അത് എല്ലാവരും അംഗീകരിക്കുകയും 17ന് എം.ടി.വാസുദേവൻ നായർ എഴുത്തുകാരി ബി.എം.സുഹ്‌റക്കു നൽകി 'നിർവചനങ്ങളുടെ നിറഭേദങ്ങൾ' എന്ന പുസ്തകം പ്രകാശിപ്പിക്കുകയും ചെയ്തു.

ഡോ.ഖദീജാ മുംതാസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.പി.ജ്യോതി സ്വാഗതവും ജാനമ്മകുഞ്ഞുണ്ണി ആശംസയും അറിയിച്ചു. എഴുത്തുകാരികളുടെ കൂട്ടായ്മയ്ക്ക് എല്ലാവിധ ആശംസകളും അറിയിച്ച എം.ടി.ലോകസാഹിത്യത്തിൽ സംഭവിച്ച ഇത്തരം കൂട്ടായ്മകളെപ്പറ്റി എടുത്തുപറഞ്ഞു. ബി.എം.സുഹ്റ തുറന്നു പറഞ്ഞ ഒരു കാര്യം ഇപ്പോൾ ഒറ്റക്കല്ല എന്നൊരു തോന്നലുണ്ട് എന്നതാണ്. അത് എല്ലാവരുടെയും അഭിപ്രായം തന്നെയായിരുന്നു. അതേ വികാരത്തോടെ ഞങ്ങൾ മുന്നോട്ടു പോകുന്നു. ഒരു വാട്സ് ആപ്പ് ഗ്രൂപ്പിനപ്പുറം ഒരു സാഹിത്യക്കൂട്ടായ്മക്കപ്പുറം ഞങ്ങൾ ഒന്നാണ് എന്ന ബോധ്യം ഈ കൂട്ടായ്മക്ക് ഉണ്ട് സെക്രട്ടറി, പ്രസിഡണ്ട് മുതലായ ചുമതലക്കാരാരും ഇല്ല. ഞങ്ങൾ എല്ലാവരും ചേർന്ന് എല്ലാം ചെയ്യുന്നു.ചുമതലകൾ പങ്കിട്ടെടുക്കുന്നു.

നാലുപെണ്ണുങ്ങൾ തമ്മിൽ ചേരില്ല എന്ന പുരുഷാധിപത്യപരമായ എല്ലാ മൊഴികളും തള്ളിക്കളഞ്ഞുകൊണ്ട് ഞങ്ങൾ ഒന്നിച്ചുപോകും. ലോകം മാറ്റി മറിക്കും എന്ന അവകാശവാദങ്ങളില്ല. പക്ഷേ ഒന്നിച്ചു നിൽക്കും. ഒരു പരദൂഷണവും പറയുന്നതേയില്ല. അസൂയപ്പെടുന്നുമില്ല. പൊതുവായ സാമൂഹ്യ പ്രശ്നങ്ങളോട് ചേർന്നു നിൽക്കുന്നു. പ്രതിഷേധിക്കുന്നു. ശബ്ദം എന്നൊരു പേരിൽ ഒറ്റശബ്ദമായി ചേർന്നു നിൽക്കുമ്പോൾ സൗഹൃദം നൽകുന്ന സുരക്ഷിതത്വബോധം ലഭ്യമാവുന്നത് അതുകൊണ്ടാണ്.



ഷാഹിന റഫീക്ക്

# ലേഡീസ് കൂപ്പെ അഥവാ തീണ്ടാരി വണ്ടി !

വണ്ടി രണ്ടാമത്തെ പ്ലാറ്റ്ഫോമിലേക്ക് വന്നു കൊണ്ടിരിക്കുന്നു എന്ന അറിയിപ്പിലേക്കാണ് സുബൈദ വിയർത്തും കിതച്ചും കയറി വന്നത്. വീട്ടിൽ നിന്നിറങ്ങാൻ അവളൽപ്പം താമസിച്ചു, അപ്പോഴേക്കും പതിവ് ബസ്സും പോയിരുന്നു. പിന്നെ ആകെ ഒരു കുഴമറി. ധൃതിപ്പെട്ട് പടികൾ കയറാനായി നീങ്ങുമ്പോൾ ചിപ്പി വന്ന് സുബുവിന്റെ കൈയിൽ പിടിച്ചു. മാസങ്ങളായി ഈ പതിവ് ശീലമായിട്ട്. സുബുവിനെ കാത്ത് അവളെന്നും സ്റ്റേഷനിലുണ്ടാവും. വേനൽ ച്ചൂടിലേക്ക് മഴ പതിഞ്ഞ താളത്തിൽ എത്തി തുടങ്ങിയ ഒരു ജൂൺ മാസത്തിലാണ് അവൾ സുബുവിന്റെ യാത്രകളിലേക്ക് കൂട്ടായി വരുന്നത്, കോളേജ് തുറന്നതിന്റെ പിറ്റേ ദിവസം, ഒരു ചൊവ്വാഴ്ച. ട്രെയിനിൽ അന്ന് നല്ല തിരക്ക്. അതിനിടയിൽ പെട്ട് വലയുമ്പോഴാണ് അവൾ ആദ്യമായി സുബുവിന്റെ കൈയ്ക്ക് പിടിക്കുന്നത്. ഒരു പാട് നടന്നു തളർന്ന് പതുപതുത്ത സോഫയിൽ അമരുമ്പോൾ തോന്നുന്ന ആശ്വാസം പോലെയുണ്ടായിരുന്നു അവളുടെ കൈക്കുള്ളിൽ കൈകൾ ചേർത്തപ്പോഴെന്ന് സുബൈദ ഓർക്കുകയും ചെയ്തു. ഒരുപാട് പേരുടെ കൈകൾ പിടിച്ചിട്ടുണ്ടെങ്കിലും ഇങ്ങനെയൊനരുഭവം ആദ്യമായിരുന്നു. എന്റെ ചിപ്പിക്കുൾ മുത്ത് എന്ന് സുബു മനസ്സിൽ ഓർത്തു വച്ചു . ഒരുപാട് സംസാരിക്കുന്ന കൂട്ടത്തിലായിട്ടും സുബൈദയ്ക്കറിയില്ലായിരുന്നു അവളുടെ പേരെന്താണെന്ന്, വീടെവിടെയെന്ന്, എന്തു ചെയ്യുന്നെന്ന്. സത്യത്തിൽ സുബു അതു ചോദിച്ചുമില്ല, അവൾ പറഞ്ഞുമില്ല.

സംസാരത്തിനിടയ്ക്കെപ്പോഴോ സുബു അവളെ ചിപ്പിയെന്നു വിളിക്കാൻ തുടങ്ങിയിരുന്നു. കൈകൾ ചേർത്തു പിടിക്കലായിരുന്നു ചിപ്പിയുടെ മറുപടികൾ എപ്പോഴും.

'ഈ കുട്ടിയെന്താ ഇങ്ങനെ? ഇനിയിപ്പോൾ മിണ്ടാൻ പറ്റാത്ത ആളാവോ?' സുബുന് സംശയങ്ങൾ തോന്നാതിരുന്നിട്ടില്ല. പക്ഷേ മറ്റാരേക്കാളും നന്നായി ഇവളെന്നോട് 'മിണ്ടുന്നുണ്ടല്ലോ' എന്ന ചിന്തയും ഒരു ചിരിയായി അവളുടെ മനസ്സിൽ പടരും.

ധൃതിപ്പെട്ട് പടികൾ കയറി പാതി ഓടിയും പാതി നടന്നും അവർ തീവണ്ടിയുടെ വാലറ്റത്ത് ഇരുമ്പും വെയിലും കുഴച്ച മണമുള്ള തുരുത്തിലേക്ക് കയറി. സൗമ്യയും ഗോവിന്ദച്ചാമിയും ന്യൂസ് അവറും എല്ലാം സമാസമം ചേർത്തപ്പോൾ ഈ ഇടം ചിലപ്പോഴൊക്കെ തീവണ്ടിയുടെ മധ്യത്തിലായി, മിക്കപ്പോഴും പിന്നെയും പുറകിലുമായി. പതിവുകാരെല്ലാവരുമുണ്ടായിരുന്നു വണ്ടിയിൽ. ഒരു വശത്ത് വിദ്യാർത്ഥികളും മറുവശത്ത് ഉദ്യോഗസ്ഥകളും എന്ന എഴുതിവയ്ക്കാത്ത ഒരു നിയമം അവർക്കിടയിൽ പാലിക്കപ്പെടാറുണ്ട് മിക്കപ്പോഴും. പിന്നെ ഓരോ ദിവസവും അതിഥികളായെത്തുന്ന പരിചയമില്ലാത്ത മുഖങ്ങൾ. ഏതോ സ്റ്റേഷനിൽ തുടങ്ങി ഏതോ സ്റ്റേഷനിൽ അവസാനിക്കുന്ന ഒരു പകൽ യാത്ര. കയറുന്നതും ഇറങ്ങുന്നതുമായ സ്ഥലങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല, യാത്രയാണ് പ്രധാനം.

പുലർച്ചെ ഓഫീസിലേക്ക് പുറപ്പെട്ടവർ ടിഫിൻ തുറന്ന് പ്രഭാതഭക്ഷണം കഴിക്കുന്നു. ചിലർ




മയക്കത്തിലാണ്, മടുപ്പ് തലയിണയാക്കിയവർ . കിതപ്പൊന്നാറിയപ്പോൾ സുബു ഓർത്തു ഇതെന്താ വണ്ടി പുറപ്പെടാത്തത് എന്ന്. ഇപ്പോൾ നീങ്ങി ത്തുടങ്ങും എന്നുള്ള ധാരണയെ തെറ്റിച്ചുകൊണ്ട് തീവണ്ടി ഒരു തീയും പുകയും ഇല്ലാതെ വെറുതെ നിൽക്കാൻ തുടങ്ങിയതും ഓരോരുത്തരായി അക്ഷമാരാവാൻ തുടങ്ങി. ഓഫീസിലെ കറുക്കുന്ന മുഖങ്ങൾ , നഷ്ടപ്പെടുന്ന അറ്റൻഡൻസ് , പരീക്ഷയ്ക്ക് സമയത്തിനെത്താൻ ഇതിൽ നിന്ന് ഇറങ്ങി ബസ്സിനു പോണോ എന്നുള്ള ചിന്ത, ഓരോരുത്തരുടെയും തലയ്ക്ക് മുകളിൽ ആലോചനാബലൂണുകൾ വന്നും പോയും ഇരുന്നു.

'നമ്മുടെ നാട് നന്നാവൂലാ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പകരം സ്വന്തം കീശ വീർപ്പിക്കല്ലേ' ഇന്നത്തെ ചർച്ചകൾക്ക് തുടക്കമിട്ട് രാധാമണി ടീച്ചർ.

'കേട്ടില്ലേ നമ്മൾടെ മന്ത്രിന്റെ വീട്ടിലെ നോട്ടെണ്ണുന്ന മെഷീൻനെ പറ്റി!' തിരിച്ചും മറിച്ചും എണ്ണീട്ടും ഒരു പത്തു രൂപ പോലും കൂടുന്നില്ലല്ലോ പഴ്സിൽ എന്ന് മനസ്സിലോർത്തു വിസ്മയ. വണ്ടി ലേറ്റായാൽ അല്ലെങ്കിലേ കനം കുറഞ്ഞ ശമ്പളം ഒന്നു കൂടി ശോഷിക്കുന്നതോർത്തവൾ ആധി പൂണ്ടു.

'പിന്നേ! ഇതൊക്കെ എല്ലാർക്കും അറിയുന്നതല്ലേ, ഇതിലെന്താപ്പോത്ര ന്യൂസ്!' ഹെൽത്തിലെ പ്രമീള പുച്ഛത്തോടെ ചിറി കോട്ടി . 'നൂറാമത്തേം ഇരുന്നൂറാമത്തേം ജ്വല്ലറി തുറക്കുന്നതും പ്ലെയിനും ഹെലികോപ്റ്ററും വാങ്ങുന്നതും ബാർ പൂട്ടാ തുറക്കാ നാടകം കളിക്കുന്നതുമൊക്കെ എങ്ങനെയാന്നാ വിചാരം? നമ്മൾ ഒന്നും കണ്ടില്ലാ കേട്ടില്ലാ ഭാവിച്ച് ടാക്സും കൊടുത്ത് ഇവിടെ ഇളകാത്ത വണ്ടിയിൽ ടിക്കറ്റും എടുത്ത് മിണ്ടാണ്ടിരിക്കാ, അത്രന്നെ.'

'എന്നും ഇങ്ങനെ സമയത്തിന് വണ്ടി പോയാ എന്താ ഒരു രസം ചേച്ചി. ഒരു ചേഞ്ച് ആർക്കാ ഇഷ്ടല്ലാത്തത്!' ജൽപ്പ കണ്ണിറുക്കി. നിങ്ങളൂഹിച്ചത് ശരിയാണ്. ജലജയുടെയും പങ്കജിന്റെയും മൂത്ത സന്താനം. പത്മനാഭന്റെയും ശുഭയുടെയും കുട്ടി 'പശു 'എന്ന് പണ്ട് തമാശ പറഞ്ഞ കഥാസന്ദർഭം തന്നെ. ലോകത്തിലാദ്യമായി തങ്ങളെന്തോ മഹദ് കൃത്യം നിർവ്വഹിച്ചെന്ന മട്ടിൽ ജനിപ്പിച്ച കുട്ടിക്ക് തങ്ങളുടെ പേരുകൾ കൂട്ടിച്ചേർത്ത് അവർ ജൽപ്പയെന്ന് പേരിട്ടവൾ .

'പ്രായത്തിന്റെ തിളപ്പാ മോളേ . കുറച്ചു കഴിയുമ്പോൾ ശരിയായിക്കോളും,' പ്രമീളയും വിട്ടു കൊടുത്തില്ല.

പളപള മിന്നുന്ന സാരിക്കാരിയുടെ കൈയിലിരുന്ന കുട്ടി കരയാൻ തുടങ്ങി. പലവിധ ശബ്ദമുണ്ടാക്കിയും കുട്ടിയെ തോളത്തിട്ട് ഓ...ഓ...ഓ... എന്നു മൂളിയുമൊക്കെ അവർ കരച്ചിൽ മാറ്റാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അതിനിടയിൽ അവർ ഇന്ന ആളോടെന്നില്ലാതെ പറയുന്നുണ്ടായിരുന്നു 'മൂപ്പര് അപ്പുറത്തെ ബോഗീലാ, ആടെ തിരക്കായേനെക്കൊണ്ട് എന്നോട് ഈടെ കയറാൻ പറഞ്ഞതാ. അടുത്ത ലീവിന് വന്നു പോവുമ്പോ ഓർടെ ഒപ്പരം ഗൾഫിലേക്ക് പോവാൻ പാസ്പോർട്ടിന് അപേക്ഷ കൊടുക്കാൻ കീഞ്ഞതാ'.

ഇവരുടെയൊരു താ...താ..താ... വർത്താനം! മിത്ര അടുത്തിരിക്കുന്ന തീർത്ഥയോട് കുശുകുശുത്തു.

'വിട്ടേക്ക് മോളേ . ജീവിച്ചു പോയ്ക്കോട്ടെ . എല്ലാരും നിന്നെ പോലെ കോൺവെന്റ് സ്കൂളിൽ പഠിച്ചവരല്ലല്ലോ.'

'അതല്ലന്റെ തീർത്ഥാ, ആ കുട്ടീനെ നോക്ക്.

ഉള്ള മുത്തും കല്ലും ഒക്കെ തുന്നിപ്പിടിപ്പിച്ച കുപ്പായം. കാലിൽ സോക്സ്, തലയിൽ തൊപ്പി. അതിന് എരിപൊരി സഞ്ചാരം എടുത്തിട്ടാ കരയുന്നത്. ഇവർക്കതിനൊരു കോട്ടൺ സ്ലീവ് ലസ്സ് ഉടുപ്പ് ഇട്ടു കൊടുത്തൂടേ?'

'അവരുടെ കുട്ടി, അവരുടെ കാശ്. അല്ലെങ്കിലും നമ്മൾ മലയാളികൾ ഇങ്ങനെയാ. രാത്രി ട്രെയിനിൽ കയറി നോക്കീട്ടില്ലേ, ആണുങ്ങളൊക്കെ പാന്റും ഷർട്ടും ഇൻ ചെയ്ത് ബെൽറ്റും കെട്ടി, ചിലപ്പോ ഷൂസും സോക്സും വരെ. പെണ്ണുങ്ങളാണെങ്കിൽ പട്ട് സാരി അല്ലെങ്കിൽ ഇറുങ്ങുന്ന ജീൻസ് ! മുണ്ടും ജുബ്ബയുമൊക്കെയിട്ട് ഒരാണ് നടന്നു പോവുന്നത് കാണാൻ തന്നെ ഒരു ഐശ്വര്യം ഇല്ലേ?'

**അല്ലെങ്കിലും നമ്മൾ മലയാളികൾ ഇങ്ങനെയാ. രാത്രി ട്രെയിനിൽ കയറി നോക്കീട്ടില്ലേ, ആണുങ്ങളൊക്കെ പാന്റും ഷർട്ടും ഇൻ ചെയ്ത് ബെൽറ്റും കെട്ടി, ചിലപ്പോ ഷൂസും സോക്സും വരെ. പെണ്ണുങ്ങളാണെങ്കിൽ പട്ട് സാരി അല്ലെങ്കിൽ ഇറുങ്ങുന്ന ജീൻസ് !**

'ഉവ്വേ! ഇംഗ്ലീഷിലെ പുതുതായി വന്ന കണ്ണടക്കാരൻ മാഷിനെപ്പോലെ!' മിത്ര തീർത്ഥയുടെ തുടയിൽ നുള്ളി കണ്ണിറുക്കി കാണിച്ചു.

തീർത്ഥ അറിയാതെ നിലവിളിച്ചു പോയി

'ങും...ങും... എന്താ അവിടെ' എന്ന് ആരോ ചുമച്ചു.

'ഇവളെന്നെ പീഡിപ്പിക്കുന്നു!' എന്ന തീർത്ഥയുടെ കൊഞ്ചൽ ഉപയോഗിച്ച് തേഞ്ഞ, അർത്ഥം പിന്നിയ ആ വാക്ക് പോലെ പൊള്ളയായ ഒരു ചിരിക്കൂട്ടത്തിൽ അമർന്നു . അതിനു മേലേക്ക് അടുത്ത നോട്ട് പോലെ ആ കുട്ടിയുടെ കരച്ചിൽ വീണ്ടും. ആരോ ബാഗ് തുറന്ന് ഒരു ബിസ്ക്കറ്റെടുത്ത് കുഞ്ഞിനു നേരെ നീട്ടി. അപ്പോഴേക്കും വണ്ടി ഇളകാൻ തുടങ്ങി. ഒരു കോറസ്സ് പോലെ പുറപ്പെട്ട 'ഹാവൂ!' വണ്ടിയെ പുറകിൽ നിന്നു തള്ളിയ മട്ടിൽ അതിന്റെ വേഗം വർദ്ധിച്ചു .

'സ്റ്റേഷനിൽ നിർത്തിയിട്ട സമയം റണ്ണിംഗിൽ പിടിക്കുമായിരിക്കുമല്ലേ' എന്ന് ആരോ ഉറക്കെ ആശ്വസിക്കാൻ ശ്രമിച്ചു.

എന്നും ഈ ബഹളത്തിന്റെ ഭാഗമാകുമ്പോൾ 'ലേഡീസ് കൂപ്പെ ' വായിക്കണമെന്ന് ചിപ്പി ഓർക്കും . കൺമുമ്പിൽ ജീവിതമുള്ളപ്പോൾ പിന്നെന്തിനത് വായിക്കണമെന്നവൾ അടുത്ത നിമിഷത്തിൽ കരുതുകയും ചെയ്യും. പതിവ് പോലെ ബാഗ് തുറന്ന് അവൾ പുസ്തകമെടുത്തു. ഇന്നലെ ആമസോൺ ചേട്ടൻ ഒരു പുഞ്ചിരിയോടെ കൈയിൽ തന്ന കന്യകയായ പുസ്തകം. നീലച്ചട്ടയുടെ അരിക് പറ്റി 'ദി ഡോർസ് ഓഫ് പെർസപ്ഷൻ' എന്നെഴുതിയതിലൂടെ വിരലോടിച്ച് കന്യകയെ ഒട്ടും നോവിക്കാതെ പേജുകൾ വകഞ്ഞ് വച്ച് ആഴങ്ങളിലെ ആനന്ദത്തിലേക്ക് ചിപ്പി പതിയെ അലിഞ്ഞു. മെസ്കാലിൻ കഴിച്ച് തീവണ്ടിയുടെ മുകളിലിരുന്ന് യാത്ര ചെയ്യണമെന്നവൾക്ക് തോന്നി അപ്പോൾ.

വിയർപ്പിടങ്ങളിലേക്ക് കാറ്റ് വന്ന് തൊട്ടപ്പോൾ കുറച്ച് നേരത്തേക്ക് എല്ലാവരും നിശബ്ദരായി. കരഞ്ഞും വിയർത്തും ക്ഷീണിച്ച് ആ കുഞ്ഞും മയങ്ങിത്തുടങ്ങിയിരുന്നു. ആരുടെയോ ഫോണിന്റെ റിംഗ് ടോൺ പാട്ട് ഒന്ന് മൂളി.

അത് കേട്ടപ്പോൾ സുബുവിനോട് ഒരു മാപ്പിള പാട്ട് പാടൂ എന്ന് വിസ്മയ പറഞ്ഞു. അന്നേരം അവളുടെ മനസ്സിലേക്ക് എന്തിനെന്നില്ലാതെ നിന്നു കൊടുത്ത പെണ്ണു കാണൽ ചടങ്ങുകളുടെ ഓർമ്മകൾ തികട്ടി.

മാപ്പിളപ്പാട്ട് വേണ്ട, ഗസൽ മതി. അതാണു നമ്മുടെ ഇത്തയുടെ സ്പെഷ്യൽ എന്ന വാദവുമായി ജൽപ്പ ഇടയിൽ കയറി.

എന്നാ ഞാൻ 'പർദേസി പർദേസി ജാനാ നഹി ' പാടി ഒരു റൗണ്ട് അടിച്ചു വരാം. സീസൺ ടിക്കറ്റിന്റെ കാശ് കിട്ടുമല്ലോ എന്ന് സുബു തമാശിക്കുമ്പോഴേക്കും വയറ്റത്തടിച്ചു പാടുന്ന ടോണിൽ ജൽപ്പ അതേറ്റെടുത്തു.

'ന്യൂ ജെൻ പിള്ളാരാണെന്നു പറഞ്ഞിട്ട് ഇപ്പോഴും പഴയ കോമഡിയും കൊണ്ടാണല്ലോ'യെന്ന് അപ്പുറത്തിരുന്ന എൽ ഐ സി സൂസൻ കളിയാക്കി.

ജൽപ്പ പാട്ട് നിർത്തി തിരിച്ചും തോണ്ടി, 'ഉം ചേച്ചിന്റെ എൽ ഐ സി പോളിസി പിടുത്തം പോലെ തന്നെ, ഒക്കെ പഴയ നമ്പറുകൾ.'

‘ഇതൊക്കെ ഇപ്പോൾ പറയും മോളേ . ഒരു ജോലിയൊക്കെ കിട്ട്യാ ആദ്യം നമ്മുടെ അടുത്ത് തന്നെ പാഞ്ഞ് വരും, ചേച്ചി ടാക്സ് കുറയ്ക്കാൻ ഏതു പോളിസി എടുക്കണംന്നൊക്കെ ചോദിച്ച്.

‘നമ്മൾ ജോലിക്കൊന്നും പോവുന്നില്ലേ, ഒരു മൊയലാളിനെ കറക്കി കൊണ്ടിരിക്കാ, ന്ന്ട്ട് വേണം എന്റെ സ്വന്തം ബെൻസ് കാറിൽ വരാൻ, എ സി ഒക്കെ ഇട്ട്!’

‘കറക്കി കറക്കി സ്വയം കറങ്ങാതെ നോക്കിയാ മതി’

‘അതൊക്കെ പണ്ടല്ലേ ചേച്ചി, വെറും സ്ഥലപ്പേരായി പെൺകുട്ടികൾ മെറ്റമോർഫസ് ചെയ്തിരുന്നത്. ഇപ്പോൾ വമ്പൻ ഓഫറുകളല്ലേ! പ്രൈം ടൈമിൽ ചാനൽ പരിപാടികൾ, ഷോർട്ട് ഫിലിം, സിനിമ അങ്ങനെ നീളുകയല്ലേ.’

‘വന്ന് വന്ന് ഇപ്പഴത്തെ കുട്ട്യോൾക്ക് ഒരു ധാർമ്മികതയും നൈതികതയും ഇല്ലാതായി’. രാധാമണി ടീച്ചർ റിട്ടയർ ചെയ്ത ശേഷം ഒരു പ്രൈവറ്റ് സ്കൂളിൽ പ്രിൻസിപ്പൽ ആയി ജോലി നോക്കുകയാണ്. കഞ്ഞിപ്പശയിൽ വടി പോലെ നില്ക്കുന്ന അവരുടെ ഖദർ സാരി, അതു പോലെ തന്നെ ആദർശവും .

ഗാന്ധിജിക്ക് വളയൂരിക്കൊടുത്ത കഥയിപ്പോൾ വരും എന്ന് കുട്ടികളാരോ സ്വരം താഴ്ത്തി പറഞ്ഞു ചിരിച്ചു.

‘വള്ളിയില്ലാത്തത് ഭാഗ്യം! അല്ലെങ്കിൽ ഗാന്ധിജി ക്വിറ്റ് ഇന്ത്യ ആയേനെ’ എന്ന് നിരാഞ്ജലി വായ തുറന്നതും പ്രിയദ അവളുടെ വാ പൊത്തി , ‘രാവിലെ തന്നെ തുടങ്ങല്ലേ നിന്റെ വളിപ്പടി’ എന്നു പറഞ്ഞ് . ‘ഇത് നോക്കെടോ, അലക്കാൻ കൊടുക്കുമ്പോൾ മാറിപ്പോവാതിരിക്കാനാ കുപ്പായത്തിൽ പേര് എഴുതി വച്ചത്ന്ന് നുമ്മ പ്രധാനമന്ത്രി,’ എന്നാരോ പറയലും എല്ലാവരും കൂടെ അതിലേക്കായി, എനിക്കൊന്നു ഫോർവേഡ് ചെയ്യ് എന്നും പറഞ്ഞ് .

‘മോഡിസം കഴിഞ്ഞപ്പോ മാണിസം. പിന്നെയത് ലാലിസം ആയി. ആൾക്കാരുടെ ക്രിയേറ്റിവിറ്റി മുഴുവൻ ഇപ്പോൾ വാട്സ്ആപ്പിലും ഫേസ്ബുക്കിലുമൊക്കെയാ. ഒന്നോ രണ്ടോ ദിവസത്തേക്കുള്ള അർമാദം, ല്ലേ പ്രമീളേ?’

‘അത് ശരിയാ സുഹറാ . ഒന്നുരണ്ട് കൊല്ലം കഴിയുമ്പോഴേക്കും ഇതൊക്കെ മടുത്ത് ആളുകൾ എന്തു ചെയ്യുംന്നാ ഞാൻ ആലോചിക്കാറ്.

അപ്പോൾ സുഹറ മേഡം ഞങ്ങൾക്കൊരു ലോൺ തന്നാ മതി എന്തെങ്കിലും സംരംഭം തുടങ്ങാൻ. വിമൻ എംപവർമെന്റ്, ല്ലേ ഗയ്സ്,’ എന്ന് മിത്ര ചോദിക്കലും ഇന്ദ്രപ്രസ്ഥത്തിലെ ക്രോണിക് ബാച്ചിലറിനെ ഓർത്ത് എല്ലാവർക്കും ചിരി പൊട്ടി.

‘മോള് പ്ലസ് ടു ആയില്ലേ? കോച്ചിംഗിനു പോവുന്നുണ്ടോ?’

‘ഇല്ല പ്രമീ. അവൾക്ക് മെഡിസിൻ താല്പ്പര്യല്ല. പഠിച്ചാലും പഠിച്ചാലും തീരില്ലാന്ന് പറയും. അപ്പോഴേക്ക് കല്യാണവും നോക്കണ്ടേ, പി ജി കഴിയാൻ കാത്തു നിന്നാ ചെക്കനെ കിട്ടില്ല. എഞ്ചിനീയറിംഗിനു പോയിട്ടെന്താ? എല്ലാവരും ഇപ്പോൾ ബാങ്ക് ടെസ്റ്റ് എഴുതല്ലേ. കഴിഞ്ഞ തവണ ഞങ്ങൾടെ ബാങ്കിൽ കയറിയത് പകുതിയിലധികവും എഞ്ചിനീയേഴ്സാ. ഞാനവളോട് ഫിസിക്സിന് ചേരാൻ പറഞ്ഞു. ഇഷ്ടം പോലെ ഓപ്ഷൻ ഉണ്ട്ന്നേ.’

‘റിസ്ക്കല്ലേ സുഹറാ. പ്രത്യേകിച്ചും ആൺകുട്ടികൾക്ക് . ഒരു പ്രൊഫഷണൽ ഡിഗ്രി തന്നെയാ സേഫ്. കോളേജിൽ ഒക്കെ കയറണമെങ്കിൽ എത്ര ലക്ഷം കൊടുക്കണം ഇപ്പോൾ. എന്തെടുത്തു കൊടുക്കാനാ എന്ന് സൂസൻ നെടുവീർപ്പിട്ടു .

‘ഇവിടെ എത്ര കുട്ടികൾ എഞ്ചിനീയറിംഗ് പാസ്സാവുന്നുണ്ട്, എത്ര പേർക്ക് ജോലി കിട്ടുന്നുണ്ട്ന്നും കൂടി നോക്കണം.’

‘ഇനി ഒന്നും പേടിക്കാനില്ല സുഹറത്താ . ഇന്റേണൽ മാർക്ക് കൂട്ടാൻ പോവല്ലേ. പിന്നെ എൻട്രൻസും പസ്സാവണ്ട. ഇനി ചിലപ്പോ വീട്ടിൽ കൊണ്ട് തരും എലിഫന്റ് ബി എ സർട്ടിഫിക്കറ്റ്!’ അത് വരെ മിണ്ടാതിരുന്ന സഖാവ് വൃന്ദ ചന്ദ്രശേഖരന് രോഷം അണപൊട്ടി.

‘എന്നിട്ട് ഇവര്ടെ പാർട്ടി ഭരിച്ചപ്പോൾ തേനിലും പാലിലും ചവിട്ടി വഴുക്കീട്ട് നടക്കാൻ വയ്യായിരുന്നു. പേമെന്റ് സീറ്റ് പ്രൊഫഷണൽ കോളേജിൽ കേട്ടിട്ടുണ്ട്, ഇലക്ഷന് ആദ്യായിട്ടാ.’ ഒന്ന് കോർക്കാൻ റെഡിയായി അണിമ നടു നിവർത്തിയിരുന്നു.

‘അയ്യോ രാഷ്ട്രീയം വേണ്ട, ഹം ആം ആദ്മി ഹെ!’ സുബു ഒരു പാട്ട് പാടി രക്ഷിക്ക് എന്നു പറഞ്ഞ് ജൽപ്പ സുബൈദയുടെ കൈ പിടിച്ചു കുലുക്കി.

‘വോ കാഗസ് കി കഷ്തി, വോ ബാരിഷ് കാ

**‘മോഡിസം കഴിഞ്ഞപ്പോ മാണിസം. പിന്നെയത് ലാലിസം ആയി. ആൾക്കാരുടെ ക്രിയേറ്റിവിറ്റി മുഴുവൻ ഇപ്പോൾ വാട്സ്ആപ്പിലും ഫേസ്ബുക്കിലുമൊക്കെയാ. ഒന്നോ രണ്ടോ ദിവസത്തേക്കുള്ള അർമാദം, ല്ലേ പ്രമീളേ?’**

പാനി...'

ഒരു മഴ കാണാനുള്ള മോഹം കേൾവിക്കാരുടെ മനസ്സിലേക്ക് പകർന്ന് സുബു പാടിത്തീർത്തു. അപ്പോഴേക്കും വണ്ടി ഒരു സ്റ്റേഷനിൽ നിർത്തിയിരുന്നു . ട്രെയിൻ കയറാൻ നിന്ന ഒരു പെണ്ണിനെ എല്ലാവരും ശ്രദ്ധിച്ചു. കല്യാണ പ്പന്തലിൽ നിന്ന് നേരെ സ്റ്റേഷനിലേക്ക് വന്നതു പോലെ ഉണ്ടായിരുന്നു അവൾ, പൊന്നിൽ കുളിച്ച് . കൈയിലെ മൈലാഞ്ചി ചുവപ്പ് മാഞ്ഞിട്ടില്ല. അവളുടെ നില നില്പ്പിന്റെ ഭൂമധ്യ രേഖ പോലെ തലയെ പകുത്ത് ചുവപ്പ് തിളച്ചു തൂവിക്കിടന്നു.

'പണിക്കൂലി വെട്ടിക്കുറച്ചുന്ന് മഞ്ജുചേച്ചി ചാക്കോച്ചനോട് പറയുന്നത് കണ്ട വല്ല ടീമും ആവും' , വൃന്ദയുടെ വാക്കുകളിൽ നിന്ന് പരിഹാസം തെറിച്ചു.

തീർത്ഥയ്ക്കും അതാണ് മനസ്സിലാവാതിരുന്നത്. 'ഈ ചാനലുകാർ ഇവർക്ക് അവാർഡ് കൊടുത്തതെന്തിനാണ്? കല്യാണം കഴിഞ്ഞപ്പോൾ അഭിനയിക്കേണ്ട എന്ന് തീരുമാനിച്ചത് മഞ്ജു തന്നെ. പിന്നീട് തിരിച്ച് വരാൻ തീരുമാനിച്ചതും അവർ. എത്ര നടിമാർ അങ്ങനെ തിരിച്ചു വന്നിരിക്കുന്നു. പിന്നെ ഇതിലെന്തായിപ്പോ ഇത്ര പ്രത്യേകത?'

'ന്നാലും ഓളാണ് പെണ്ണ്. ഒറ്റ പൈസ പോലും വാങ്ങാതെ ഇറങ്ങിപ്പോന്നില്ലേ' എന്ന് വിസ്മയ വിസ്മയിക്കാൻ തുടങ്ങുമ്പോഴേക്കും സുഹറ ഇടയ്ക്ക് കയറി പറഞ്ഞു, 'മോളെ കൂടെ കൂട്ടായിരുന്നു.'

പ്രമീളയും അതു തന്നെ പറഞ്ഞു, 'പെൺകു ട്ടിയല്ലേ ഒന്നുമില്ലെങ്കിലും, അമ്മ കൂടെയില്ലാതെ എങ്ങനെയാ?'

'അതെന്താ അച്ഛൻ വളർത്തിയാ വളരൂലേ? പ്രിയദയുടെ സ്വരം പൊടുന്നനെ കനത്തു. മഞ്ജു കല്യാണം കഴിച്ചു വരുമ്പോൾ കൂടെ ഗിഫ്റ്റ് ആയിട്ട് കൊണ്ടു വന്ന കുട്ടിയൊന്നുമല്ലല്ലോ . രണ്ടു പേരുടെയും ഉത്തരവാദിത്വമല്ലേ? എന്റെ അമ്മ മരിക്കുമ്പോൾ ഞാൻ ആറാം ക്ലാസ്സിലാ. എല്ലാവരും നിർബന്ധിച്ചിട്ടും അച്ഛൻ വേറെ കല്യാണം കഴിച്ചില്ല, എന്റെ മകളെ വളർത്താൻ ഞാൻ മതിയെന്നു പറഞ്ഞ് . എന്നിട്ട് എനിക്ക് ഒരു കുറവും വന്നിട്ടില്ല, കുഴപ്പവും. അമ്മയുടെ സ്ഥാനത്ത് വേറെ ഒരാളെ കാണാൻ ബുദ്ധിമുട്ട് തന്നെയാണ്, എന്നാലും എനിക്കൊരു ജോലിയൊക്കെയായി സ്വന്തം കാലിൽ നിൽക്കാറാവുമ്പോൾ അച്ഛന് ഒരു കൂട്ട് അന്വേഷിച്ച് കണ്ടുപിടിച്ചു കൊടുക്കണം എനിക്ക്.'

കുറച്ച് നേരത്തേക്ക് ആരുമൊന്നും മിണ്ടിയില്ല. വിസ്മയക്ക് നെഞ്ചിലൊരു കനം പോലെ തോന്നി. സെയിൽസ് ഗേളായി പോയി തുടങ്ങിയ ആദ്യ നാളുകളിൽ വല്ലാത്ത ആവേശമായിരുന്നു. യൂണിഫോം സാരി ഭംഗിയിലുടുത്ത് ശീതീകരിച്ച ഷോപ്പിൽ വസ്ത്രകൂമ്പാരത്തിനു നടുവിൽ നിൽക്കുമ്പോൾ എന്നും ഒരാഘോഷമാണെന്നു തോന്നും. വിവാഹസാരി എടുക്കാൻ വരുന്നവർക്ക് ഓരോന്നായി സാരികൾ ദേഹത്ത് വച്ച് കാണിച്ചു കൊടുക്കുമ്പോൾ തന്റെ വിവാഹനാളു പോലെ അവൾ നാണം കൊണ്ട് ചുവക്കുകയും ബ്ലൗസ് ഇറുങ്ങി പൊട്ടാൻ പോവുന്ന പോലെ തോന്നുകയും ചെയ്തിരുന്നു. ഒരിക്കലും സ്വന്തമാവാൻ സാധ്യതയില്ലാത്ത ഒരു സ്വപ്നത്തിന് വിഡ്ഢി വേഷം കെട്ടുകയാണ് താനെന്ന് ബോധ്യം വന്നപ്പോൾ അവൾ അടിവസ്ത്രങ്ങളുടെ വിഭാഗത്തിലേക്ക് മാറി. ഉച്ചയ്ക്കത്തെ അരമണിക്കൂർ ബ്രേക്ക് അല്ലാതെ ഒരു മൂത്രമൊഴിക്കൽ പോലും വലിയ സ്വപ്നമാവുന്നിടത്ത് മറ്റ് വിലപിടിപ്പുള്ള സ്വപ്നങ്ങൾക്കെന്തു പ്രസക്തി. നിറഞ്ഞു വരുന്ന മൂത്രസഞ്ചിയെ പേടിച്ച് തൊണ്ട പൊട്ടുമ്പോൾ പോലും വെള്ളം കുടിക്കാൻ മടിച്ചു അവൾ. അല്ലെങ്കിലും എത്ര ജോലി സ്ഥലത്ത് ഇതിനൊക്കെയുള്ള സൗകര്യമുണ്ടാവും? വൃത്തിയുള്ളത്? ആണുങ്ങൾ മൂത്രാഭിഷേകം നടത്തിയ ക്ലോസറ്റിന്റെ മുകളിലല്ലേ നമ്മൾ ചന്തി വയ്ക്കേണ്ടത്, അതും ആ മനം പിരട്ടുന്ന നാറ്റം സഹിച്ച് എന്നൊക്കെ അവൾ സ്വയം ആശ്വസിക്കാനും ശ്രമിക്കും. പ്രായവും ആഗ്രഹങ്ങളുമെല്ലാം ഇതിനിടയിൽ കടന്നു പോയത് ഓർത്തു വയ്ക്കാനൊന്നും അവൾക്ക് സമയവും കിട്ടിയില്ല. ഇന്നിപ്പോൾ ഈ മകൾക്ക് അമ്മയാവാൻ തോന്നി വിസ്മയക്ക്. മാറ് കനക്കുന്നത് പോലെ.

'അല്ലാ, വണ്ടി പിന്നേം പിടിച്ചിട്ടോ?
ഓ നാശം! ഇന്നത്തെ കാര്യം തീരുമാനമായി'
ചായ...ചായ...ചായ...

'ചേട്ടാ ട്രെയിൻ എന്താ പോവാത്തേ ?'

'ക്രോസിംഗ് ഉണ്ടെന്നു തോന്നുന്നു . ചെന്നൈ വണ്ടി വരാനുണ്ട്. ചിലപ്പോൾ സമയം പിടിക്കും'

'ഓ ഷിറ്റ്!

ഞങ്ങൾ ഇറങ്ങി തള്ളണോ ചേട്ടാ!'

ചിരി തമാശകളും പിറുപിറുക്കലും നെടുവീർപ്പുകളും നിറഞ്ഞൊരു പെൺമുറിയായി അത്. ഇന്നിനി ചീത്ത കേൾക്കാൻ പോവാതെ ഒരു സിനിമയ്ക്കോ ഐസ് ക്രീം കഴിക്കാനോ ബീച്ചിൽ പോയിരിക്കാനോ ഒക്കെ തോന്നി വിസ്മയക്ക്. അവളെ കാത്തിരിക്കുന്നൊരു വീടിന്റെ ദൈന്യം ആ കാഴ്ചകളെ മറച്ചു അപ്പോൾ.

ടോയിലറ്റിനു മുൻപിലെ ഇടനാഴിയിൽ ഇരുന്നിരുന്ന ഹിന്ദിക്കാരിപ്പെണ്ണ് ഇറങ്ങിപ്പോയി അവളുടെ കുട്ടിക്ക് ചായയും ബിസ്ക്കറ്റും വാങ്ങി വന്നു. അവർ രണ്ടു പേരും നിലത്തിരുന്ന് ബിസ്ക്കറ്റ് ചായയിൽ മുക്കി കഴിച്ചു കൊണ്ടിരുന്നു, വണ്ടി വൈകുന്നതൊന്നും അവരെ ബാധിക്കുന്ന കാര്യമേയല്ല എന്ന മട്ടിൽ . തവിട്ടു നിറത്തിൽ വരച്ച

ഒരു പെയിന്റിംഗ് പോലെ ആ ഇടനാഴിയും മുഷിഞ്ഞ വേഷമിട്ട ആ പെണ്ണും ചപ്ര തലമുടിയുള്ള അവളുടെ കുട്ടിയും.

ചൂടിന്റെ ഒരു പെരുക്കം അക്ഷമ പോലെ കൂടിക്കൂടി വന്നു. കുട്ടികളിൽ ചിലരൊക്കെ പ്ലാറ്റ്ഫോമിൽ ഇറങ്ങി നിന്നു . അപ്പുറത്ത് നില്ക്കുന്ന ചെക്കന്മാർക്ക് ചില കടാക്ഷങ്ങൾ നല്കുവാനും അവർ മറന്നില്ല. 'ഹെന്റെ മോളേ ആ കൂട്ടത്തിലെ മൂന്നാമത് നില്ക്കുന്ന പയ്യൻ കൊള്ളാംട്ടോ, ഒടുക്കത്തെ ലുക്ക്!' 'ഇനി എല്ലാരും കൂടി ഒന്നിച്ച് തിരിഞ്ഞുനോക്കി ഓനെ തരളിതനാക്കണ്ട' എന്നൊരാൾ മുന്നറിയിപ്പും കൊടുത്തു.

മുകളിലെ ബർത്തിൽ ഉറങ്ങിക്കിടക്കുകയായിരുന്ന അമ്മച്ചി ഉണർന്നു . അവർ കണ്ണടയെടുത്തുവച്ച് ചുറ്റും നോക്കി 'ഇതേതാ സ്ഥല'മെന്ന് താഴെ ഇരിക്കുന്നവരോട് ചോദിച്ചു. പിന്നെ അവരൊരു പ്രാർത്ഥനാ ഗീതം ചൊല്ലി. ഡോക്ടറായിരുന്ന അവർ ഉൾവിളിയുണ്ടായി ജോലിയുപേക്ഷിച്ചു ധ്യാനം കൂടാൻ പോയ കഥകൾ പറയാൻ തുടങ്ങി. പഠിച്ച വിദ്യ കൊണ്ട് പത്തു പേർക്ക് ഉപകാരപ്പെടുന്നതിനു പകരം ദൈവത്തെ സേവിക്കാനിറങ്ങിയിരിക്കുന്നു. കഷ്ടം എന്ന് തോന്നി വൃന്ദയ്ക്ക്. അവരുടെ കഥകൾ കേട്ട് കേട്ട് വിസ്മയക്ക് താല്പര്യം തോന്നിത്തുടങ്ങി, അതവളുടെ ശിവനോടുള്ള ഇഷ്ടക്കുറവുകൊണ്ടായിരുന്നില്ല. പണ്ടും അതേ സ്കൂൾ കാലത്തൊക്കെ കവലയിലെ പള്ളിമുറ്റത്തുള്ള യേശുവിന്റെ കരയുന്നതുപോലുള്ള പാവം പിടിച്ച മുഖം കാണുമ്പോൾ അവൾക്കവനോട് എന്തെന്നില്ലാത്ത ഒരിഷ്ടം തോന്നിയിരുന്നു.

വിസ്മയ ചോദ്യങ്ങൾ ചോദിക്കുന്നതും ഫോൺ നമ്പർ വാങ്ങുന്നതുമൊക്കെ കണ്ട് നിരാഞ്ജലി കളിയാക്കി, 'ചേച്ചി ഘർ വാപസി കാലമാണ് ട്ടോ , സൂക്ഷിച്ചോ!'

ഈ നായർ , മേനോൻ തുടങ്ങി വർമ്മ, വാര്യർ വീടുകളിലേക്ക് വല്ലതും കയറി ചെല്ലാൻ പറ്റോ ആവോ? ഫേസ്ബുക്കിൽ തീർത്ഥ തിയ്യ എന്ന് പേരു വച്ചിട്ടുള്ള തീർത്ഥ പരിഹസിച്ചു.

പി.കെ.യിലേക്കും ഷാർലി എബ്ദോയിലേക്കും ഒക്കെ കടന്ന ആ ചർച്ച സുബൈദയുടെ മഫ്തയിൽ തടഞ്ഞു നിന്നു .

'ഇതെന്റെ ചോയ്സ് ആണ്. പാരിസിൽ ബിക്കിനി ഇടുന്നതിനെ ആരും എതിർക്കുന്നില്ലല്ലൊ, പിന്നെ ശിരോ വസ്ത്രത്തെ എന്തിനു എതിർക്കണം?' സുബൈദ ചോദിച്ചു

'സൗദി അറേബ്യയിൽ പർദ്ദയിടാം, എന്നു വച്ച് അവിടെ ബിക്കിനി ഇടാൻ പറ്റില്ലാലോ' എന്ന് അണിമയും

'ഈ വേഷം എനിക്ക് ആത്മവിശ്വാസം തരുന്നുണ്ട്. പിന്നെ രാവിലെ എഴുന്നേറ്റ് മുടി നീട്ടാനും ചുരുട്ടാനും ഒക്കെ നിങ്ങൾ കണ്ണാടിക്ക് മുൻപിൽ എത്ര സമയം കളയുന്നുണ്ട്'.

'ശ്ശെടാ! നമ്മളൊന്നും കണ്ണാടി നോക്കിയില്ലെങ്കിൽ അതുണ്ടാക്കുന്നവർ പട്ടിണിയാവില്ലേ ! പിന്നെ, കളയാൻ വേറെ ഒന്നും ഇല്ലാത്തതു കൊണ്ടല്ലേ സമയം കളയുന്നത്!' പൊട്ടാസ്യം വെള്ളത്തിലിട്ട പോലെയാണ് ഈ ജൽപ്പ, ഒരു തരി അടങ്ങിയിരിക്കാനോ വാ പൂട്ടിയിരിക്കാനോ അവൾക്കാവില്ല. ' പിന്നെയില്ലേ ഇത്താ ഈ പർദ്ദ ഇട്ടതു കൊണ്ടൊന്നും കാര്യല്ലട്ടോ. പർദ്ദയിട്ട ഒരു പെണ്ണിനെ ഭോഗിക്കലാണ്, പറ്റിയാൽ ബലാത്സംഗം തന്നെ, ഏറ്റവും വല്യ ആഗ്രഹം എന്നു പറഞ്ഞ ഒരു സാഹിത്യകാരനെ എനിക്കറിയാം '

'ദാ കുളൂസ് തുടങ്ങി! ആരെങ്കിലും കുറച്ച് ഹൽവ വാങ്ങി ഇവൾക്ക് കൊടുക്ക്' എന്ന് സുബൈദ ചിരിച്ചുകൊണ്ട് പറയലും ജൽപ്പ സുബുവിന്റെ കവിളിൽ മധുരമുള്ളോരുമ്മ കൊടുത്തു.

അയ്യോ എനിക്ക് ഹൽവയ്ക്ക് വിശക്കുന്നു, നല്ല കറുത്ത ഹൽവ ! ഇന്നാരുടേം കൈയിൽ 'സ്നേക്സ്' ഒന്നുംല്ലേ? സുഹറത്താ ഇങ്ങൾടെ ആ ബീഫ് മുരുമുരാ ഉണക്കിപ്പൊരിച്ചത് ചേർത്ത ചുക്കപ്പം , അല്ലെങ്കിൽ കല്ലുമക്കായ നിറച്ചത്, ഒന്നുമില്ലെങ്കിൽ ഒരു ഉന്നക്കായ എങ്കിലും കൊണ്ട് വന്നൂടെ? സൂസേച്ചീടെ ഇച്ചായൻ അടുത്ത കാലത്തൊന്നും ഗൾഫീന്ന് വരുന്നില്ലേ? മൂപ്പര് വരുമ്പോഴല്ലേ നമുക്ക് അവലോസ് പൊടിയും കുഴലപ്പവും ഇൻട്രിയപ്പവും ഒക്കെ കിട്ടുക. ഒരിക്കൽ എന്തോ സ്പെഷ്യൽ കൊണ്ട് വന്നില്ലേ, അണ്ടിയപ്പം ന്നോ മറ്റോ പറഞ്ഞ് , എന്താ ടേസ്റ്റ്! ഇപ്പൊ അതൊന്നും ഇല്ലേ?'

'എന്റെ കൊച്ചേ അത് വല്യമ്മച്ചി കുട്ടനാട്ടീന്നു വന്നപ്പോ ഉണ്ടാക്കി കൊണ്ടുവന്നതല്ലേ. ഇവിടെയിപ്പോ മാങ്ങാ അണ്ടി ഒക്കെ ഉണക്കി പൊടിച്ച് അപ്പം ചുടാൻ ആർക്കാ നേരം! '

'ഈയിടെയായി ആർക്കും ഒരു ശുഷ്കാന്തി ഇല്ലാട്ടോ', നിരാഞ്ജലി അവളുടെ കൊതികൾ നിരത്താൻ തുടങ്ങുകയായിരുന്നു, അപ്പോഴാണ് കൂനിപ്പിടിച്ചിരിക്കുന്ന മിത്രയെ ശ്രദ്ധിച്ചത്

ഇന്താടോ? എന്ത് പറ്റി ?

മിത്ര ഒന്നും പറഞ്ഞില്ല. അവൾ വയർ അമർത്തിപ്പിടിച്ചിരുന്നു.

'എന്റെ പെണ്ണേ വയർ വേദനിക്കുന്നുണ്ടെങ്കിൽ ഒന്ന് പറഞ്ഞൂടെ! നമ്മൾടെ ഇടയിലെന്തിനാ മടി?' ആരുടെ കൈയിലാ ഒരു മെഫ്താൽ സ്പാസ് ഉള്ളത് എന്ന് ചോദിച്ച് നിരാഞ്ജലിയും ബാഗിൽ തപ്പാൻ തുടങ്ങി. മിക്കവർക്കും ഉള്ള സംഗതി ആയതു കൊണ്ട് ഗുളിക കിട്ടാൻ വിഷമം ഉണ്ടായില്ല. പാഡ് വേണോന്ന് ആരോ

ചോദിച്ചപ്പോൾ മിത്ര വേണ്ടെന്ന് തലകുലുക്കി. അവളോടിത്തിരി നേരം കിടക്കാൻ പറഞ്ഞ് മൂന്ന് നാല് പേർ മുകളിലെ ബർത്തിൽ കയറിയിരുന്നു. തീർത്ഥയുടെ മടിയിൽ തല വച്ച് കിടക്കുമ്പോൾ മിത്ര ഉള്ളിലെ പാത്രത്തെ ശപിച്ചു.

കുറച്ചു നേരം എല്ലാവരും അവരവരുടെ വേദനയോർമ്മകളിലേക്ക്, അസൗകര്യങ്ങളിലേക്ക് നിശബ്ദരായി.

ശരിക്കും നമ്മുടെ ഈ ഗർഭപാത്രം ഊരി വക്കാൻ പറ്റിയിരുന്നെങ്കിൽ എത്ര നന്നയിരുന്നുല്ലേ എന്ന് ജൽപ്പ ഉറക്കെ ആശിച്ചു. ആവശ്യമുള്ളപ്പോൾ മാത്രം എടുത്ത് ഫിറ്റ് ചെയ്യാ, അങ്ങനെയാവണം. അല്ലെങ്കിൽ മൂത്രമൊഴിച്ച് തീരുന്നതു പോലെ ഒറ്റയടിക്കങ്ങ് തീരണം.

എന്നാ പിന്നെ പെൺകുട്ടികൾക്ക് ഒന്നും പേടിക്കണ്ടല്ലോ. ഇപ്പോൾ തന്നെ എന്താ സ്ഥിതി. ഐ പിൽ നെ കുറിച്ചുള്ള ലേഖനം വായിച്ച് ഞാൻ ഞെട്ടി. പെൺകുട്ടികൾ ഉള്ള അമ്മമാരൊക്കെ എങ്ങനെ മന:സമാധാനായിട്ട് ഇരിക്കും? ദൈവ വിശ്വാസം ഇല്ലാത്തതു കൊണ്ടാണ് ഈ കുട്ടികൾ വഴി തെറ്റുന്നത്. അടിയുറച്ച വിശ്വാസം... എന്നൊക്കെ ഡോക്ടർ ധ്യാനം (കുട്ടികളാരോ അപ്പോഴേക്കും അവർക്കങ്ങനെയൊരു നാമം ചാർത്തി കൊടുത്തിരുന്നു) പറഞ്ഞു തുടങ്ങുമ്പോൾ നിരാഞ്ജലി ഇടയിൽ കയറി ചോദിച്ചു, 'വഴി തെറ്റാതെ കറക്റ്റായി പോവുന്നത് കൊണ്ടല്ലേ ഗർഭം ആവുന്നത്? സത്യത്തിൽ സ്പേമിന് വഴി തെറ്റുന്നതല്ലേ നല്ലത്?'

'കന്യകയുടെ ഗർഭം എന്ന അധ്യായം ഡോക്ടർ വായിച്ചിട്ടില്ലെന്നു തോന്നുന്നു' എന്ന് വൃന്ദയും കൂടെ ചേർന്നപ്പോൾ ഡോക്ടർ ധ്യാനം കണ്ണടച്ച് കിടന്നു.

'ഞാനെന്റെ പീരിയഡ്സ് ഒളിപ്പിച്ചു വച്ചിട്ടുണ്ട്!'

'പിന്നെ എല്ലാവരും സുപ്പർ മാൻ ഷഡി ഇടുന്ന പോലെ പുറത്താണോ വയ്ക്കാ ജൽപ്പാ,' നിരാഞ്ജലി കളിയാക്കി.

'അതല്ല ഞാനുദ്ദേശിച്ചത്. ആദ്യായിട്ട് ആയപ്പോൾ ഞാനാ വിവരം വീട്ടിൽ പറഞ്ഞില്ല.'

'ങേ'

എല്ലാവരുടേയും ശ്രദ്ധ ജൽപ്പയിലേക്കായി.

'ഇളയമ്മയുടെ മോളും ഞാനും ഏകദേശം ഒരേ പ്രായാ. അവൾ വയസ്സറിയിച്ചതിനു ശേഷം തനിച്ച് എവിടേം വിട്ടിട്ടില്ല. ഞാനത് പറയുമ്പോൾ അമ്മയും അതിനെ ന്യായീകരിക്കും. പ്രായായാൽ പെൺകുട്ടികൾ സൂക്ഷിക്കണം, ഒറ്റയ്ക്ക് പോവരുത്, അത് ചെയ്യരുത്, ഇതു ചെയ്യരുത് എന്നൊക്കെ ഒരു നൂറുകൂട്ടം വിലക്കുകൾ. ഞാൻ എട്ടാം ക്ലാസ്സിൽ ആയപ്പോഴേക്കും എനിക്ക് പ്രായമായത് സ്വപ്നം കണ്ടു എന്ന് പറഞ്ഞ് എന്നും പേടിപ്പിക്കും അമ്മ. ഓരോ തവണ ബാത്റൂമിൽ പോവുമ്പോഴും ഞാൻ ബേജാറോടെ നോക്കും. എന്റെ എല്ലാ

**ശരിക്കും നമ്മുടെ ഈ ഗർഭപാത്രം ഊരി വക്കാൻ പറ്റിയിരുന്നെങ്കിൽ എത്ര നന്നയിരുന്നുല്ലേ എന്ന് ജൽപ്പ ഉറക്കെ ആശിച്ചു. ആവശ്യമുള്ളപ്പോൾ മാത്രം എടുത്ത് ഫിറ്റ് ചെയ്യാ, അങ്ങനെയാവണം. അല്ലെങ്കിൽ മൂത്രമൊഴിച്ച് തീരുന്നതു പോലെ ഒറ്റയടിക്കങ്ങ് തീരണം.**

സ്വാതന്ത്ര്യത്തെയും ഹനിക്കുന്ന എന്തോ ഭീകര ജീവിയായിട്ടാണ് എനിക്ക് മെൻസസിനെ തോന്നിയത്. അതു കൊണ്ട് ഞാൻ വീട്ടിൽ അറിയിക്കാതെ നടന്നു കുറെ കാലം'.

'എന്റെ ദൈവമേ! എന്നിട്ട് എങ്ങനെ മാനേജ് ചെയ്തു? കൊച്ച് ചുമ്മാ കള്ളം പറയാ'.

'അല്ല സൂസേച്ചി. പാഡ് വാങ്ങി ഞാൻ ഒളിപ്പിച്ചു വയ്ക്കുമായിരുന്നു. ശരിക്കും പറഞ്ഞാ കഷ്ടപ്പാടാ. ആറേഴ് മാസം അങ്ങനെ കൊണ്ടു നടന്നു, എന്റെ കസിൻ ഞാൻ ഒളിപ്പിച്ചു വച്ച പാഡ് കണ്ടെത്തും വരെ.'

'എന്നിട്ട്? അമ്മ അറിഞ്ഞില്ലേ?'

'സ്കൂളിൽ ഹെൽത്ത് മിഷനിലെ കുറെ ചേച്ചിമാർ വന്നു. അവര് തന്നതാ. ഉപയോഗിക്കേണ്ട വിധവും പറഞ്ഞു തന്നു. എനിക്ക് ആവശ്യം ഇല്ലാത്തതു കൊണ്ട് അലമാറയിൽ വച്ചതാ, പിന്നെ ഞാനത് മറന്നു' എന്ന് നൈസായി ഒരു കളവ് പറഞ്ഞു തടിയൂരി. അടുത്ത തവണ ആയപ്പോൾ 'അമ്മാ എനിക്ക് ആയി' എന്ന് പറഞ്ഞു. ചിലപ്പോൾ അമ്മയ്ക്ക് കാര്യം പിടി കിട്ടിയിട്ടുണ്ടാവണം, എനിക്ക് വലിയ വിലക്കുകൾ ഒന്നും ഉണ്ടായില്ല. കഴിഞ്ഞപ്പോൾ മഞ്ഞൾ തേച്ചു ഒരു കുളി, അത്രന്നെ.

'ഞങ്ങൾ കസിൻസിന്റെ കൂട്ടത്തിൽ എനിക്കാ ആദ്യം ആയത്, ആറിൽ പഠിക്കുമ്പോൾ, തീർത്ഥ അതോർത്തെടുത്തു. അടിവസ്ത്രത്തിലൊരു ചുവപ്പ് പൂ വിരിഞ്ഞത് കണ്ട് അമ്മയോട് വിവരം പറഞ്ഞപ്പോൾ അമ്മയെന്നെ നുള്ളി! ബാക്കി ആർക്കും ആവുന്നതിനു മുൻപ് ഇത്ര നേരത്തേ ആയതിന് . ഞാൻ ഏങ്ങലടിച്ചു കരഞ്ഞു, രക്തം വാർന്ന് മരിച്ചു പോവുംന്നൊക്കെ കരുതി. പിന്നെ ചേച്ചിയാണ് പാഡ് വയ്ക്കാനൊക്കെ പഠിപ്പിച്ച് തന്നത്. വിവരമറിഞ്ഞപ്പോൾ അച്ഛൻ ചേർത്തു നിർത്തി നെറുകയിൽ ചുംബിച്ചിട്ടു പറഞ്ഞു എന്റെ മോളൊരു പെണ്ണായിന്ന് . അപ്പോഴാ എന്റെ കരച്ചിൽ നിന്നത്.

'നിങ്ങൾക്കൊക്കെ എന്നാലും എത്ര ഭാഗ്യം ഉണ്ട്. ഇപ്പോൾ പാഡ് വാങ്ങലൊന്നും ഒരു മടിയുള്ള കാര്യമല്ല. ഞങ്ങളടെയൊക്കെ കാലത്ത് തുണിയാണ്. അതും ആരും കാണാത്ത ഇടത്ത് ഇട്ട് ഉണക്കി എടുക്കണം. ഒളിപ്പിച്ചു വക്കണം. ഞാനൊക്കെ ഒരുപാട് ഇറുങ്ങിയ ഷിമ്മീസ് ഇട്ട് നടന്നിട്ടുണ്ട്. ചിലപ്പോൾ റിബ്ബൺ എടുത്ത് മാറത്ത് വലിച്ചു കെട്ടും. തലേം മൊലേം വന്ന പെണ്ണിനെ എത്രയും പെട്ടന്ന് കെട്ടിച്ച് വിടണം എന്ന് വിശ്വസിക്കുന്ന ഒരു തറവാട്ടിൽ നിന്ന്, സമുദായത്തിൽ നിന്ന്, പഠിക്കണം ,ജോലി വേണം എന്ന് മനസ്സ് കൊണ്ടുറപ്പിച്ച ഒരു പെൺകുട്ടി അവളുടെ പെൺമുഴുപ്പുകളെ അങ്ങനെയൊക്കെ അടിച്ചുപരത്തി ഒളിപ്പിച്ചു നടന്നിട്ടുണ്ട്. ഇന്നിപ്പോൾ എന്റെ മകൾക്ക് ആ പ്രശ്നമില്ല'. അടിച്ചമർത്തിയ ഒരു കൗമാരത്തിന്റെ ദുഃഖവും ആശിച്ചത് നേടിയ സന്തോഷവും സുഹറയുടെ മുഖത്ത് സമ്മിശ്ര ഭാവം പരത്തി.

'ശരിയാ, നമ്മുടെ കാലത്തൊക്കെ എന്ത് കഷ്ടപ്പാടായിരുന്നു. തീണ്ടാരിന്നുള്ള വാക്ക് ഞാൻ ആദ്യായിട്ട് കേൾക്കുന്നത് ആറിലോ ഏഴിലോ പഠിക്കുമ്പോഴാ'. അതോർത്ത് പ്രമീളക്ക് ചിരി പൊട്ടി. 'ഒരു ദിവസം ക്ലാസ്സിൽ ചെന്നപ്പോൾ ആകെ ബഹളമയം. പെൺകുട്ടികൾ മാത്രമുള്ള കോൺവെന്റ് സ്കൂളാണേ, അതിന്റെ സ്വാതന്ത്ര്യത്തിൽ കാക്കക്കൂട്ടിലെ കലപില തന്നെ. അപ്പോ ആരോ പറഞ്ഞു വാസന്തിക്ക് തീണ്ടാരിന്ന്. ഞാനൊക്കെ അന്ന് ഹാഫ് പാവാടയിട്ടു നടക്കുന്ന അശു. ങും... നിങ്ങൾ നോക്കി ചിരിക്കണ്ട കുട്ടികളേ. ഇതിപ്പോ രണ്ടു പേറും കുളിയും ഒക്കെ കഴിഞ്ഞതിന്റെ തടിയാ. വീട്ട് ജോലീം ഓഫീസും കുട്ടികളും ഒക്കെയായി സർക്കസ് കളിക്കുമ്പോൾ അവനവന്റെ ഫിഗർ നോക്കാൻ എവിടെയാ നേരം? അല്ലെങ്കിലിനിയിപ്പോൾ അഴകളവുകളൊക്കെ പാലിച്ചിട്ട് മിസ് ഇന്ത്യ മത്സരത്തിനു പോണൊന്നുംല്ലാലോ'.

'ന്ന്ട്ട്... വാസന്തി?'

കഥ കേൾക്കാൻ എല്ലാരും റെഡി.

**'അതാ പ്രമീ ഞാൻ പറഞ്ഞത്. നമ്മൾ നമ്മുടെ ആൺകുട്ടികളോട് പറയാൻ മടിക്കുന്നത് എന്തിനാണ്? പാഡ് അവര് കാണാത്ത ഇടത്ത് ഒളിപ്പിച്ചു വയ്ക്കുന്നതും എന്തിനാ?'**

'ക്ലാസ്സിൽ പുറകിലെ രണ്ട് ബെഞ്ചിൽ മുതിർന്ന കുട്ടികളാണ്, സ്ഥിരമായി ടീച്ചർമാരുടെ വഴക്ക് കേൾക്കുന്നവർ. കാരണം എന്താച്ചാ അവര് രണ്ടും മൂന്നും കൊല്ലം തോറ്റ കുട്ടികളാണ്. ഇന്നത്തെ പോലെ ഇന്റേണൽ അസ്സെസ്സ്മെന്റും ചോദ്യത്തിന്റെ നമ്പർ ഇട്ടു വച്ചാ മാർക്ക് കൊടുത്ത് വിജയ ശതമാനം കൂട്ടുന്ന കാലമൊന്നുമല്ലാലോ. ഇവര് ഫുൾ പാവാടയൊക്കെ ഇട്ടാണ് വരിക. അതിൽ ഒരാളുടെ, സഫിയ, കല്യാണം ആയിടെ കഴിഞ്ഞിരുന്നു. അവൾ പഠിത്തം നിർത്തേം ചെയ്തു. അന്ന് വാസന്തിയുടെ അടുത്ത് ആരും ഇരിക്കുന്നില്ല, അവൾ പുറത്താണ്, അവളെ തൊട്ടാൽ അശുദ്ധം ആവും എന്ന് പറഞ്ഞ് . അവളെ തൊട്ട ആരെങ്കിലും നമ്മളെ തൊട്ടാലും അശുദ്ധവുംത്രേ. കുറച്ച് കഴിഞ്ഞപ്പോൾ ഞങ്ങൾക്കിതൊരു കളി പോലെയായി. ആരെങ്കിലും ചെന്ന് വാസന്തിയെ തൊട്ട് ബാക്കിയുള്ളവരെ തൊടാൻ വരും. ഞങ്ങൾ ഓടും. തൊട്ട് കഴിഞ്ഞാൽ കൈ കാൽ കഴുകി 'ശുദ്ധിയായി' നടക്കും. പിന്നേം വാസന്തിയെ തൊടും . അങ്ങനെ ഒരു തീണ്ടാരിക്കളി!

ആ ഒരാഴ്ച ഞങ്ങൾക്കൊരു ഉത്സവം പോലെ ആയിരുന്നു. വാസന്തിയെക്കുറിച്ച് ചിന്തിക്കാനുള്ള പാകതയൊന്നും അന്നില്ലാലോ. കിണറ്റിൽ നിന്ന് വെള്ളം കോരാൻ പോലും വിലക്കായിരുന്നു അവൾക്ക് . ഇതിന്റെ ഒരു ആന്റി ക്ലൈമാക്സ് വീട്ടിലെത്തിയപ്പോഴായിരുന്നു . ആവേശത്തോടെ ഈ കഥ അമ്മയോട് പറഞ്ഞു. അമ്മ തീണ്ടാരി എന്താണെന്നു പറഞ്ഞു തന്നു. എല്ലാ മാസവും ഉണ്ടാവും പെൺകുട്ടികൾ മുതിർന്നാൽ. തറ്റുടുക്കുന്ന തുണി നന്നായി കഴുകി ഇടണം. പാമ്പിനു ആ ചോരയുടെ മണം നല്ല ഇഷ്ടാത്രേ. തീണ്ടാരിത്തുണിയുടെ മണം പിടിച്ച് പാമ്പ് വരും, അങ്ങനെ ആ തുണി മണത്താൽ ആ പെണ്ണിനോട് ഇഷ്ടം കൂടി അവളുടെ മേല് ചുറ്റും. പിന്നീട് ഒരിക്കലും ഇറങ്ങി പോവില്ലാത്രേ. എവിടെയൊക്കെയോ അങ്ങനെ നടന്നെന്ന മട്ടിൽ അമ്മ കുറെ കഥകൾ പറഞ്ഞു. കുറെ കാലം ഞാനത് വിശ്വസിച്ച് പേടിച്ച് നടന്നു. കുളിമുറിയുടെയും കക്കൂസിന്റെയും ഏതൊക്കെയോ അദൃശ്യ ഇടങ്ങളിൽ നിന്നൊരു പാമ്പ് ഇഴഞ്ഞു വരുന്നതോർത്ത് സമാധാനത്തോടെ കുളിക്കാനോ വെളിക്കിരിക്കാനോ ആവാതെ. സ്വപ്നങ്ങളിൽ പാമ്പുകൾ നുരഞ്ഞു. അന്നത്തെ പേടി കൊണ്ടാവും ഇപ്പോഴും അതേ, എനിക്ക് പാമ്പിനെ പേടിയാ, അതിന്റെ ചിത്രം കാണുന്നതു പോലും. ജനിച്ചപ്പോൾ തൊട്ട് ടി വിയിലും മാഗസിനിലും നാപ്കിന്റെ പരസ്യം കണ്ട് വളര്ണ നിങ്ങൾക്ക് ഇതൊക്കെ തമാശയായി തോന്നുന്നുണ്ടാവും'.

'ഓ ടി.വിലെ പരസ്യം കണ്ടാ ആ പാഡ് വച്ചാ

ലോങ്ജമ്പും ഹൈജമ്പും ഒരുമിച്ച് ചാടുംന്ന് തോന്നും! ചില മാസങ്ങളിലെ തുടയും നാഭിയും പറിഞ്ഞു പോരുന്ന വേദനയും, പി.എം.എസും പിന്നെ ഇതും കൊണ്ടുള്ള യാത്രയും. സമയാസമയത്ത് ഇതൊന്ന് മാറ്റാൻ തന്നെ സൗകര്യണ്ടോ നമുക്ക്'.

'അത് ശരിയാ സൂസൻ. ആണുങ്ങളും ഉള്ള ഓഫീസ് അല്ലേ, ഇതൊന്ന് കളയാനും പറ്റില്ല. രണ്ടു മൂന്ന് കവറിലാക്കി വീട്ടിൽ കൊണ്ട് വന്നാ കത്തിച്ചു കളയുന്നത്. ഫ്ളാറ്റിലൊക്കെ ആണെങ്കിൽ എന്താ ചെയ്യാ ആവോ ? കുടുംബശ്രീക്കാർ വേസ്റ്റ് കൊണ്ടു പോവുന്നത് കൊണ്ട് പ്രശ്നണ്ടാവില്ലല്ലേ. ഈയിടെയായി എന്റെ കാര്യം ഒരു കഥയാ, ഡേറ്റ് തോന്നിയ പോലെ. വീട്ടിൽ നിന്ന് എല്ലാവരും കൂടി ഒരു യാത്ര പുറപ്പെടാൻ പ്ലാൻ ചെയ്താ കൃത്യം അന്ന് തന്നെ ആവേം ചെയ്യും. ഇതും കെട്ടിവലിച്ചല്ലാതെ നിനക്ക് യാത്ര ചെയ്യാൻ ആവില്ലാന്ന് ഭർത്താവ് മുഖം കറുപ്പിക്കും.'

'മജീദ്ക്കാക്കും ഉണ്ടാവില്ലേ ആഗ്രഹങ്ങൾ സുഹറത്താ' എന്ന് ജൽപ്പ കണ്ണിറുക്കി.

എല്ലാവരുടെയും ചിരിയിൽ പങ്ക് കൊണ്ട് സുഹറ പറഞ്ഞു 'നീ എന്റെ കെട്ട്യോന്റെ പേര് മാറ്റല്ലേടീ.' സുഹറാക്ക് മോഹം തോന്നിയ ഒരു മജീദിന്റെ ഓർമ്മയിൽ ഉള്ള് പിടച്ചപ്പോൾ അവർ വേഗം സംസാരം മാറ്റി. 'ആ കഥ സിനിമയാക്കണ്ടായിരുന്നു. ഇപ്പോൾ മമ്മൂട്ടിയുടെ മുഖമായി മജീദിന്.'

മമ്മൂട്ടിയും മോഹൻലാലും ഒന്നും ആയിരുന്നില്ല വിസ്മയയുടെ മനസ്സിലപ്പോൾ. അവളോർത്തത് അടുത്തു വരുന്ന ഡേറ്റ് ആണ് . എല്ലാ മാസവും കൃത്യം ആവും. ആദ്യത്തെ രണ്ടു ദിവസം പൈപ്പ് തുറന്ന പോലെയാണ് വരവ്. കാശ് ഉണ്ടായിട്ടല്ല, എന്നാലും പാഡ് വാങ്ങാതെ നിവൃത്തിയില്ലാലോ. രണ്ടെണ്ണം ഓവർലാപ്പ് ചെയ്ത് വച്ചിട്ടാണ് അവൾ ഉപയോഗിക്കാറ്, എന്നിട്ടും ഒരു ദിവസം കാലിലൂടെ ഒലിച്ചിറങ്ങി. മാനേജർ കാണുന്നതിനു മുൻപ് കൂടെയുള്ള അപർണയാണ് അന്ന് രക്ഷപ്പെടുത്തിയത്. അപമാനം കൊണ്ട് കരച്ചിൽ വന്നു പൊതിഞ്ഞു.

വിസ്മയയുടെ വാടിയ മുഖം ശ്രദ്ധിച്ച് പ്രിയദ ചോദിച്ചു, എന്താ ചേച്ചീ?

ഒരു നെടുവീർപ്പോടെ വിസ്മയ പറഞ്ഞു 'ഞങ്ങൾക്കൊന്നും ഒന്ന് ബാത്റൂമിൽ പോവാൻ വരെ പാടില്ല.'

'അടിവസ്ത്രം അഴിച്ച് പരിശോധിക്കുന്ന നാടല്ലേ! അതിനെതിരെ നാപ്കിൻ അയച്ചു കൊടുത്ത് പ്രതിഷേധിച്ചപ്പോൾ പെണ്ണുങ്ങൾക്ക് തന്നെ പുച്ഛം.'

'രണ്ട് പാഡ് അയച്ചു കൊടുത്തതുകൊണ്ട് അയാൾടെ രീതികൾ മാറോ അണിമേ ? പിന്നെ പോരാത്തതിന് രക്തം പുരണ്ട നാപ്കിൻ ഫേസ്ബുക്കിൽ ഇട്ടു കൊണ്ടായി ആഘോഷം. എന്തു വൃത്തികേടാണ്. കണ്ടിട്ട് മനം പിരട്ടി.'

'വിദ്യാഭ്യാസം ഉള്ള നിങ്ങൾക്ക് പോലും മനസ്സിലാവുന്നില്ലല്ലോ സൂസേച്ചി ഇവിടെ നടക്കുന്ന ഡിസ്ക്രിമിനേഷൻ'

'നമ്മളും ഉത്തരവാദികളല്ലേ മോളേ ഇതിൽ? നമ്മുടെ വീട്ടിലെ ആണുങ്ങളെ നമ്മൾ അറിയിക്കുന്നുണ്ടോ? അവര് കാണുന്നുണ്ടോ നമ്മൾ രക്തം ഒലിപ്പിക്കുന്നത്? നമ്മുടെ അമ്മമാർ നമ്മളെ ഇത് ഒളിപ്പിച്ചു വയ്ക്കാൻ പഠിപ്പിച്ചു. നമ്മളും അത് തന്നെ പെണ്മക്കളോട് പറയുന്നു. ഇപ്പോഴും വസ്ത്രത്തിൽ ഒരു പാട് വീണാൽ അപമാനിതരായവരെപ്പോലെ നില്ക്കുന്നു. റോഡിൽ നിന്ന് മൂത്രമൊഴിക്കാൻ ഒരാണിനു മടിയില്ലാലോ.'

'അത് പോയിന്റ്. ഇന്നാളൊരു ദിവസം ഞാൻ വയറ് വേദനയായിട്ടു കിടക്കാ. അപ്പോ മോൻ വേദനക്കുള്ള ഗുളികയും വാങ്ങി വന്നു. എനിക്ക് സന്തോഷവും അത്ഭുതവും ഒരുമിച്ച് തോന്നി. എങ്ങനെ മനസ്സിലായി എന്ന് ചോദിച്ചപ്പോൾ അവൻ പറയാ ബയോളജി പഠിക്കുന്ന എന്നോടാണോന്ന്!'

'അതാ പ്രമീ ഞാൻ പറഞ്ഞത്. നമ്മൾ നമ്മുടെ ആൺകുട്ടികളോട് പറയാൻ മടിക്കുന്നത് എന്തിനാണ്? പാഡ് അവര് കാണാത്ത ഇടത്ത് ഒളിപ്പിച്ചു വയ്ക്കുന്നതും എന്തിനാ?'

സൂസേച്ചി പറഞ്ഞത് ശരിയാ എന്ന് തലയാട്ടി കൊണ്ട് പ്രിയദ പറഞ്ഞു, 'ഇപ്പോഴും വസ്ത്രത്തിൽ ആവുന്നത് ഒരു പേടി സ്വപ്നം തന്നെയാ. ഒരിക്കൽ ഡേറ്റ് ആയോന്ന് സംശയം തോന്നി അടുത്തിരിക്കുന്നവളോട് എടീ ഒന്ന് പുറകിൽ നോക്ക് എന്നു പറഞ്ഞതും അവൾ എന്നെ കളിപ്പിക്കാനായി അയ്യോന്ന് കണ്ണ് മിഴിച്ചു. ആ നിമിഷത്തിൽ എന്റെ ഹൃദയം നിലച്ച പോലെയായി.'

'ഇതു തന്നെയാ രക്തം പുരണ്ട നാപ്കിൻ പോസ്റ്റ് ചെയ്യുന്നതിന്റെ പ്രസക്തി. ആൾക്കാർ കണ്ട് കണ്ട് ആ ടബൂ അങ്ങ് മാറട്ടെ.'

ജൽപ്പ പൊടിപ്പും തൊങ്ങലും വച്ച് ഒരു സംഭവകഥ പറയാൻ തുടങ്ങി . 'ഒരു വർക്ക് ഷോപ്പിനു പോയപ്പോൾ ക്ലാസ്സിൽ വച്ച് അവൾക്കായത് . 'എന്റെ പാവാടയിലൊക്കെ ആയി. അടുത്തിരിക്കുന്ന എന്റെ ആൺ സുഹൃത്ത് കാണേം ചെയ്തു. അവനാ പോയി എനിക്ക് പാഡ് വാങ്ങിക്കൊണ്ടു വന്നത്'

ഒരു കഥ, ഒരു നുണക്കഥ... എന്ന് മുകൾ ബർത്തിൽ നിന്ന് ആരോ പാട്ട് മൂളി.

മിത്ര ഒന്ന് മയങ്ങിപ്പോയിരുന്നു. അവളുടെ വിയർപ്പാർന്ന നെറ്റിത്തടം പതുക്കെ തലോടിക്കൊണ്ട് തീർത്ഥ പറഞ്ഞു, 'ആൺ കുട്ടികൾ ഉള്ള ക്ലാസ്സിൽ ആ ദിവസങ്ങൾ പ്രശ്നം തന്നെയാണ്. ഒരിക്കൽ ടീച്ചർ സൈൻ തീറ്റ, കോസ് തീറ്റ ഒക്കെ പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോഴാണ് വേദന അതിന്റെ തേറ്റ അടിവയറിൽ അമർത്തുന്നത്.

ആശ്വാസത്തിന്റെ ചെറിയ ഇടവേളകൾ തന്ന് പതിയെ വേദന കത്തിപ്പടർന്നു. അന്നേരം എനിക്ക് തല കറങ്ങി. പുറകിലെ ബെഞ്ചിൽ കിടന്നോളാൻ പറഞ്ഞു ടീച്ചർ . അവിടെ കിടക്കുമ്പോൾ വേദനയെക്കാളേറെ പുറത്തായത് എല്ലാവരും അറിഞ്ഞ വിഷമമായിരുന്നു എനിക്കപ്പോൾ.

'പണ്ട് തറവാട്ടിലായിരിക്കുമ്പോൾ നോമ്പ് കാലത്ത് ഇതേ കഷ്ടപ്പാടാ. ആ സമയത്ത് നോമ്പ് പിടിക്കാൻ പാടില്ല. പക്ഷേ ഭക്ഷണം കഴിക്കാനും ബുദ്ധിമുട്ട്. പത്തായമൊക്കെ ഇട്ടിട്ടുള്ള കുണ്ടു മുറിയിൽ പോയിരുന്ന് ഒളിച്ചാ കഴിക്കാ. ഇല്ലെങ്കിൽ എല്ലാരും അറിയും പുറത്തായത്.'

'പണ്ട് എന്തൊക്കെ ആചാരങ്ങളായിരുന്നു ല്ലേ സുഹറാ . ഞങ്ങൾടെ ഇടയിലായിരുന്നെങ്കിൽ തിരണ്ടുകല്യാണം, പുറത്തിരിക്കൽ . മിക്ക പഴയ തറവാടുകളിലും ഉണ്ടാവും പുറത്ത് ഔട്ട് ഹൗസ് പോലെ ചെറിയ എടുപ്പുകൾ, ആ സമയത്ത് മാറി താമസിക്കാൻ. അന്ന് അതൊക്കെ എന്തൊരു പിന്തിരിപ്പൻ ആചാരം എന്നു തോന്നീട്ടുണ്ട്. പക്ഷേ ഇപ്പോൾ തോന്നാ അങ്ങനെയല്ലേ നല്ലത്ന്ന്. ഒന്ന് ആലോചിച്ചു നോക്ക് നാലഞ്ചു ദിവസം സ്വസ്ഥായിട്ട് ഒരിടത്ത് ഇരിക്കാം, പുസ്തകം വായിച്ച് , പാട്ടും കേട്ടൊക്കെ അങ്ങനെ. ഇതിപ്പോൾ നമുക്ക് എന്ത് വയ്യായ്ക ഉണ്ടെങ്കിലും രാവിലെ അടുക്കളയിൽ കയറി പ്രാതലും ലഞ്ചും ഒക്കെ ഉണ്ടാക്കണം, എല്ലാവർക്കും ടിഫിൻ റെഡിയാക്കണം, ഓഫീസിലേക്ക് ഓടണം. അതിന് പകരം ഭർത്താവും കുട്ടികളും കൂടി നാലഞ്ച് ദിവസം നമ്മൾക്ക് വച്ച് വിളമ്പുന്നു.'

'എത്ര മനോഹരമായ നടക്കാത്ത സ്വപ്നം ന്റെ പ്രമീ' എന്ന് സൂസൻ.

'എക്സ്ക്യൂസ് മി! ഹൗ കുഡ് യു യൂസ് ദി വേർഡ് 'പുറത്താകൽ'? വീ ആർ വെരി മച്ച് ഇൻസൈഡ്. ദി പ്രാക്ടീസ് ഓഫ് സ്റ്റേയിംഗ് ഔട്ട് സൈഡ് ഓർ ദിസ് റിഡിക്കുലസ് കസ്റ്റം ഓഫ്, വാട്ട് യു കാൾ... ആ യെസ് ... തിരണ്ട് കല്യാണം, ഈസ് എ പേട്രിയാർക്കൽ നോം ഫോർ ....'

'ഹെന്റള്ളോ ! എം. എ. ധവാൻ തുടങ്ങി!' ജൽപ്പ നിരാഞ്ജലിയോട് മന്ത്രിച്ചു. എല്ലാവരും കണ്ണിൽ കണ്ണിൽ നോക്കി ഒരു കുസൃതി ചിരി പങ്കു വച്ചു .

കമലയെക്കുറിച്ചാണ് ഈ നേരമ്പോക്ക്. പുറത്തൊരു സെൻട്രൽ യൂണിവേഴ്സിറ്റിയിൽ പഠനം കഴിഞ്ഞു വന്ന കമലയ്ക്ക് അതിന്റെ ഹാങ് ഓവർ വിട്ടു മാറിയിട്ടില്ല. ഇംഗ്ലീഷിലേ പേച്ച് വരികയുള്ളൂ, ഇനി മലയാളത്തിൽ ആണെങ്കിലും ജൽപ്പയുടെ ഭാഷയിൽ പറഞ്ഞാൽ ജാഡഫൈഡ് മലയാളം. പേര് കാംല എന്നേ പറയൂ, അതും ഇംഗ്ലീഷ് ആക്സന്റിൽ. അങ്ങനെയാണ് എം. എ. ധവാൻ എന്ന ഇരട്ടപ്പേര് വീണത്. ലേഡീസ് എന്നു പറഞ്ഞ് വേറിട്ടൊരു ഇടത്തിനോട് എതിർപ്പുള്ളവൾ, എന്നാലും പെണ്ണുങ്ങളെക്കുറിച്ച്, പെൺ മനസ്സുകളെക്കുറിച്ച് പഠിക്കാനാണ് ഇതിൽ കയറുന്നത് എന്നാണ് പറച്ചിൽ. ലോക്കൽ ഫെല്ലാസിന്റെ കലപില സബ് സ്റ്റാൻഡേർഡ് ചർച്ചകളിൽ താല്പര്യം പ്രകടിപ്പിക്കാറില്ല. ഏതെങ്കിലും ഗമഗണ്ടൻ പുസ്തകം വായനയാണ് പതിവ്, ഇന്ന് കൈയിൽ 'ദി വജൈന'. (അതിന്റെ കവർ അടിപൊളി, ഒടുക്കത്തെ ക്രിയേറ്റിവിറ്റി എന്ന് നിരാഞ്ജലി ) . ഇനി വല്ല ചർച്ചയിലും അഭിപ്രായം പറയാൻ നിന്നാൽ ഡോണ ഹാരവേ, ഡെല്യൂസ്, ഗ്വത്താരി (ആകെ വനിതയിൽ കമ്പി കോളം എഴുതുന്ന കോത്താരിയെ മാത്രം കേട്ടിട്ടുള്ള നമ്മളോട് എന്ന് ജൽപ്പ ) എന്നൊക്കെ പുട്ടിന് തേങ്ങയിടും. ഇനി സിനിമ ആണെങ്കിൽ മൾവി, ഗേസ് , സ്കോപ്പോഫീലിയ എന്നൊക്കെ പറഞ്ഞ് കുറെ വിദേശ സിനിമകൾ ഉദ്ധരിക്കാൻ തുടങ്ങും. അന്നേരം ജൽപ്പയോ നിരാഞ്ജലിയോ അവരുടെ മൂഡ് പോലെ ഷക്കീലയേയോ പണ്ഡിറ്റിനേയോ ഒക്കെ ഉദാത്തവൽക്കരിച്ച് ഒന്ന് ചൊറിയും . കക്ഷി ഇപ്പോൾ ഗവേഷണം, ഡോക്യൂമെന്ററി നിർമ്മാണം , ആക്ടിവിസം , ഫേസ്ബുക്കിൽ കക്ഷത്തിലെ രോമം കാണുന്ന ടൈപ്പ് ഫോട്ടോകൾ പോസ്റ്റ് ചെയ്യൽ ഒക്കെയാണ് പരിപാടി.

പെട്ടെന്ന് വണ്ടി നീങ്ങാൻ തുടങ്ങിയ ആരവത്തിൽ കമലയുടെ വാക്കുകൾ മുങ്ങി. മിത്ര പതിയെ എഴുന്നേറ്റു. അവൾ രാവിലെ ഒന്നും കഴിച്ചിരുന്നില്ല. വയറ്റിൽ നിന്ന് എന്തോ ഉരുണ്ടു കയറി ഓക്കാനിക്കാൻ വന്നപ്പോൾ അവൾ ബാത്റൂമിലേക്കോടി. ട്രെയിനിലെ ബാത്റൂം ആലോചിച്ചപ്പോൾ തന്നെ എല്ലാവർക്കും മനം പിരട്ടി.

അപ്പുറത്തിരുന്ന ഹിന്ദിക്കാരി തനിയെ പിറുപിറുക്കാൻ തുടങ്ങി. ഹമാർ ഗാവ് മിട്ടി സെ കാം ചലാത്താ ഹെ ...കേരളത്തിൽ വന്ന് അവൾ അത്യാവശ്യം മലയാളം പഠിച്ചിരുന്നു, പറയുന്നത് എന്തിനെ കുറിച്ചാണെന്ന് മനസ്സിലായപ്പോൾ അവൾക്ക് അവളുടെ ഗ്രാമം മണത്തു. അവിടെ മണ്ണ് കൊണ്ട് തടയുന്ന രക്തപ്രവാഹത്തെ ഓർത്തു അവളപ്പോൾ. മാറി ഉടുക്കാൻ തുണി ഇല്ലാത്തവർക്ക് മണ്ണും കീറ ചാക്കും ഒക്കെ വേണ്ടി വരും തടയണ കെട്ടാൻ. ഇവിടെ രണ്ടും മൂന്നും നേരം കുളിക്കൽ, പൈപ്പിൽ ഇടമുറിയാതെ വെള്ളം, എന്നിട്ടാണ് പരാതി. അവൾ പുറത്തേക്ക് നീട്ടി തുപ്പി.

കുറച്ചു നേരത്തേക്ക് എല്ലാവരും അവരവരുടെ യാത്രകളിലായി. അപ്പോഴാണ് അണിമ എല്ലാവരുടെയും മനസ്സിലുണ്ടായിരുന്ന, എന്നാൽ ചോദിക്കാൻ മടിച്ച ആ ചോദ്യം അല്പം സങ്കോചത്തോടെ ചോദിച്ചത്

സുബു എങ്ങനെയാ മാനേജ് ചെയ്യുന്നത്? ഞങ്ങൾക്ക് തന്നെ ഇതെന്തൊരു പാടാ.

സുബൈദ അവളുടെ വെട്ടമില്ലാത്ത കണ്ണുകൾ


ചിമ്മിയടച്ചു. ഉള്ളിലേക്ക് പകുതി വലിഞ്ഞ കൃഷ്ണ മണികൾ പരതുന്ന പോലെ മുകളിലേക്ക് തലയല്പ്പം ചെരിച്ച് അവൾ പറഞ്ഞു തുടങ്ങി.

'ഒന്നാം ക്ലാസ്സ് തൊട്ടേ ഞാൻ ഹോസ്റ്റലിൽ ആയിരുന്നു, സ്പെഷ്യൽ സ്കൂളിൽ. അന്നേ എല്ലാം തനിയെ ചെയ്യാൻ പഠിച്ചു, കുളിക്കലും അലക്കലും ഭക്ഷണം കഴിച്ച പാത്രം കഴുകലും ഒക്കെ. ഹൈസ്കൂൾ ആയപ്പോൾ വീടിനടുത്ത് സാധാരണ സ്കൂളിൽ ചേർന്നു . അമ്മ എല്ലാം പറഞ്ഞു തന്നിരുന്നു. ഒരു ദിവസം എന്തോ ഒട്ടിപ്പിടിക്കുന്ന പോലെ തോന്നി. അമ്മയാണ് കഴുകി തന്നതും തുണി വച്ച് തന്നതും ഒക്കെ. അതൊക്കെ ഞാൻ തന്നെ അലക്കുമായിരുന്നു. പിന്നീട് പാഡ് ഉപയോഗിക്കാൻ തുടങ്ങി. ഒരു കണക്കിന് നോക്കിയാൽ നിങ്ങളേക്കാൾ സ്വതന്ത്രരാണ് ഞങ്ങൾ. അഞ്ച്, ആറ് വയസ്സ് തൊട്ടേ എല്ലാ കാര്യങ്ങളും ഒറ്റയ്ക്ക് ചെയ്യാൻ ഞങ്ങൾ പഠിക്കുന്നുണ്ട്. ഇതും അതു പോലെ തന്നെ.' ചിപ്പി സുബുവിന്റെ കൈകളിൽ സ്നേഹത്തോടെ തൊട്ടു അന്നേരം.

അപ്പോഴേക്കും മിത്ര വാടിത്തളർന്ന് വന്നു. അവൾ ജനലിൽ തല ചാരി വച്ച് ഇരുന്നു, പണ്ടാരം ഈ മെൻസസ് എന്നു പറഞ്ഞ് . അതു വരെ എല്ലാം കേട്ടിരുന്ന രാധാമണി ഫ്ളാസ്ക് തുറന്ന് ഒരു കട്ടൻ ചായ ഒഴിച്ചു കൊടുത്തു മിത്രയ്ക്ക്. അവർ ട്രെയിനിൽ നിന്ന് ഒന്നും വാങ്ങി കഴിക്കില്ല.

'പെണ്ണുങ്ങളേ നിങ്ങളീ കുറ്റം പറയുന്ന രക്തം വറ്റുമ്പോഴേ അതിന്റെ നഷ്ടം അറിയൂ. നമ്മളെ ഊർവ്വരമാക്കി നിർത്തുന്ന , പെണ്ണാക്കുന്ന ചുവപ്പാണത്. ഞങ്ങൾടെയൊക്കെ കാലത്ത് ഇത്രേം സൗകര്യങ്ങൾ ഇല്ലാഞ്ഞിട്ടും ഇതൊരു ബുദ്ധിമുട്ടായി തോന്നീട്ടില്ല. അഞ്ചാം ദിവസം ഇഞ്ചയും താളിയും തേച്ച് മുങ്ങി നിവരുമ്പോൾ വല്ലാത്തൊരു ഊർജ്ജം തോന്നും, ഓരോ അണുവിലും പെണ്ണെന്ന അനുഭൂതി. കുനിഞ്ഞും നിവർന്നും പണിയെടുത്തിട്ടോ അഞ്ചാറ് പെറ്റിട്ടോ എന്നറിയില്ല ഈ വേദനയും കഷ്ടപ്പാടും ഒന്നും അറിഞ്ഞിട്ടില്ല. നിങ്ങള് കളിയാക്കും പോലെ ഗാന്ധിജിക്ക് വളയൂരി കൊടുക്കാനൊന്നും സാധിച്ചിട്ടില്ല, ജനിക്കാൻ ഇത്തിരി വൈകിയതു കൊണ്ട്. എന്നാലും സമരത്തിനും സത്യാഗ്രഹത്തിനും ഒക്കെ പോയിട്ടുണ്ട്. കൂടെ ജോലി ചെയ്തിരുന്ന സമപ്രായക്കാരനായ മാഷിനേം കെട്ടി. അവസാനം ഇതൊക്കെ അങ്ങട്ട് നിന്നപ്പോൾ ഉള്ളം കൈയും കാലും ചുട്ട് നീറ്റലായി, ദേഹത്തിനു മൊത്തം ഉഷ്ണം. ആ ചോരത്തുള്ളിയിലായിരുന്നു ശരീരത്തിന്റേം മനസ്സിന്റേം ഒക്കെ സ്നിഗ്ധത. ആണിന് എന്നും ചെറുപ്പം തന്നെ. അപ്പോ പിറുപിറുക്കലായി , ദേഷ്യായി , തിരിഞ്ഞു കിടക്കലായി. ഇപ്പോഴും ജോലിക്ക് പോണത് പൈസക്ക് വേണ്ടിയല്ല, ഒരു പെൺശരീരത്തിനപ്പുറത്ത് ഞാനെന്നൊരു ജീവൻ ഉണ്ടെന്ന് എന്നെ തന്നെ ബോധ്യപ്പെടുത്താനാ.'

അപ്പോഴേക്കും വണ്ടി അവർക്കിറങ്ങേണ്ട സ്റ്റേഷനിൽ എത്തി. ഇറങ്ങാൻ നേരം നിരാഞ്ജലി രാധാമണിയെ കെട്ടിപ്പിടിച്ച് അവരുടെ ചുളിവ് വീണ കവിളിൽ ഉമ്മ വച്ചു. മണി പതിനൊന്ന് ആയി. ഇന്നിനി എന്തിനാ കോളേജും ഓഫീസുമൊക്കെ? നമുക്കെല്ലാവർക്കും കൂടി ഒരു സിനിമയൊക്കെ കണ്ട് പുറത്ത്ന്ന് ഭക്ഷണവും കഴിച്ച് ബീച്ചിലൊക്കെ ഒന്നു കറങ്ങി വൈകുന്നേരം തിരിച്ചു പോവാം എന്നവൾ പറഞ്ഞപ്പോൾ ആദ്യം അവരവരുടെ തിരക്കുകളും ചെയ്തു തീർക്കേണ്ട ജോലിയും ഒക്കെ ആലോചിച്ചെങ്കിലും പിന്നെ അവർ ഓർത്തു , ഒരു ദിവസം അവളവൾക്ക് വേണ്ടി ചിലവഴിക്കുന്നതിൽ എന്താണ് തെറ്റ് എന്ന്. വൃന്ദ അവളുടെ നെറ്റിയിലെ ചുവന്ന പൊട്ട് എടുത്ത് പെൺമുറിയുടെ ചുവരിൽ ഒട്ടിച്ചു, എന്നിട്ട് പറഞ്ഞു തീണ്ടാരി വണ്ടി പൊയ്ക്കോട്ടേ, ഇന്ന് നമ്മുടെ ദിനം. ഒരാർപ്പുവിളിയോടെ ബാക്കിയുള്ളവർ അതിനെ ഏറ്റെടുത്തു. ഈ പെണ്ണുങ്ങൾക്കിതെന്തുപറ്റി  എന്ന മട്ടിൽ കുറെ ആൺനോട്ടങ്ങൾ അവരെ കടന്നുപോയെങ്കിലും അവരപ്പോൾ അതൊന്നും കണ്ടില്ല.





ഡോ. ഐറിസ്
*എഴുത്തുകാരി*
*വിവർത്തക*

# ഒറ്റത്തടിമരക്കൂട്ടുകൾ



ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകൾ ഒറ്റത്തടിമരങ്ങളെപ്പോലെയാണ്. മണ്ണിന് താഴെയോ ആകാശപ്പരപ്പിലോ പടർന്ന് പന്തലിച്ച വേരിടങ്ങളോ ചില്ലകളോ ഇല്ലാത്ത മരങ്ങൾ. കാറ്റിലും പേമാരിയിലും തനിയെനിന്ന് ആടിയുലയുമ്പോൾ മാത്രം അടുത്ത മരച്ചില്ലകളെ ഒന്ന് തൊട്ടെങ്കിലായി. അല്ലെന്നാലോ കാഴ്ചയിൽ മാത്രം ഒതുങ്ങുന്ന പാരസ്പര്യം... മൗനം കൊണ്ടുമാത്രം കുറിക്കപ്പെടുന്ന കവിതകൾ. ചില്ലകൾ പടർന്ന് കിളിപ്പറ്റങ്ങൾക്ക് ചേക്കേറാനോ കലപിലയാർക്കാനോ ഒറ്റമരത്തിന്നിലകളിലിടമില്ല... ഉയർന്നുപറക്കുന്ന കാകനും കഴുകനും ഒന്നിളവേല്ക്കാൻ വന്നിരുന്നാലായി. എന്നാലും പേര് കല്പവൃക്ഷം എന്നാണ്.

പിറവിമുതൽക്കേ പടംപൊഴിക്കേണ്ട നിയോഗമാണ് പെണ്ണുങ്ങൾക്ക്. ആർക്കോവേണ്ടി വളർത്തപ്പെടുന്നവർക്ക് വേരിടങ്ങൾ ഉണ്ടാവാൻ പാടില്ല. ഒപ്പമുള്ളവർ എപ്പോഴുമത് ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കും. അതിനാൽ ബാല്യകൗതുകങ്ങൾക്കും കൗമാരനിഗൂഢതകൾക്കും യൗവനപ്പകർച്ചകൾക്കും തുണയാവുന്ന പെൺകൂട്ടുകൾ ഒരിക്കലും ഒപ്പം വളർന്നെത്തുന്ന തണ്ണീർപ്പന്തലുകളാവില്ല. പല പ്രകൃതങ്ങളുള്ള പല കൂടുകൾ പല കാലങ്ങളിൽ എന്നതാണ് പലപ്പോഴുമുള്ള പതിവുകൾ.

പെണ്ണിനെന്തിനാണൊരു പെൺകൂട്ട്? നെറ്റിചുളിക്കേണ്ട. സ്വയം നിർണ്ണയിക്കാനാവാത്തവൾക്ക് കൂട്ട് ആർഭാടം പോലെ അനാവശ്യമാണ്. പള്ളിക്കൂടങ്ങളിലേയ്ക്ക് ഒരു വഴിക്കൂട്ടോ പഠിക്കാൻ ഒരു മനക്കൂട്ടോ തൽക്കാലത്തേകാം. കൂടിപ്പോയാലോ അത് ചിന്തകളിൽ തീപടർത്തിയാലോ.... വേണ്ടാ വേണ്ടാ വേണ്ടാ..

അവരുടെ കായൽപ്പരപ്പിലേക്ക് കാറ്റുപോലെ വന്ന് ഓളമിളക്കുന്നവയുടെ മാത്രമാവുന്നു കൂടുകളും.

പിന്നെയാരാവും കൂട്ട്? പൊട്ടിയ വളത്തുണ്ടുകൾ, കൊലുസിൻമണികൾ, മയിൽപീലികൾ, പെൻസിൽക്കഷ്ണങ്ങൾ, കൈലേസിന്നറ്റത്തെ ഒരിക്കലും വിടരാമൊട്ടുകൾ... ഓർമ്മകൾ.. വെറും ഓർമ്മക്കൂട്ടുകൾ മാത്രം.

വിവാഹിതയ്ക്ക് കൂട്ട് ഏറെക്കുറെ നിഷിദ്ധ മല്ലേ? കെട്ടുനേരം വരെ മാത്രമേ കൂട്ടുവേണ്ടൂ. വീട്ടു കാര്യങ്ങളിൽ അന്യർ ഇടപടുന്നതു ശരിയല്ല.

ജോലിയ്ക്കു പോകുന്നവർക്ക് തൊഴിലിട ങ്ങളിലെ തൊഴിൽക്കൂട്ട് മാത്രം മതി. അതിനിപ്പുറം വേണ്ട.

ഒടുവിൽ രോഗാതുരമാവുന്ന ഉയിരും ഉടലും പഴയ തേൻകുടങ്ങൾപോലെ വിണ്ടുപൊട്ടി പ്പോവാറുണ്ട്. അല്ലെങ്കിൽ മരണക്കരിമ്പടം അതൊക്കെ കോരിയെടുത്ത് മിണ്ടാതെ കടന്നുപോ കും.

എന്റെ പെൺകൂട്ടുകളെയോർത്തപ്പോൾ ഇങ്ങനെ ഓരോ പടവുകളിലൂടെ ഒഴുകിപ്പോയ ചെറിയൊരു തോടിന്റെ കഥയാവുമത് എന്നാണ് തോന്നുന്നത്.

ബാല്യത്തിൽ എനിക്കാരും കൂട്ടുകാരായു ണ്ടായിരുന്നില്ല. പെൺകൂട്ടേ ഇല്ല. പത്തുവയസ്സുവരെ മാതാപിതാക്കൾക്കൊപ്പം (അപ്പന് ജോലി പട്ടാളത്തി ലായിരുന്നു) കൂടുമാറ്റങ്ങളിലൂടെ പല നാടുകളി ലായി കഴിഞ്ഞു. പട്ടാളക്കാർക്കുവേണ്ടിയുള്ള ക്വാർട്ടേഴ്സ്, അവയ്ക്കു മുന്നിലെ നരച്ച കൂറ്റൻ വേപ്പുമരങ്ങൾ, പട്ടാളവണ്ടികൾ. സിനിമ കാട്ടും അന്തിമൈതാനങ്ങൾ... പിന്നെ ഒന്നും വ്യക്തമല്ല. നാട്ടിലെത്തി പാതിവെച്ച് പഠനമാരംഭിച്ച നാളിലും ഒരു മറുനാട്ടുകാരിയെപ്പോലെ കൂട്ടുകാർ അകന്നുനി ന്നു. കോട്ടൺഹിൽ സ്ക്കൂളിൽ കണ്ടു ചിരിച്ചു മട ങ്ങിയ ഒരുപിടി മുഖങ്ങൾക്കപ്പുറം ചങ്ങാത്തങ്ങൾക്ക് വളരാൻ കഴിഞ്ഞിരുന്നില്ല.

ബസ് സ്റ്റോപ്പുവരെയുള്ള കാതങ്ങൾ നട ന്നുകയറുമ്പോൾ വഴിയിലെ നുള്ളിക്കായും കാര യ്ക്കാപ്പൂവും തുമ്പികളും പാടവരമ്പത്തെ നീർക്കോ ലിയും കണ്ണുരുട്ടും തവളച്ചെക്കാരും പയ്യാരം പറയും മൈനകളും മാടത്തകളുമായിരുന്നു എന്റെ പെൺകൂട്ടുകാർ.

കോളേജുകാലത്തെ പെൺകൂട്ടുകളെ വീട്ടുകാർ എതിർത്തിരുന്നെങ്കിലും സെലിനും നാഗ ലക്ഷ്മിയും പകർന്ന കൗതുകങ്ങളും ആശങ്കകളും വഴിക്കൂട്ടായി നിന്നു. ബിരുദപഠനത്തിനുശേഷം പഠനം തുടർന്നെങ്കിലും അകാലത്തിലെത്തിയ വിവാഹം എന്റെ എല്ലാ കൂട്ടിനെയും കുടിയിറക്കിക്ക ളഞ്ഞു. കനത്ത ബാദ്ധ്യതകൾ തോളിൽവെച്ചു നട ക്കുന്ന എനിക്കെവിടെ ഒന്നിരിക്കാൻ നേരം? ആ കണ്ണീർപ്പാടത്തിൽ നിന്ന് കരയ്ക്കുകയറുമ്പോൾ ഒപ്പ മുണ്ടായിരുന്നത് മകളും ഒരു തോഴിയും മാത്രം.

മകൾ കോഴിക്കോട് മെഡിക്കൽ കോളേജി ലേയ്ക്ക് വന്നപ്പോഴാണ് മുൻപ് സാമൂഹ്യപ്രവർത്തന ങ്ങളുമായി പരിചയമുണ്ടായിരുന്ന സീനത്തുമായി കൂടുതലടുക്കാനായത്. ഞങ്ങൾ ഏതാണ്ടൊരേ കാലത്തായിരുന്നു നിയമബിരുദപഠനം പൂർത്തിയാ ക്കിയതും. ഇപ്പോഴും മകളുടെ കോഴിക്കോട്ടിലെ ചി റ്റയായി അഡ്വ. സീനത്ത് ഒപ്പമുണ്ട്. കാഴ്ച മങ്ങു മ്പോഴും കാലിടറുമ്പോഴും ഞങ്ങൾ ഒറ്റത്തടിമര ങ്ങൾ പരസ്പരം മനം കൊണ്ട് ഊറ്റ് പകരുന്നുണ്ട്.

ഇടയ്ക്കെപ്പോഴോ ഒറ്റപ്പെടലിന്റെ അന്ധാളി പ്പിൽ വിഷാദം കനത്ത മഞ്ഞായി എന്നിലേയ്ക്ക് പെയ്തിറങ്ങിയ നാളുകളിൽ എന്നെ കൈപിടിച്ചെ ഴുന്നേല്പിച്ചത് സുപ്രിയയാണ്. പഴയ പള്ളിക്കൂടം ചങ്ങാതി അന്ന് എനിക്ക് എല്ലാമായി. സ്വന്തം ബാദ്ധ്യതകൾ വകഞ്ഞാണ് അവളെന്റെ തിരിയണ യാതെ കാത്തത്. എന്നെ ഇടംവലം കാത്ത് ഒപ്പമി രുന്ന ഒരു വിദ്യാർത്ഥിയെയും മറക്കാതെ മനസ്സ് ചേർത്തുപിടിക്കുന്നു. നാടുകൾക്കകലെനിന്ന് സ്നേഹിക്കാൻ മാത്രമറിയുന്ന റൂത്തും ആ കാലത്ത് എന്നെ ഒപ്പം കൂട്ടുകയായിരുന്നു. നീണ്ട ഇ– മെയിലുകളിലൂടെ, ഇന്റർനെറ്റ് കോളുകളിലൂടെ യൊക്കെ റൂത്ത് എന്ന മറ്റൊരു ഒറ്റത്തടിമരം എനി ക്കായി ഓലക്കൈ നീട്ടിയെത്തി.... കടലാഴങ്ങളിൽ നിന്നുയർന്ന എന്റെ തോരാത്ത വിലാപത്തിരകളിൽ തീരംപോലെ കരുത്തായി നിന്നു ഇവരിരുവരും. പിന്നെപ്പതിയെ എന്റെ തൂവലുകൾ വീണ്ടും കിളിർത്തു.... ചിറകുകൾക്ക് പറക്കാൻ കരുത്തുവ ന്നു.

മനം തളരുന്ന കടലെടുപ്പുകളിൽ എന്റെ തന്നെ ശിഷ്യയായ ശ്രീദേവിയും തോൾചായ്ച്ച് കരുണയോടെ എന്നെ കേൾക്കുമായിരുന്നു.

തീരദേശത്തിന്റെ പൊള്ളുന്ന നഷ്ടങ്ങൾ എനിക്കു കാട്ടിത്തന്ന് പകർന്നെടുക്കാൻ ഒപ്പമുണ്ടായ മറ്റൊരു പെൺകൂട്ട് മേഴ്സി അലക്സാണ്ടറാണ്. കീഴാളത നേരിടുന്ന മനുഷ്യത്വനിശ്വാസങ്ങൾ, നീതി നിഷേധങ്ങൾ, അവകാശലംഘനങ്ങൾ – അവ സാമുദായികമായാലും ലിംഗപരമായാലും മേഴ്സി അതിലിടപെടുന്നു. മേഴ്സിയോടൊപ്പം പോയാണ് ഞാൻ അവരെ നേരിൽക്കാണുന്നത്. ഓഖി ദുരന്ത ത്തിന്റെ ദൈന്യവും അതിജീവനവും ഒപ്പം നിന്നുകാ ണാൻ എനിക്ക് മേഴ്സിയുടെ പെൺകരുത്ത് തുണ തന്നിരുന്നു. സാമൂഹികമായ ഇടപെടലുകൾക്കുമപ്പു റത്ത് മേഴ്സി എന്റെ കുടുംബത്തിനും പ്രിയങ്കരിയാ ണ്. മാറാലകൾ വന്നു മാഞ്ഞ് ഒതുങ്ങുമ്പോൾ മേഴ്സിയുടെ ഫോൺവിളികൾ എന്നെ വീണ്ടും പുറ ത്തേക്കു കൊണ്ടുവരും.

എഴുത്തിന്റെ വഴികളിലെ അക്ഷരക്കൂട്ടും മറ്റൊരു പെൺകൂട്ടാണ്. മിനി(ഡോ. മിനിപ്ര സാദ്)യുടെ 'ചേച്ചീ....' എന്ന ഉള്ളടുപ്പം എനിക്കു പകരുന്ന ഉണർച്ചകൾ പറഞ്ഞുവയ്ക്കാവുന്നതല്ല. "Your Friend is Your Need Answered" ജിബ്രാന്റെ നിർവചനത്തിന് നാനാർഥം ചമയ്ക്കുകയാണ് എന്റെ പെൺകൂട്ടുകളെല്ലാം. അവിടെ ആവശ്യം പലപ്പോഴും ഭൗതികമല്ല മനസ്സിന്റേതാകുന്നു.... ഞാൻ ആർക്കൊക്കെയോ പെൺകൂട്ടാവുന്നതും ഈ സ്നേഹാനുഭവങ്ങളുടെ കനമറിയാവുന്നത് കൊണ്ടാണ്. അത് അവർക്ക് വഴിക്കാണ്ണാവട്ടെ.



പൊന്നാനി എം.ഇ.എസ്. കോളേജ്
ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥി

**അപർണ്ണ**



# പാഞ്ഞുപോകുന്ന സൗഹൃദവണ്ടികൾ

നാല് ഇടങ്ങളിൽ നിന്ന് വന്ന് അപരിചിതമായി പരിചയപ്പെട്ട നാല് പേർ. എന്നും ഒരേ ബസ്സിൽ ഒരേ മുഖങ്ങൾ കണ്ടത് കൊണ്ടാകാം ആ മുഖപരിചയം ഇന്ന് വലിയൊരു കൂട്ടുകെട്ടായത്. ഇവർ ചിലതു പറയുന്നു

*?: എങ്ങിനെയായിരുന്നു ഈ കൂട്ടുകെട്ട് തുടങ്ങിയത്?*

സുധ: അങ്ങനെ ചോദിച്ചാൽ ആാാ..... എന്നേ ഉത്തരമുള്ളൂ. എങ്ങനെയോ ഞങ്ങൾ കൂട്ടുകാരായി.

പ്രീതി: ബസ് കൊണ്ട് ഇങ്ങനെ ഒരുപകാരം ഉണ്ടാകും എന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. ഇന്ന് രണ്ട് വർഷമായി ഞങ്ങൾടെ ഈ കൂട്ട് തുടങ്ങിയിട്ട്.

*?: അപ്പൊ നാല് പേർക്കും ഈ കൂട്ട് ഒരു ധൈര്യമാണ് അല്ലേ?*

നിഷ: ശരിയാ നാല് പേരും ഉള്ളത് കൊണ്ട് നല്ലൊരു ധൈര്യം ഉണ്ട്. രാത്രി ഇത്തിരി നേരം വൈകിയാലും ഇപ്പോൾ പ്രശ്നമില്ല. കാത്ത് നിൽക്കാൻ പറഞ്ഞ് ഒന്ന് വിളിച്ചാൽ മതി.

സുധ: ബസ് കിട്ടിയില്ലെങ്കിലും അൽപം നേരം വൈകിയാലും ഇന്ന് യാതൊരു പ്രശ്നവും ഇല്ല. കാരണം ആളുകളുടെ ചുഴിഞ്ഞ് നോട്ടം ഷെയർ ചെയ്യാൻ ആളുണ്ടല്ലോ.

രാജി: ശരിയാണ് രാത്രി ഒറ്റയ്ക്കുള്ള യാത്ര വല്ലാത്ത ഒരു അവസ്ഥയാണ്. അപ്പൊ ഒരാൾ കൂടെ ഉണ്ടെങ്കിൽ അതൊരു വല്ലാത്ത ധൈര്യം തന്നെയാണ്.
പ്രീതി: പലപ്പോഴും രാത്രി മാത്രമല്ല പകലും ആവശ്യം ഉണ്ട്. ഒരു ബുദ്ധിമുട്ട് ഉണ്ടായപ്പോൾ സംസാരിക്കാൻ ഇവർ മാത്രമേ ഉണ്ടായിരുന്നുള്ളു. അന്ന് ബസ്സിൽ അവിടെ ഉണ്ടായിരുന്ന ഒരാൾ പോലും പ്രതികരിക്കാൻ ഉണ്ടായിരുന്നില്ല? അപ്പൊ ശരിക്കും ഇത്തരത്തിലുള്ള അവസരത്തിൽ ഈ കൂട്ടുകെട്ട് വലിയ സഹായമാണെന്നല്ലേ?
സുധ: തീർച്ചയായും. ഇപ്പൊ മാത്രമല്ല എപ്പോഴും ഇതുപോലൊരു കൂട്ടുള്ളത് നല്ലതാണ്.
രാജി: യാത്രയിൽ മാത്രമല്ല കൂട്ടത്തിൽ ഒരാൾക്ക് ഒരു ബുദ്ധിമുട്ട് ഉണ്ടായാലും ഞങ്ങൾ ഒരു കൂട്ടാണ്.
നിഷ: അതിപ്പൊ പണത്തിന്റേതാണേലും വീട്ടുകാരോട് ചോദിക്കും മുമ്പേ ഇവരോട് ചോദിക്കും. ഇനി ചില നേരത്ത് ബസ്സിന് പൈസ ഇല്ലേൽ ഒക്കെ ഞങ്ങൾക്ക് ഞങ്ങൾ സഹായമാണ്

*?: നിങ്ങളുടെ വീട്ടുകാർ ഒക്കെ എന്ത് പറയുന്നു ഈ കൂട്ടിനെപ്പറ്റി ?*

നിഷ: ഈ കൂട്ട് കാരണം ഇപ്പൊ വീട്ടുകാർക്കു നല്ല ധൈര്യമാണ്. കാരണം ഒരാളെ കിട്ടിയില്ലെങ്കിൽ അടുത്ത ആളെ വിളിച്ചന്വേഷിക്കാല്ലോ?
പ്രീതി: ശരിയാ നല്ലൊരു ധൈര്യമാണ്.
രാജി: കുറേ ഏഷണിയും ചർച്ചകളും ഒക്കെ ആയിട്ട് രസമാണ്. പത്രത്തിലോ ടിവിയിലോ നാട്ടീന്നോ എവിടെന്ന് കിട്ടുന്ന വാർത്തകളും ഞങ്ങൾടെ ചർച്ചാവിഷയമാണ്.
സുധ: ചർച്ചചെയ്ത് ചർച്ച ചെയ്ത് ഒരായിരം അഭിപ്രായങ്ങളും വരും. പീഡനവാർത്ത സ്ഥിരം ആയതോണ്ട് അതിപ്പൊ ഞങ്ങൾ നിർത്തി

*?: അപ്പൊ നിങ്ങൾ കുറച്ച് കൂടുതൽ സാമൂഹികമായി ചിന്തിക്കാറുണ്ടെന്ന് സാരം.*

സുധ: തീർച്ചയായും, എന്ത് കൊണ്ട് ആയിക്കൂടാ! ഞങ്ങൾടെ കൂടെ ജോലി ചെയ്യുന്നവർക്കും ഇനി ബസ്സിൽ ആണേൽ അവിടെയും പെണ്ണുങ്ങൾക്ക് എപ്പോഴും പറയാൻ ഉള്ളത് ആകെ സ്വർണ്ണത്തിന്റയോ വെള്ളീടെയോ കണക്ക് മാത്രമായിരിക്കും. പലപ്പോഴും ചിന്തിച്ചിട്ടുണ്ട് ഇതൊരിക്കലും മാറില്ലേ എന്ന്, എന്താ രാഷ്ട്രീയവും സാമ്പത്തികശാസ്ത്രവും ഞങ്ങൾക്കും വഴങ്ങില്ലേ?
രാജി: 12 വയസ്സിന് താഴെയുള്ള കുട്ടികളെ പീഡിപ്പിക്കുന്നവർക്ക് പരമാവധി ശിക്ഷ വധശിക്ഷ ആക്കണമെന്ന് പറഞ്ഞത് നല്ല തീരുമാനമാണ്. പക്ഷേ 12 വയസ്സിന് താഴെയുള്ള കുട്ടികളെ പീഡിപ്പിക്കുന്നവർക്ക് മാത്രം മതിയോ അത് എന്നതായിരുന്നു ഞങ്ങൾടെ പുതിയ പ്രശ്നം.
പ്രീതി: പ്രത്യേകിച്ച് വലിയ പ്രശ്നം ഒന്നും ഇല്ല. പെൺകുട്ടികളെയും സ്ത്രീകളെയും പീഡിപ്പിക്കുന്നവർക്ക് മുഴുവൻ വധശിക്ഷ തന്നെ വേണം. അപ്പൊ പ്രശ്നം തീർന്നു. എന്ന് അങ്ങനെ

**ഞാനിപ്പോൾ കേട്ടത് എവിടെയൊക്കെയോ അടക്കിപ്പിടിച്ചിരിക്കുന്ന പെൺവികാരമാണോ? സുധ: അങ്ങനെയും പറയാം. ഒന്ന് സംസാരിക്കാൻ പോലും, സ്വന്തം അഭിപ്രായം വിളിച്ചുപറയാൻ പോലും പറ്റാത്ത സമൂഹത്തിൽ ഇങ്ങനെ ഒരു കൂട്ട് കൂടി ഇല്ലായിരുന്നെങ്കിൽ തീർന്നു കഥ. ഞങ്ങൾ എല്ലാരും വ്യത്യസ്ത പാർട്ടിക്കാരും വ്യത്യസ്ത ആശയങ്ങൾ ഉള്ളവരും ആണ്. എന്നാലും ഒരുകാര്യം പറഞ്ഞുവരുമ്പോൾ ഞങ്ങൾ നാലും ഒന്നാകും**

ഒരു നിയമം വരുന്നുവോ അന്ന് നമ്മുടെ നാട് നന്നാവും.
സുധ: സത്യം പറഞ്ഞാൽ പേടിയാണ്. കുട്ടികളെക്കുറിച്ച് ചിന്തിച്ചാൽ തന്നെ. ഇപ്പൊ പ്രായം ഒന്നും ഒരു വിഷയമല്ലല്ലോ, പെണ്ണായാൽ പോരേ.
രാജി: ശരിയാ മാറും, ഇതെല്ലാം എന്നേലുമൊക്കെ മാറുംന്ന് വിശ്വസിക്കാം

*?: ഞാനിപ്പോൾ കേട്ടത് എവിടെയൊക്കെയോ അടക്കിപ്പിടിച്ചിരിക്കുന്ന പെൺവികാരമാണോ?*

സുധ: അങ്ങനെയും പറയാം. ഒന്ന് സംസാരിക്കാൻ പോലും, സ്വന്തം അഭിപ്രായം വിളിച്ചുപറയാൻ പോലും പറ്റാത്ത സമൂഹത്തിൽ ഇങ്ങനെ ഒരു കൂട്ട് കൂടി ഇല്ലായിരുന്നെങ്കിൽ തീർന്നു കഥ. ഞങ്ങൾ എല്ലാരും വ്യത്യസ്ത പാർട്ടിക്കാരും വ്യത്യസ്ത ആശയങ്ങൾ ഉള്ളവരും ആണ്. എന്നാലും ഒരു കാര്യം പറഞ്ഞുവരുമ്പോൾ ഞങ്ങൾ നാലും ഒന്നാകും

*?: നിങ്ങളുടെ ഉള്ളിൽ വല്ലാത്ത ഒരുതരം ബന്ധം ഫീൽ ചെയ്യുന്നു. അഭിപ്രായങ്ങൾ പോലും ഒന്ന്. അതെങ്ങനെ?*

നിഷ: അതങ്ങനെയാണ്. അതുകൊണ്ടല്ലേ ഞങ്ങൾ കൂട്ടുകാരായത്. എന്നും ഈ കൂട്ടുകെട്ട് ഇങ്ങനെ ത്തന്നെ ഉണ്ടായാൽ മതിയായിരുന്നു.

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# കുട്ടികൾ ഒഴിയുന്ന തെരുവുകൾ

**അവധിക്കാലത്തിന്റെ ഒരു സൂചനയും ഇല്ല.'ക്യാച്ച്' 'ഔട്ട്' എന്ന ആകാശം ഭേദിക്കുന്ന ഘോഷങ്ങളില്ല. കുട്ടികൾ തെരുവുകളെ കൈയ്യൊഴിയുകയാണോ?**

ഇത്തവണത്തെ പംക്തി എഴുതുന്നത് ബാംഗളൂരിൽ നിന്നാണ്. അമ്മയെ കാണാൻ വരുമ്പോഴൊക്കെ, അമ്മ താമസിക്കുന്ന വീടിനു മുന്നിലെ നിരത്തിൽ കളിച്ചു തിമിർക്കുന്ന കുട്ടികളുടെ ബഹളങ്ങൾ കണ്ണിനും കാതിനും ഉത്സവമാണ്.

കേരളത്തിലെ പല പ്രദേശങ്ങളിൽ നിന്നും കളിസ്ഥലങ്ങൾ അപ്രത്യക്ഷമാകുന്ന ദൈനംദിന ജീവിതങ്ങൾ എന്നെ അസ്വസ്ഥപ്പെടുത്താറുണ്ട്. അതുകൊണ്ടുതന്നെ സായാഹ്നങ്ങളിലും അവധിക്കാലത്തും പകൽ സമയങ്ങളിലും ആൺപെൺ ഭേദമില്ലാതെ കുട്ടികൾ ഒളിച്ചുകളിക്കുമ്പോൾ, ക്രിക്കറ്റ് ബാറ്റുമായി റോഡിലൂടെ റോന്തു ചുറ്റുമ്പോൾ, തലേന്ന് കണ്ട കളിയെ വിദഗ്ദ്ധവിശകലനത്തിനു വിധേയമാക്കുമ്പോൾ, ഫുട്ബോൾ ഗ്രൗണ്ടിലെ വിശേഷങ്ങൾ ആവേശത്തോടെ കുഞ്ഞുവായിൽ പങ്കുവെക്കുമ്പോൾ ഞാൻ അനുഭവിക്കുന്ന ആഹ്ലാദങ്ങൾ ചെറുതല്ല. അവരുടെ നിഷ്കളങ്കമായ ആശങ്കകൾ, കൂസലില്ലായ്മകൾ നമ്മുടെ ബാല്യങ്ങളിലേക്കു നമ്മെ തിരിച്ചു കൊണ്ട്പോകുന്നുണ്ട്. ആ ശബ്ദങ്ങളും, ആർപ്പുവിളികളും, പിഞ്ചുവക്കാണങ്ങളുടെ മധുരവും പ്രതീക്ഷിച്ചു കൊണ്ടാണ് ഇത്തവണയും ഇവിടെ എത്തിയത്. പക്ഷെ അദ്ഭുതം തോന്നി... തെരുവുകൾ ഒഴിഞ്ഞു കിടക്കുന്നു.

അവധിക്കാലത്തിന്റെ ഒരു സൂചനയും ഇല്ല. 'ക്യാച്ച്' 'ഔട്ട്' എന്ന ആകാശം ഭേദിക്കുന്ന ഘോഷങ്ങളില്ല. കുട്ടികൾ തെരുവുകളെ കൈയ്യൊഴിയുകയാണോ? അമ്മയെ സഹായിക്കാൻ വരുന്ന പാർവതാമ്മ കന്നഡത്തിൽ പറഞ്ഞത് അമ്മ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി. ദിവസവും പത്രത്തിൽ വരുന്ന





**വര : സംഗീത**

വാർത്തകൾ, ബാല പീഡനത്തിന്റെ കഥകൾ കടുത്ത ഭീതി പരത്തുന്നുണ്ട്. അതിന് ആക്കം കൂട്ടുന്ന തരത്തിലാണ് ആ അയൽപക്കത്തു താമസിക്കുന്ന ഒരു 'മാന്യ'ന്റെ പെരുമാറ്റവും. പത്തും പതിനൊന്നും പ്രായമുള്ള പെൺകുട്ടികളോട് അയാൾക്ക് പ്രത്യേക വാത്സല്യമാണ് . ചുരുക്കം പറഞ്ഞാൽ അയാളുടെ വാത്സല്യം കൊണ്ട് അവിടത്തെ നിവാസികൾ പൊറുതിമുട്ടിയിരിക്കുകയാണ് .ഒരു ദിവസം ഷട്ടിൽ കളിച്ചു കൊണ്ടിരുന്ന, കൗമാരമെത്താത്ത ഒരു പെൺകുട്ടിയെ അയാൾ കെട്ടിപിടിച്ചു, മുത്തം കൊടുത്തു. ചെയ്യരുത് എന്ന് അവൾ താക്കീതു ചെയ്തപ്പോൾ വീണ്ടും കവിളത്തു തലോടി . വാത്സല്യം സഹിക്കാതായപ്പോൾ അവൾ അച്ഛനോട് പറഞ്ഞു . കുട്ടിയുടെ അച്ഛൻ ഇറങ്ങി വന്നു ആ തെരുവിലുള്ളവർ മുഴുവൻ കേൾക്കെ അലറി : 'ഇനി എന്റെ കുട്ടിയെ തൊട്ടാൽ താൻ വിവരം അറിയും'. പക്ഷെ അയാൾക്ക് തന്റെ വാത്സല്യത്തെ ആവിഷ്കരിക്കാതെ സ്വസ്ഥതയില്ല . ഭാര്യയും കുട്ടിയുമൊത്തു ജീവിക്കുന്ന അയാൾ ഒരു ഉളുപ്പുമില്ലാതെ തന്റെ വാത്സല്യം പിന്നെ അഞ്ചും

**നിരാലംബരായ കുഞ്ഞുങ്ങളുടെ നാടായി ഭാരതം മാറുകയാണ്. അവരുടെ സ്വതന്ത്രമായ ചലനങ്ങളെ ചങ്ങലക്കിട്ടുകൊണ്ടും, ആരെയും വിശ്വസിക്കരുത് എന്ന് പഠിപ്പിച്ചു കൊണ്ടുമാണ് നമ്മൾ അവരെ രക്ഷിക്കാൻ ശ്രമിക്കുന്നത്. ഒട്ടും ആശാവഹമല്ലാത്ത ജീവിതാവസ്ഥകളാണിത്.**



ആറും വയസ്സുള്ള പെൺകുട്ടികളിൽ ചൊരിയാൻ തുടങ്ങി . അവരെ ബിസ്ക്കറ്റ് കാട്ടി മയക്കി വീട്ടിലേക്കു കൊണ്ട് പോകാൻ വല്ലാത്ത ഉത്സാഹം കാണിച്ചുകൊണ്ടിരുന്നു. ഈ വിനോദം കണ്ടു മടുത്ത ആ അയൽവക്കത്തെ അമ്മമാർ അയാളുടെ വീടിനു മുന്നിൽ ഒരു ചെറിയ ധർണ തന്നെ നടത്തി കഴിഞ്ഞപ്പോളാണ് അയാളുടെ അസുഖം (വാത്സല്യം) താൽക്കാലികമായെങ്കിലും മാറിയത് .


ഇത് ഇന്നത്തെ ഇന്ത്യയിലെ ഒരു വൻ നഗരത്തിലെ ചിത്രമാണ്.കുട്ടികളെ, ശിശുക്കളെ എങ്ങിനെയൊക്കെ ഉപദ്രവിക്കാമെന്നു പരീക്ഷണങ്ങൾ നടത്തുന്ന ഒരു നാട്ടിലാണോ നമ്മൾ ജീവിക്കുന്നതെന്നു വ്യാകുലപ്പെടുന്ന ജനത, നിസ്സഹായരായ കുഞ്ഞുങ്ങളെ സംരക്ഷിക്കാനായി തിരഞ്ഞെടുക്കുന്ന എളുപ്പമാർഗ്ഗം അവരെ പൊതുവായ കളിസ്ഥലങ്ങളിൽ നിന്ന് പിൻവലിക്കുക എന്നതാണ്. കത്വയിലെ കൃത്യം നാടിനെ മുഴുവനും പൂർവ്വാധികം ഭയത്തിൽ ആഴ്ത്തിയിരിക്കുകയാണ്.

നിരാലംബരായ കുഞ്ഞുങ്ങളുടെ നാടായി ഭാരതം മാറുകയാണ്.അവരുടെ സ്വതന്ത്രമായ ചലനങ്ങളെ ചങ്ങലക്കിട്ടുകൊണ്ടും, ആരെയും വിശ്വസിക്കരുത് എന്ന് പഠിപ്പിച്ചു കൊണ്ടുമാണ് നമ്മൾ അവരെ രക്ഷിക്കാൻ ശ്രമിക്കുന്നത്. ഒട്ടും ആശാവഹമല്ലാത്ത ജീവിതാവസ്ഥകളാണിത്.

അവൾ പുൽത്തകിടിയിൽ കുതിരകളെ മേക്കാൻ ഇറങ്ങിയതായിരുന്നു.മൂന്നു മാസങ്ങൾക്കു ശേഷം ലോകം ഞെട്ടിത്തരിച്ച വാർത്തയായി മാറിയ ആ പെൺകുഞ്ഞിനെ കീറിമുറിച്ചതിനെതിരെ

പ്രതികരിക്കുന്നതും ദുഷ്കരമായി മാറിയിരിക്കുന്ന അവസ്ഥയിലാണിന്നു നമ്മൾ. ദുർഗ്ഗ മാലതി എന്ന ചിത്രകാരി വരച്ച ചിത്രങ്ങൽ മതവികാരത്തെ വ്രണപ്പെടുത്തുവെന്നു പറഞ്ഞാണ് അവർക്കു നേരെ അസഭ്യവർഷം നടത്തിക്കൊണ്ടു ആർഷ ഭാരത സംസ്കാരത്തെ ചിലരെങ്കിലും സംരക്ഷിക്കാൻ ശ്രമിക്കുന്നത് എന്നത് അമ്പരപ്പിക്കുന്നുണ്ട്. പിഞ്ചുകുഞ്ഞിനു മേലെ ഭീകരത അഴിച്ചുവിടുമ്പോൾ തകരേണ്ടതല്ലേ നമ്മുടെ കൊട്ടിഘോഷിക്കപ്പെടുന്ന മഹത്വമെല്ലാം? നവമാധ്യമങ്ങളിലൂടെ, ചുറ്റും കാണുന്ന ലോകത്തിലെ അധാർമ്മികതയോടു പ്രതികരിക്കുന്ന സ്ത്രീകളെ വാക്കുകൾ കൊണ്ട് ബലാത്സംഗം ചെയ്യുന്ന പ്രക്രിയ അവളുടെ ആത്മവിശ്വാസത്തെ കെടുത്തി, മറ്റു സ്ത്രീകളെ ഭയപ്പെടുത്തി, നമ്മളുടെ ആർജ്ജവത്തെ തകർക്കാനുള്ള ആസൂത്രിതമായ ശ്രമമാണ്. എന്നാൽ അതിനു കീഴടങ്ങാതെ സ്ത്രീകൾ എഴുതിക്കൊണ്ടേയിരിക്കുന്നു, വരച്ചു കൊണ്ടേയിരിക്കുന്നു,കവിതകളും, ലേഖനങ്ങളും രചിക്കുന്നു പോസ്റ്റുകൾ നെയ്യുന്നു, നർമ്മസുന്ദരമായ ചിത്രത്തുന്നലുകളിലൂടെ സ്ത്രീകളുടെ ഹാസ്യത്തിന് മറ്റൊരു മാനം നൽകു ന്നു. കാർട്ടൂണുകൾ മെനയുന്നു ഉറക്കെ പരിഹസിച്ചു ചിരിക്കുന്നു. അതെ തളരാൻ മനസ്സില്ല എന്ന് ഉറക്കെ പറയലാണ് ആ ചിരി. അതുകൊ ണ്ടാണ് ചിരിക്കുന്ന സ്ത്രീയെക്കുറിച്ചു കഴിഞ്ഞ പാഠഭേദത്തിൽ ഏ.കെ. ജയശ്രീ എഴുതിയ ലേഖനം ശ്രദ്ധേയമായത്. 'പെണ്ണൊരുമ്പെടുന്നു – മലയാളവും മാറുന്നു' എന്ന തലക്കെട്ടോടു കൂടി നാൽപ്പതിലധികം സ്ത്രീകളുടെ സർഗ്ഗാവിഷ്കാരങ്ങളെ ആഘോഷിക്കുന്ന ഈ പതിപ്പ്

**നവമാധ്യമങ്ങളിലൂടെ, ചുറ്റും കാണുന്ന ലോകത്തിലെ അധാർമ്മികതയോടു പ്രതികരിക്കുന്ന സ്ത്രീകളെ വാക്കുകൾ കൊണ്ട് ബലാത്സംഗം ചെയ്യുന്ന പ്രക്രിയ അവളുടെ ആത്മവിശ്വാസത്തെ കെടുത്തി, മറ്റു സ്ത്രീകളെ ഭയപ്പെടുത്തി, നമ്മളുടെ ആർജ്ജവത്തെ തകർക്കാനുള്ള ആസൂത്രിതമായ ശ്രമമാണ്.**




മലയാളി സ്ത്രീജീവിതങ്ങളിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ശുഭാപ്തി വിശ്വാസത്തോടെയും, പ്രതീക്ഷയോടെയും അവതരിപ്പിച്ചതാണ് പ്രത്യേകം എടുത്തുപറയേണ്ടത്. കേരളത്തിലെ സ്ത്രീപ്രസ്ഥാനത്തിൽ നിർണ്ണായകമായ പങ്കുകൾ വഹിച്ച, ദീർഘകാല സാന്നിധ്യങ്ങൾ ആയ എ.കെ ജയശ്രീ , വി എം ഗിരിജ, മ്യൂസ് മരിയ ജോർജ് എന്നിവരോടൊപ്പം അടുത്ത കാലത്തു നമ്മുടെ ചിന്തക്കും, മനസ്സിനും ഉണർവ്വ് പകർന്നു തന്നുകൊണ്ടിരിക്കുന്ന എഴുത്തുകാരികളും അണിനിരക്കുന്നു. മുലയൂട്ടുന്ന കവർ ചിത്രത്തെ സംസാരവിഷയമാക്കി മാറ്റിയ ഗൃഹലക്ഷ്മിയുടെ വിപണനതന്ത്രങ്ങൾ ആത്യന്തികമായി സ്ത്രീവിരുദ്ധമാണെന്ന് ജിഷ ജോസ് സമർഥിക്കുമ്പോൾ, സാമ്പ്രദായിക റോളുകൾ തിരസ്കരിച്ചു പൊതുമണ്ഡലം കയ്യടക്കുന്ന പെൺകുട്ടികൾക്കനുസരിച്ചു ആൺകുട്ടികളാണ് ഇനി മാറേണ്ടതെന്നു ഉഷ എസ്. ഓർമ്മപ്പെടുത്തുന്നു. സോഷ്യൽ മീഡിയ സ്ത്രീകൾക്കായി ഒരുക്കുന്ന പുതു തുറസ്സുകളെയും, സൗഹൃദവലയങ്ങളെയും അവയിലൂടെ വീണ്ടും തളിർത്തു പൂക്കുന്ന ജീവിതത്തെയും കുറിച്ച് ഷീബ ഇ.കെ. വാചാലയാകുമ്പോൾ,കാലത്തിനനുസരിച്ചു മാറുന്ന ആൺ ബോധങ്ങളെ പി.ഗീത സ്വാഗതം ചെയ്യുന്നു, നവമാധ്യമ സംസ്കാരത്തിന്റെ ഉപോല്പന്നമായി

സ്ത്രീകൾ നേരിടുന്ന ദുരന്തമായ സൈബർ റേപ്പിനെയും അതിൽ ശക്തമായി ഇടപെടുന്ന പെൺകുട്ടിയേയും സുനിത സുരേഷ് ചർച്ച ചെയ്യുമ്പോൾ, വീണ്ടെടുക്കാനുള്ള ഇടങ്ങളെ അമ്പിളി ഓമനക്കുട്ടനും സീന സണ്ണിയും ഓർത്തെടുക്കുന്നു.ഒറ്റമുറി വെളിച്ചം എന്ന മികച്ച സിനിമക്കുള്ള അവാർഡ് ലഭിച്ച ചലച്ചിത്രത്തെ ചർച്ച ചെയ്തു കൊണ്ട് അപർണ പ്രശാന്തി കുടുംബത്തിനുള്ളിലെ മാരകമായ ഹിംസാത്മകതയെ വെളിച്ചത്തിലേയ്ക്കു കൊണ്ടുവരുന്നു.

പുരുഷന്റെ അനുഭവമല്ല സ്ത്രീ സ്വാതന്ത്ര്യബോധത്തിന്റെ അളവുകോൽ എന്ന് കൃഷ്ണമായ അടിവരയിടുന്നു.പ്രശസ്തിയുടെയും സ്വയംപര്യാപ്തതയുടെയും കൊടുമുടി കയറി, ഫെമിനിസ്റ്റ് ആശയങ്ങൾക്കനുസരിച്ചു ജീവിക്കുന്ന സ്ത്രീകൾ എന്തുകൊണ്ട് ഫെമിനിസ്റ്റ് എന്ന ലേബലിനെ ഭയക്കുന്നു എന്ന ഒരുപാടുകാലമായി നമ്മെ അലട്ടുന്ന ചോദ്യത്തെ എസ് മൃദുലദേവി വീണ്ടും ചോദിക്കുന്നു. ഫെമിനിസം എന്ന ചിന്താപദ്ധതിക്ക് അയിത്തം കൽപ്പിക്കുന്ന എഴുത്തുകാരികൾ ഇന്നുമുണ്ട് എന്നുള്ളത് പല തീർപ്പുകളെയും പുനർ പരിശോധിക്കാൻ നമ്മളെ പ്രേരിപ്പിക്കേണ്ടതാണ്. പുരുഷനെ അകറ്റി നിർത്താതെ, ഒരു പുതിയ ലോകത്തിലേക്ക് ക്ഷണിക്കുന്ന ആത്മീയ ചൈതന്യം തുളുമ്പുന്ന ഉൾചലനമായി അവിജിത സ്ത്രീവാദത്തിനു മാറ്റുകൂട്ടുന്നുണ്ട്. ആൺ പെൺ ദ്വന്ദങ്ങൾക്കപ്പുറം പോയി പെണ്ണത്തത്തെ വീണ്ടും കണ്ടെത്താനുള്ള ഒരു വഴിയാണ് നാം തിരഞ്ഞെടുക്കേണ്ടതെന്ന സ്നേഹിതയുടെ ഇടപെടൽ ചർച്ചയെ മറ്റൊരു ദിശയിലേക്കു തൊടുത്തുവിടുന്നുണ്ട്. പ്രശസ്തരല്ലാത്ത, സമൂഹം അംഗീകരിക്കാത്ത എന്നാൽ ഏതൊരു കടുത്ത ഫെമിനിസ്റ്റിനെപ്പോലും അസൂയപ്പെടുത്തുന്ന രീതിയിൽ തനിക്കു തോന്നിയ പോലെ വസിക്കുന്ന (തോന്ന്യാസിയായ), ആരോരുമറിയാതെ ജീവിച്ചു മരിച്ചു പോകുന്ന, നമ്മൾ കണ്ടു മറന്നു പോയ അനവധി സ്ത്രിയ്കളെ ഓർമ്മപ്പെടുത്തികൊണ്ടു ആഷ് അഷിതയുടെ ഷീലാമണി നമുക്ക് മുന്നിൽ പൂത്തുലഞ്ഞു നിൽക്കുന്നു. കുലസ്ത്രീയും ചന്തപ്പെണ്ണും, പൗരിയുടെ നോട്ടങ്ങൾ, പെണ്ണൊരുമ്പെട്ടാൽ ലോകം മാറുന്നു എന്ന ഗ്രന്ഥങ്ങളിലൂടെ ജെ. ദേവികയുടെ സൈദ്ധാന്തിക സംഭാവനകളെ വിലയിരുത്തുകയാണ് എം.കെ.ഷെരീഫ.

പിന്നെയുള്ള താളുകളിൽ ഉന്മാദം കത്തിയെരിയുന്ന ഒരു കൂട്ടംകവിതകളാണ് വായനക്കാരെ കാത്തിരിക്കുന്നത്

**ഫെമിനിസം എന്ന ചിന്താപദ്ധതിക്ക് അയിത്തം കൽപ്പിക്കുന്ന എഴുത്തുകാരികൾ ഇന്നുമുണ്ട് എന്നുള്ളത് പല തീർപ്പുകളെയും പുനർ പരിശോധിക്കാൻ നമ്മളെ പ്രേരിപ്പിക്കേണ്ടതാണ്.**

.ചിന്തയുടെ,ധ്യാനത്തിന്റെ കുതിച്ചൊഴുക്കിൽ ഇത് വരെ കാണാത്ത ആഴങ്ങളിലേക്കും ഉയരങ്ങളിലേക്കും, നമ്മൾമുങ്ങിത്താഴുകയും പറന്നുയരുകയും ചെയ്യുന്നു. അനുഭവങ്ങളുടെ,അനുഭൂതികളുടെ വേദനകളുടെ, മോഹങ്ങളുടെ ദാർശനിക ഭാവങ്ങളുടെ അനന്തമായ സാധ്യതകളെ ആളിക്കത്തിക്കുന്ന ഈ രചനകൾ –സേതുലക്ഷ്മി നായർ, ഗിരിജ പി. പാതേക്കര, വി.എം.ഗിരിജ, മീര ബെൻ, രാഗില സജി, രതി പതിശ്ശേരി, ലിഷ അന്ന, അനു പാപ്പച്ചൻ, ധന്യ ആർ. കൃഷ്ണൻ, ഇ.സന്ധ്യ, നിഷ നാരായൺ, ആർ.ശ്രീലതാവർമ്മ, കവിത ബാലകൃഷ്ണൻ, അമ്മു ദീപ, അജിത ടി.ജി, പ്രസന്ന ആര്യൻ, റോഷ്നി സ്വപ്ന, മ്യൂസ് മേരി ജോർജ്, ചിഞ്ചു റോസാ, സതി അങ്കമാലി, ഷീബ ദിൽഷാദ്, തസ്മിൻ ശിഹാബ് എന്നിവരുടെ കാവ്യസൃഷ്ടികൾ – പാഠഭേദത്തിന്റെ 2018 മാർച് – ഏപ്രിൽ ലക്കത്തിലേക്ക് നമ്മൾ വീണ്ടും വീണ്ടും മടങ്ങിപ്പോകുമെന്നു ഉറപ്പു വരുത്തുന്നു.

നമുക്ക് ചുറ്റും സ്ത്രീവിരുദ്ധ ഭാഷണങ്ങളും അതിക്രമങ്ങളും ദിനം തോറും വർധിക്കുമ്പോഴും സ്ത്രീകളെ സ്നേഹിക്കുന്ന ഒരു ലോകത്തെ, കാരുണ്യത്തെയും സഹാനുഭൂതിയെയും കരുത്തായി കാണുന്ന ഒരു ലോകത്തെ സ്വപ്നം കാണാൻ ഈ പതിപ്പ് ധൈര്യപ്പെടുന്നു .കാരണം, തനിക്കു ചുറ്റും ഇരുൾ മൂടുന്ന അരക്ഷിതാവസ്ഥയിലിരുന്നു അവൾ മറ്റൊരു ഇടം,അവസ്ഥ സ്വപ്നം കാണുന്നുണ്ട്. സേതുലക്ഷ്മി നായരുടെ 'പ്രകൃതി വിശ്രമിക്കുന്ന ഇടങ്ങളിലെ' കനൽക്കണ്ണുള്ള നാടോടി സ്ത്രീയാണവൾ.

'സൗകര്യമുള്ളപ്പോൾ ചാരപ്പടുതി വിട്ടെണീറ്റു
മുടിവാരിക്കെട്ടി പുരപ്പുറം തൂത്തു
കാടടച്ചു തീർത്ഥം തേവിതളിർപ്പിച്ചു
വാതിലും ചുമരുമില്ലാത്ത
കാട്ടുകോവിലിൽ കുടിയിരിക്കുന്നവൾ
കാവൽക്കാരി, ഉടമസ്ഥ.'



**സി.എസ്. മീനാക്ഷി**
*എഴുത്തുകാരി*
*മുൻ എൻജിനിയർ*
*തദ്ദേശസ്വയംഭരണ വകുപ്പ്*

# ജീവിതഗാനം ഒന്നിച്ചുപാടുന്നവർ

പുരുഷന്മാരും സ്ത്രീകളുമുള്ള ഒരു വാട്സാപ്പ് ഗ്രൂപ്പിലെ ഞങ്ങളറിയാതെ രൂപപ്പെട്ട ഒരു പെൺകൂട്ടായ്മയെ പറ്റിയാണ് ഈ കുറിപ്പ്. അവളവളുടെ ദൈനദിനതകൾക്കിടയിൽ ആശ്വാസത്തുരുത്താകുന്ന ഒരു കൂട്ടായ്മ.

Let's sing together എന്ന വാട്സാപ്പ് ഗ്രൂപ്പ് തുടങ്ങിയിട്ട് നാല് വർഷമാകുന്നു. വി.ടി. മുരളിയേട്ടനാണ് ഈ പാട്ടുസംഘത്തിന്റെ സൃഷ്ടാവ്. മഹാനായ സംഗീത സംവിധായകൻ ശ്രീ എം.ബി. ശ്രീനിവാസന്റെ ആശയമാണ് 'എല്ലാവർക്കും പാടാം' എന്നത്. സംഗീതത്തെ എന്ന പോലെ മനുഷ്യരെ സ്നേഹിച്ച ഒരു വ്യക്തിയായിരുന്നു എം.ബി.എസ്. അതുകൊണ്ട് തന്നെയാകും മുരളിയേട്ടൻ ഗ്രൂപ്പിന് ആ പേര് ഇട്ടത്. ആണുങ്ങളും പെണ്ണുങ്ങളും ഉള്ള ഈ ഗ്രൂപ്പിൽ ഞങ്ങൾ സംഗീതത്തിനപ്പുറം ജീവിതവും പങ്കിട്ടു. ഇതിലെ പെണ്ണുങ്ങൾ തമ്മിൽ ഊഷ്മളമായ ഒരു അന്തർധാര രൂപപ്പെട്ടു. അവർ ജീവിത പ്രശ്നങ്ങൾ പരസ്പരം പങ്കുവെച്ചു. ഒരാൾ മറ്റൊരാൾക്ക് താങ്ങായി. അങ്ങനെ പട്ടാമ്പിയിലുള്ള രേണുവും എറണാകുളത്തുള്ള മായയും കോഴിക്കോടുള്ള താഹിയും മീനാക്ഷിയും വടകരയുള്ള അനിയും ഇറ്റലിയിലുള്ള അനുവും തമ്മിൽ അകലമില്ലാതായി ശശികല ഇടയ്ക്ക് ഗ്രൂപ്പിന്റെ മാനത്ത് പ്രത്യക്ഷപ്പെട്ടു. തിരുവനന്തപുരത്ത് പഠിക്കുന്ന നീതു ഞങ്ങൾടെ കൊച്ചു കുയിലായി ഗാനധാര പൊഴിച്ചു. ഞങ്ങളവളെ കുക്കു എന്ന് വിളിച്ചു. മായ ഒരു മായ തന്നെയായിരുന്നു. ഇടയ്ക്ക് മാത്രം ഗ്രൂപ്പിൽ വരുന്ന ഒരു സഹൃദയ. രേണുക രേണുവും, താഹിറ താഹിയും, അനില അനുവും, അനിത അനിയും മീനാക്ഷി മീനുവുമായി മാറാൻ അധികകാലം വേണ്ടി വന്നില്ല.



താഹിറയാണ് ഞങ്ങടെ നേതാവ്. ഗ്രൂപ്പിന്റെ സംഗമം രണ്ട് പ്രാവശ്യവും സംഘടിപ്പിച്ചത് താഹിയായിരുന്നു. ആദ്യത്തെ പ്രാവശ്യം കോഴിക്കോട് ഒരു ഹോട്ടലിൽ വെച്ച് ഞങ്ങൾ കൂടി. അന്നാണ് ആദ്യമായി പലരും പരസ്പരം കണ്ടത് തന്നെ. പക്ഷേ ദീർഘകാലത്തെ പരിചയക്കാരെ പോലെ ഞങ്ങൾ വർത്തമാനം പറഞ്ഞു, പാടി, ചിരിച്ചു, സന്തോഷിച്ചു.



അടുത്ത പ്രാവശ്യം കോഴിക്കോട് ജില്ലയിൽ കിഴക്ക് പശ്ചിമഘട്ടത്തിലുള്ള കക്കാടമ്പൊയിലിലെ ഒരു മലയടിവാരത്തുള്ള റിസോർട്ടിൽ ഒത്തുക്കൂടി. പാട്ടുപാടലും അന്താക്ഷരിയും ക്വിസ്സും പുഴയിലെ നീന്തിക്കുളിയും... ഹോ, എന്ത് രസമായിരുന്നു! രേണു, രേണുവിന്റെ മകൾ അനു, ഇറ്റലിക്കാരി അനു, താഹി, മീനു, അനി എന്നിവരടങ്ങിയ പെൺസംഘം ചെറുതും വലുതുമായ ജീവിത പ്രശ്നങ്ങൾ മറന്ന് ആനന്ദിച്ചു.

രേണുക എന്ന രേണു ഒരു സംഭവാണ്. ജീവിതത്തിൽഏറെ കുറെ വ്യഥകൾ അനുഭവിക്കുമ്പോഴും മക്കളെ, സംഗീതത്തെ, സൗഹൃദത്തെ ചേർത്തുപിടിച്ചവൾ. പാട്ടുകളുടെ ഒരു എൻസൈക്ലോപീഡിയ. പഴയകാലത്തെ ഏതാണ്ട് എല്ലാ പാട്ടുകളും ഹൃദിസ്ഥമാണ്. വയലാർ ഗാനങ്ങളുടെ ഒരാരാധികയാണ്. മയിലുകൾ ഇറങ്ങുന്ന പച്ചപ്പാടവും ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പും, അതിനിടയിലാണ് രേണുവിന്റെ വീട്. രേണുവിന്റെ മക്കൾ അനന്തു, അനു, അമ്മു – പോകപ്പോകെ ഞങ്ങളുടേയും മക്കളായി.

വടകരഭാഗത്താണ് റവന്യൂ വകുപ്പിൽ ജോലിചെയ്യുന്ന അനിതയുടെ വീട്. ഗ്രൂപ്പുറങ്ങുമ്പോൾ പാട്ടുകൾ പാടി ഗ്രൂപ്പിനെ സജീവമാക്കുന്നത് അനിയാണ്. വ്യക്തിപരമായി എല്ലാവരുമായും നല്ല സ്നേഹബന്ധം പുലർത്തുന്ന അനി ഗ്രൂപ്പിലെ ഒരു സൗമ്യസാന്നിദ്ധ്യമാണ്. അനിയുടെ അമ്മ മരിച്ചപ്പോൾ വയലിന്റെ നടുക്കുള്ള വീട്ടിലേക്ക് പോയത് ഓർമ്മ വരുന്നു. ചുറ്റുമുള്ള പ്രകൃതിപോലെ തന്നെ പച്ചപ്പുള്ള കുറേ മനുഷ്യരെ അന്ന് കണ്ടു.

റോമിൽ ജോലി ചെയ്യുന്ന അനില ആളൊരു ജഗലാണ്. ഉരുളയ്ക്ക് ഉപ്പേരികൊടുക്കുന്ന ഒരു തിരുവല്ലക്കാരി. നാട്ടിൽ നടക്കുന്ന പരിപാടികൾ നമ്മൾ അറിയുന്നതിന് മുമ്പ് അനു അറിയും. ഗ്രൂപ്പിലുള്ളവർ ഓരോ ദിവസവും എവിടെയുണ്ട്, ഏതെല്ലാം അംഗങ്ങൾ ഏതെല്ലാം പരിപാടിയിൽ പങ്കെടുക്കുന്നു, എല്ലാം അനു ഭൂഗോളത്തിന്റെ അപ്പുറത്തിരുന്ന് മനസിലാക്കി നമ്മളെ അതിശയിപ്പിക്കും. പൂർവ്വാശ്രമത്തിൽ ആളൊരു അധ്യാപികയായിരുന്നു. അനു നാട്ടിലെത്തുന്ന സമയത്താണ് ഞങ്ങൾ കൂട്ടായ്മകൾ കൊണ്ടാടുക.

ഗ്രൂപ്പംഗങ്ങൾ മീനു, മീനുച്ചേച്ചി എന്നെല്ലാം വിളിക്കുന്ന ഞാൻ ഒരു സംഗീതാസ്വാദകയാണ്. ഈ ഗ്രൂപ്പിലുള്ളവരുടെ സൗഹൃദമഴയിൽ നനഞ്ഞ് ആനന്ദിക്കുന്നവൾ.

കഴിഞ്ഞ വർഷം ഞങ്ങൾ കുറച്ച് പേർ അനുഗ്രഹീത ഗായിക മച്ചാട്ട് വാസന്തിയെ കാണാൻ പോയി. എന്തോ അപകടം പിണഞ്ഞ് ഒരു കാൽ നടക്കാനാവാതെ കിടക്കുകയായിരുന്നു. പക്ഷേ ആ അവസ്ഥയിലും ഞങ്ങളെയെല്ലാം അത്ഭുതപ്പെടുത്തിക്കൊണ്ട് അവർ പ്രസരിപ്പിച്ച ഊർജ്ജവും നർമ്മബോധവും! ഹൗ! അത് ഞങ്ങളിൽ അവരോടുള്ള സനേഹാദരങ്ങൾ ഇരട്ടിയാക്കി. മണിമാരൻ തന്നത് പണമല്ല പൊന്നല്ല, മധുരക്കിനാവിന്റെ കരിമ്പിൻ തോട്ടം മുരളിയേട്ടനും വാസന്തിച്ചേച്ചിയും കൂടി ആലപിച്ചു. സ്വയം കമ്പോസ് ചെയ്ത ഒരു ഇംഗ്ലീഷ് ഗാനം വാസന്തി ചേച്ചി പാടിയത് കേൾക്കാൻ എന്ത് രസമായിരുന്നു.

ഞങ്ങളുടെ ഈ സംഘഗാനം ഇമ്പത്തോടെ ഒഴുകിക്കൊണ്ടിരിക്കുമെന്നു തന്നെയാണ് ഞങ്ങളുടെയെല്ലാം പ്രതീക്ഷ



മിനി പ്രസാദ്
*ചുങ്കത്തറ മാർത്തോമ്മാ കോളേജ് അദ്ധ്യാപിക*

# കത്തുകളിലൂടെ സാന്ത്വന സ്പർശങ്ങൾ



അണുകുടുംബങ്ങളുടെ വളർച്ച ജീവിത പ്രാരാബ്ധങ്ങളുടെ വർദ്ധനവ് ഇങ്ങനെ ഒരുപാട് കാര്യങ്ങൾക്കുള്ള നീക്കുപോക്ക് എന്ന നിലയിലാണ് ഹോം നേഴ്സിനെ നാം തേടുന്നത്. ഒരു പുതിയ തൊഴിൽ മേഖല എന്ന നിലയിൽ ഇത് ഇന്ന് വളർന്നു പടർന്നു പന്തലിച്ച് നിൽക്കുന്നുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകൾ പലതും ഇല്ലാതെയാവുമ്പോൾ ഇത്തരം പുതിയ തൊഴിൽ മേഖലകൾ വളരുന്നതും സ്വാഭാവികം. നാം ഉപഭോക്താവിന്റെ കണ്ണിലൂടെ മാത്രമാണ് ഇന്നുവരെ ഹോം നേഴ്സ് മാരെ കണ്ടിരുന്നത്. അവരിലുള്ള വിശ്വാസക്കുറവ് അവരുടെ സ്വഭാവത്തെ കുറിച്ചുള്ള സംശയങ്ങൾ അവരെ കുറിച്ചുള്ള ഉത്കണ്ഠകൾ എന്നിവയാൽ സംശയം നിറഞ്ഞ നോട്ടങ്ങളാണ് നാം അവരുടെ നേർക്കയച്ചിരുന്നത്. പക്ഷേ ഇവർ ഈ സ്ത്രീകൾ മറ്റു വീടുകളിൽ അരക്ഷിതവും അപരിചിതവുമായ ഇടങ്ങളിൽ അവരനുഭവിക്കുന്ന ഉത്കണ്ഠകൾ എന്തെല്ലാമാവാം എന്ന  ചിന്തകൾ ആരുടെയും ഓർമ്മകളുടെ പരിധികളിൽ എത്തുന്നില്ല. മാസംതോറും എണ്ണി നൽകുന്ന പണത്തിനൊപ്പം അവർ ജോലി ചെയ്യുന്നുണ്ടോ എന്ന് കള്ളക്കണ്ണിലൂടെ നോക്കി കാണുന്നതിനിടയിൽ എപ്പോഴാണ് അവരുടെ ചിന്തകളോട് നമുക്ക് തന്മയീഭവിക്കാനാവുക? ഒരു ഹോംനേഴ്സ് മുഖ്യ കഥാപാത്രമാവുന്ന കഥയാണ് പ്രിയ എ. എസിന്റെ സ്നേഹ ബഹുമാനപ്പെട്ട അന്നമ്മയ്ക്ക് ഗീതാലക്ഷ്മി എഴുതുന്നത് എന്ന കഥ. ഒരു പ്രവാസിയുടെ ജീവിത ദുഃഖങ്ങൾ എന്ന തരത്തിൽ മാത്രമല്ല, കേരളത്തിലെ ശരാശരിയിൽ താഴ്ന്ന നിലവാരത്തിലുള്ള ഒരു കുടുംബത്തിലെ സ്ത്രീയുടെ ജീവിത ദുഃഖങ്ങൾ എന്ന നിലയിലും ഈ കഥ പ്രസക്തമാണ്. സ്ത്രീകൾ ഉണരണം ഉയരണം എന്ന ആഹ്വാനങ്ങൾക്കിടയിൽ നാം കാണാതെ പോകുന്ന ചില അരികു ജീവിതങ്ങൾ അവരനുഭവിക്കുന്ന മാനസിക വൈഷമ്യങ്ങൾ എന്ന തരത്തിലും ഈ കഥ വായിക്കപ്പെടേണ്ടതുണ്ട്.  ജീവിതോപാധി എന്ന നിലയിൽ അമൃത എന്ന സ്വകാര്യ നഴ്സിംഗ് സ്ഥാപനത്തിൽ ജോലിചെയ്യുന്ന സീതാലക്ഷ്മി ആണ് മുഖ്യ കഥാപാത്രം. അവൾ

ഏകദേശം ഒരു വർഷം മുൻപ് മൂന്ന് മാസം ജോലിക്ക് നിന്ന ഒരു വീട്ടിലെ അന്നാമ്മ എന്ന അധ്യാപികയ്ക്ക് എഴുതുന്ന കത്തുകളുടെ രൂപത്തിൽ ആണ് പ്രിയ കഥാഖ്യാനം നിർവഹിക്കുന്നത്. മൂന്നു വീടുകളിൽ നിന്ന് അവർക്ക് കിട്ടുന്ന അനുഭവങ്ങളും ഗീതാലക്ഷ്മി തുറന്നെഴുതുന്നു. ഒരു ഹോംനേഴ്സിനെ സംബന്ധിച്ചിടത്തോളം മൂന്നു മാസത്തെ ബന്ധമേ ഏതു വീടിനോടും അതിലെ അംഗങ്ങളോടും പാടുള്ളൂ എന്ന അലിഖിത നിയമവും നിർദ്ദേശങ്ങളും അന്നമ്മയുടെ കാര്യത്തിൽ പാലിക്കാനാകുന്നില്ല. സ്നേഹത്തോടും ബഹുമാനത്തോടും ഓർക്കാനുള്ള ഒരുപാട് നന്മകൾ അന്നാമ്മയിൽ അവൾ കണ്ടെത്തുന്നതു കൊണ്ട് കൂടിയാണിത്. ഇവയെ വെറും എഴുത്തുകളായല്ല സ്വകാര്യ ദുഃഖങ്ങളുടെ പങ്കുവെയ്പ്പായും തുറന്നെഴുത്തായും സ്വീകരിക്കണം. മൂന്ന് വർഷമായി വീടുവീടാന്തരം സഞ്ചരിക്കുന്ന ഹോം നേഴ്സ് സ്വന്തം കല്യാണക്കാര്യം കൊണ്ട് പത്തു ദിവസം വീട്ടിൽ നിന്ന ആഹ്ലാദത്തിലാണ് ആദ്യത്തെ കത്ത്. കല്ല്യാണം പക്ഷേ, സ്ത്രീധനം എന്ന മഹാവിപത്തിന്റെ ഭയപ്പെടുത്തൽ കൊണ്ട് നടക്കാതെ പോകുന്നു. വീട് പണയം വെച്ചും ആഞ്ഞിലി വിറ്റും കല്യാണം നടത്താൻ അവളുടെ അമ്മയ്ക്ക് മോഹമുണ്ടെങ്കിലും അവളതിന് സമ്മതിക്കുന്നില്ല. രോഗിയായ അമ്മയുടെ ഹൃദയത്തിന്റെ ഓട്ട തന്റെ കല്യാണം താമസിക്കുന്തോറും വലുതാവുമെ ന്നറിയാമായിരുന്നിട്ടും ജോലിസ്ഥലത്തിന്റെ ദൂരവും നിറത്തിന്റെ ചേർച്ചയില്ലായ്മയും ഒക്കെ പറഞ്ഞു അവൾ ആ വിവാഹത്തെ നിഷേധിക്കുന്നു. യഥാർത്ഥത്തിൽ കാരണം ഇതൊന്നുമല്ല, വരന്റെ വീട്ടുകാരുടെ ഡിമാന്റുകൾ തങ്ങൾക്ക് ഒരിക്കലും



പരിഹരിക്കാനാവില്ല എന്നവൾക്കറിയാം. ഇങ്ങനെയൊക്കെയങ്ങ് ജീവിച്ചാ മതി .അതിന് ഈ ഹോംനേഴ്സിന്റെ ജോലിയെങ്കിലുമുണ്ടല്ലോ എന്ന് സ്വയം സമാധാനത്തിൽ ഗീതാലക്ഷ്മി എത്തുന്നു. വിവാഹത്തിന്റെ......... 10 പവൻ ഉണ്ടാക്കുമ്പോഴേക്കും ചെറുക്കന്റെ വില 20 പവൻ ആവുമോന്നാ എന്റെ പേടി. എന്നൊരാത്മഗതം കഥയിൽ എഴുന്നു നിൽക്കുന്നുണ്ട്. ആ പേടി ഒരു യാഥാർത്ഥ്യമാണ് . കാരണം ഓരോ നിമിഷവും വിലയേറിയ ചരക്കാണല്ലോ അത് . സ്ത്രീധന നിരോധന നിയമവും വനിതാ പുരോഗമന പ്രസ്ഥാനങ്ങളുമൊക്കെ ശ്രമിച്ചിട്ടും ഈ വിപത്തിൽ നിന്നും പ്രബുദ്ധ കേരളത്തെ ഇനിയും രക്ഷിക്കാനായിട്ടില്ല. പെൺമക്കളെ സുരക്ഷിതമാക്കാൻ വീട് പണയം വയ്ക്കാനും ആഞ്ഞലി വിൽക്കാനുമായി ഓടിനടക്കുന്ന, അങ്ങനെ ഹൃദ്രോഗിയായി മാറുന്ന അമ്മമാരുടെ നാടുകൂടിയാണ് നമ്മുടേത്. ഈ മൂന്ന് വർഷംകൊണ്ട് ആടാത്ത മുത്തുള്ള ഒരു ജിമ്ക്കീം ഒരു ചെറിയ മോതിരവുമാണ് ആകെ സമ്പാദ്യം. ഈ ശുഷ്കമായ സമ്പാദ്യവുമായി അവൾക്കെങ്ങനെയാണ് വിവാഹ കമ്പോളത്തിൽ മത്സരിക്കാനാവുക? ഗീതാലക്ഷ്മിയുടെ കത്തുകളിൽ നിന്ന് അവൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന വീടുകളുടെയും ഇടപെടുന്ന ആളുകളുടെയും വിവരങ്ങൾ നമുക്ക് ലഭിക്കുന്നു. വൈപ്പിനിലെ അമ്മച്ചിക്ക് ദുർമുഖമാണെന്ന് ആദ്യം കരുതിയെങ്കിലും ഒരാവശ്യം വരുമ്പോൾ അവരു കാണിക്കുന്ന മനുഷ്യപ്പറ്റ് അവരെ അത്ഭുതപ്പെടുത്തുന്നു. പണ്ട് അവരൊരു നല്ല സ്ത്രീയായിരിക്കാം. പിന്നെ അസുഖം വന്നപ്പോളൊരു മൂശേട്ട ആയതാവാം എന്നൊരു നിഗമനത്തിൽ മനുഷ്യസ്വഭാവത്തെ പറ്റിയുള്ള വലിയൊരു വിലയിരുത്തലിൽ അവൾക്കെത്താനും ഈ സംഭവം സഹായകമാവുന്നു. തിരുവാങ്കുളത്തെ അമ്മയാവട്ടെ ജാതിപ്പേര് വിളിച്ച് അവളെ വേദനിപ്പിക്കുന്നു. കാഞ്ഞിരപ്പള്ളിയിലെ അപ്പച്ചനും അമ്മച്ചിയും വളരെ സ്നേഹത്തോടെ പെരുമാറുന്നുണ്ടെങ്കിലും അവരുടെ വാക്കും പ്രവർത്തിയും തമ്മിൽ വലിയ ബന്ധമൊന്നുമില്ലെന്ന് അവൾ വേഗം തിരിച്ചറിയുന്നു. പക്ഷേ, അന്നാമ്മേടമ്മച്ചീടെ ചിരി, അന്നാമ്മേടെ കത്ത്, കയ്യക്ഷരം ഇവയൊക്കെ ആശ്വാസത്തിന്റെയും സാന്ത്വനത്തിന്റെയും അവസ്ഥകൾ അവൾക്കു നൽകുന്നു. ജോലിക്കിടെ പരിചയപ്പെട്ടവരെയൊക്കെ വിലയിരുത്തിക്കൊണ്ട് ഗീതാലക്ഷ്മി പ്രകടിപ്പിക്കുന്ന ഒരു സംശയമുണ്ട്. മനുഷ്യന്മാര് എന്തു മാതിരി ജീവികളാ അന്നാമ്മേ, ചിരിക്കണവര് കരയിപ്പിക്കും കരയണവർ ചിരിപ്പിക്കും നല്ല മൊഖക്കാര് ചീത്ത കാര്യം പറയും ചീത്ത മൊഖക്കാര് നല്ല കാര്യം പറയും. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള ഒരു സ്ത്രീ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ലോകത്തെ വിലയിരുത്തുന്നതാണ് ഈ വരികൾ. എത്ര അന്വർത്ഥമായൊരു കണ്ടെത്തലാണതെന്നും ചിന്തിക്കേണ്ടതാണ്. സ്വപ്നം കാണുക എന്ന സ്വഭാവം അന്നാമ്മയുടെ വീട്ടിൽ വെച്ചാണ് തനിക്ക് കിട്ടിയതെന്ന് കത്തുകളിൽ പറയുന്നുണ്ട്. കാരണം നമ്മുടെ സൗകര്യവും ഭാവനയുമനുസരിച്ച് ജീവിക്കാൻ പറ്റിയ ഒരിടം എന്ന രീതിയിൽ അവൾ സ്വപ്നങ്ങളെ സ്വീകരിക്കുന്നു.

വിവാഹം , കുടുംബം, മക്കൾ എന്നിങ്ങനെ അതിരും ചുവരുമില്ലാതെ സ്വപ്നങ്ങൾ വളരുകയും മകൾ ശാന്തിനികേതനിലെ വിദ്യാർഥിനിയാവുന്നിടത്തോളം അവ ചെന്നെത്തുകയും ചെയ്യുന്നു. അപ്പോഴേക്കും അമ്മയുടെ മരണം എന്ന യാഥാർത്ഥ്യം അവളെ തേടിയെത്തുന്നു മോതിരം വിറ്റ് ശവസംസ്കാരത്തിനുള്ള പണം കണ്ടെത്തുന്നതോടെ വീടുതന്നെ അവൾക്കന്യമാകുന്നു. ലോകത്തിൽ വളരെ ഒറ്റക്കാണെന്ന സത്യം ഇപ്പോൾ അവരുടെ നേരെ നിൽക്കുന്നുണ്ട്. കാഞ്ഞിരപ്പള്ളിയിലെ അപ്പച്ചനും അമ്മച്ചിയും അവളെ ദത്തെടുക്കും എന്നൊരു മോഹം അവൾ ഉള്ളിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും അവരുടെ വാക്കുകളൊക്കെ ഒരുതരം വ്യാജമായിരുന്നു എന്ന അറിവ് പിന്നീടവൾക്കുണ്ടാകുന്നു. ഹോംനേഴ്സുകൾ കഥാപാത്രമാവുന്ന കഥകൾ മലയാള ചെറുകഥാ സാഹിത്യത്തിൽ വേറെയുമുണ്ട്. പക്ഷേ, പാർശ്വവത്ക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിനിധി അവരുടെ മനസ്സ് അതേപടി തുറന്നുവയ്ക്കുന്ന ഒരു രചന എന്ന രീതിയിൽ ഈ കഥയ്ക്ക് അതിന്റേതായ സവിശേഷതയുണ്ട്. സ്ത്രീധനം മുതലായ സാമ്പത്തികാവസ്ഥകൾ നിയന്ത്രിക്കുന്ന ഒരു സമൂഹത്തിൽ ഓരോ സ്ത്രീയും എത്ര ആലംബഹീനയാണെന്ന് ഈ കഥ വെളിപ്പെടുത്തുന്നു. കത്തുകളുടെ രൂപത്തിലുള്ള അവതരണം, ഈ ആത്മഗതങ്ങൾക്ക് ഒരു തുറന്നുപറച്ചിലിന്റെ സ്വഭാവം കൂടി നൽകുന്നു. മധ്യതിരുവിതാംകൂർ ഭാഷയുടെ തനിമയാർന്ന അവതരണം അതു നൽകുന്ന സ്വാഭാവികത അതാണ് ഈ കഥയെ ജീവനുള്ളതാക്കുന്നത്.

ഹബീബ

# പതിവു പോലെ

'കണ്ണേ കരളേ'യെന്നും
'തേനേ പാലേ'യെന്നും
വിളിച്ചു വിളിച്ചാണ്
വലയിൽ വീഴ്ത്തിയത് ..
അതാരു ആരെയെന്നു
സന്ദേഹപ്പെടേണ്ട
പതിവ് പോലെ
അതവൻ അവളെത്തന്നെ ..
നീയില്ലെങ്കിൽ ഞാനില്ലെന്നുവരെ
അവൻ പറഞ്ഞു കളഞ്ഞു
അവളോ ആ വാക്കുകളുടെ
പഞ്ചാരപ്പാനിയൽ വീണ്
കുഴഞ്ഞുകിടന്നു ...
അങ്ങനെയൊക്കെയായിരുന്നു
അവൾ അവനു മുന്നില്
തല കുനിയ്ക്കാൻ തീരുമാനിച്ചത്
ശേഷമെല്ലാം വിധി പ്രകാരം തന്നെ നടന്നു.
പുത്തൻമണം മാറും
പുതുമോടി മങ്ങും
അതും പതിവ്
പക്ഷേ , ആത്മാവിനോട് ചേരാത്ത
ശരീരത്തിന്റെ ആഘോഷങ്ങള്ക്ക്
ആയുസ്സ് തീരെ കുറവായിരുന്നു
ഉണക്കയിലയ്ക്ക് തീ പിടിയ്ക്കും പോലെ
അത് ക്ഷണനേരം കൊണ്ടാളിയമര് ന്നു
വർഷങ്ങൾ രണ്ടു മൂന്നായതും
അവൻ മടുപ്പിന്റെ ലക്ഷണങ്ങൾ
കാണിച്ചു തുടങ്ങി..
ചട്ടിയും കലവുമാകുമ്പോൾ
തട്ടിയും മുട്ടിയും ഇരിയ്ക്കുമെന്നും
സാരമാക്കാനില്ലെന്നും
ചുറ്റുമുള്ളവർ സമാശ്വസിപ്പിച്ചു
മുന്നേ ഒരു 'മൂ' കൂട്ടി വെച്ചു,
'ദേ'എന്ന ഇളമിക്കൽ മാറ്റി വെച്ച്
'ധേ' എന്നൊന്നു കനപ്പിച്ചു
അത്രയേ അവൻ ചെയ്തുള്ളൂ
അപ്പഴേയ്ക്കും ,
'ദേവീ'ന്നു വിളിച്ച നാവു കൊണ്ട്
'മൂധേവീ'ന്നു വിളിച്ചെന്നും പറഞ്ഞവൾ
സഹനസമരം ,ജീവഹത്യാശ്രമം
തുടങ്ങിയ സാഹസങ്ങൾ കാണിച്ചു
സ്നേഹത്തിന്റെ നനവ്
ഒട്ടുമില്ലാതിരുന്നതിനാൽ
അവന്റെ മനസ്സ് വരണ്ടുണങ്ങിക്കിടന്നു ...
ഒടുവില്, പച്ചയ്ക്ക്
'നിന്നെയെനിക്കിനി വേണ്ടാ'ന്നും പറഞ്ഞ്
അവൻ പൊടി തട്ടിയിറങ്ങിപ്പോയി
തട്ടിക്കളയാൻ പൊടിയെന്നല്ല
തുടച്ചു മാറ്റാൻ പോലും
പറ്റും വിധത്തിലുള്ളതൊന്നും
അവൾക്കില്ലായിരുന്നു
തോളിലുറങ്ങുന്ന ഒരു വയസ്സുകാരന്റെ ചൂടും

അതുയർത്തിയ നോവുമല്ലാതെ..
ആ നോവും വേവും
പിന്നീട് സാന്ത്വനവും സ്വപ്നവുമായി..
ഒരേ സമയം അവളമ്മയുമച്ഛനുമായി
ഒരേ സമയം അവൻ മകനും മകളുമായി
ഒന്നിന്റേം ശൂന്യതയറിയാതെ..
കാരിരുമ്പിന്റെ കൂട്ടിനു യുവത്വമുള്ളപ്പോൾ
കളഞ്ഞിട്ടു പോകൽ എന്തെളുപ്പമാണെന്നോ..
പക്ഷേ ഒരിക്കലറിയും
അതേറെ കടുപ്പമായിരുന്നെന്നു
നോവുകൾ മാറി മറിയും
ചോരയും നീരും വറ്റി
ജരാനരകൾ ബാധിച്ചു
താങ്ങില്ലാതെ തനിച്ചിരിക്കുമ്പോൾ
ഓർക്കാതിരിക്കില്ല പഴയതൊക്കെയും ..



# വാസ്തവം



ഡോ.ജാൻസി ജോസ്




സമൂഹ മാധ്യമങ്ങളുടെ ഗുണദോഷ ങ്ങളെ വിചിന്തനം ചെയ്താലുമില്ലെങ്കിലും സ്ത്രീകളെ സംബന്ധിച്ചിട ത്തോളം അവ സ്വാതന്ത്ര്യത്തിന്റെ വാതായനങ്ങൾ തുറന്നിടുക യാണ് ചെയ്തി രിക്കുന്ന ത്. അടുക്കളത്ത ളങ്ങളിൽ, അടർന്നുവീഴുന്ന കണ്ണു നീർ അകത്തു വീഴാനനുവദിക്കാത്ത ഒരു കാലമു ണ്ടായിരുന്നു പെണ്ണുങ്ങൾക്ക്. സങ്കടം പറയാ നോ സന്തോഷം പ്രകടിപ്പിക്കാനോ അനുവാദ മില്ലാതി രുന്ന കാലം. പുരുഷന് അനുവദനീയമായ പല സൗകര്യങ്ങളും സ്ത്രീക്ക് നിഷേധിക്കപ്പെട്ടിരുന്ന കാലം. സമൂഹ മാധ്യമങ്ങൾ സ്ത്രീകൾക്ക് മനസ്സു തുറക്കാനൊരിട മുണ്ടാക്കുന്നു എന്നത് തർക്കത്തി നിടയില്ലാത്ത കാര്യമാണ്. ഉള്ളു തുറക്കുകയെന്നാൽ സന്തോഷ ങ്ങളും സങ്കടങ്ങളും തുറന്നു പറയുക എന്നതു തന്നെയാണർഥം. ഇതൊന്നും കേൾക്കാനോ കൂടെ നിൽക്കാനോ ആരുമില്ലാതിരുന്നയിടത്തിൽ നിന്നും കേൾക്കാനും പങ്കിടാനും പറ്റുന്നയിടത്തോളം വന്നെത്തി നില്ക്കുന്നുണ്ട് നാമിന്ന്. പക്ഷേ, അതിന്റെ അമിതോപയോഗവും ദുരുപയോഗവും വരുത്തുന്ന പ്രത്യാഘാതങ്ങൾ സ്ത്രീകളെ ബാധിക്കുന്നുണ്ട് എന്നതു തള്ളിക്കളയാതെ തന്നെ, സ്ത്രീകളെല്ലാം ഫോണിനും വാട്ട്സ് ആപ്പിനും അടിമകളാണെന്ന കള്ള പ്രചരണത്തെക്കുടി അവർക്ക് നേരിടേണ്ടി വരുന്നുണ്ട്. ഇതുവരെ സ്വന്തം താത്പര്യങ്ങളും അഭിപ്രായങ്ങളും തുറന്നു പറയാതെ മാനസിക സമ്മർദ്ദത്തിന്നടിമപ്പെട്ടിരുന്ന സ്ത്രീകൾ അതിനിടം കണ്ടെത്തിയതിൽ ആർക്കാണ് ആശങ്കപ്പെടേണ്ടി വരുന്നത്? തന്റെ ഭാര്യ ചാറ്റുന്നത് സഹിക്കവയ്യാത്ത ഭർത്താക്കന്മാർ ഇപ്പോഴും ഫോൺ വാങ്ങിക്കൊടുക്കാ തിരിക്കുന്നതും ഉപയോഗിക്കുന്നതിൽ നിന്നും വിലക്കുന്നതും ഇന്നും കാണാവുന്നതാണ്. കൊടു ത്താൽ തന്നെ കർശന നിയന്ത്രണത്തിലുമാവും. സാമൂഹ്യ മാധ്യമങ്ങളിൽ സജീവമായി ഇടപെടുന്ന പെണ്ണിന് തീർച്ചയായും മറയില്ലാതെ എഴുതാനുള്ള ഇടം കിട്ടി എന്നു തന്നെ വിശ്വസിക്കാനാണെനിക്കിഷ്ടം. എല്ലാ സ്ത്രീകളും മൊബൈലും വാട്സ് ആപ്പും ഫേസ് ബുക്കും മെസ്സഞ്ചറും ഉപയോഗിക്കാൻ ധൈര്യം കാണിക്കട്ടെ

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# മാമത്തുകൾ മടങ്ങിവരുമോ..?

ചരിത്രാതീത കാലത്ത് ഭൂമി അടക്കിവാണിരുന്ന മാമത്തുകൾ തിരിച്ചുവരുമോ? ജുറാസിക് പാർക്ക് എന്ന സിനിമയിൽ ദിനോസറുകൾ പുന:സൃഷ്ടിക്കപ്പെട്ടതു പോലെ ഈ ഭീമൻ ആനകൾ ഒരുനാൾ പുന:സൃഷ്ടിക്കപ്പെടുമോ എന്ന ആകാംക്ഷയിലാണ് ശാസ്ത്രലോകം. ഇത് അധികനാൾ ഒരു സയൻസ് ഫിക്ഷൻ ആയി തുടരാൻ സാധ്യതയില്ലെന്നാണ് ബയോടെക്നോളജി, ജനിതക എഞ്ചിനീയറിങ് രംഗത്തെ ഗവേഷകർ അവകാശപ്പെടുന്നത്. മാമത്തുകളെ അവയുടെ അവശിഷ്ടങ്ങളിൽ നിന്നു ക്ലോൺ ചെയ്യാനുള്ള ഗവേഷണങ്ങൾ പല ഗവേഷണശാലകളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് പതിനായിരം വർഷങ്ങൾ പഴക്കമുള്ള വൂളി മാമത്തിന്റെ മഞ്ഞിൽ പുതഞ്ഞുകിടന്ന ഫോസിലുകളിൽ നിന്നും ക്ലോണിങ്ങിലൂടെ അവയെ പുന:സൃഷ്ടിക്കാനാണ് ശാസ്ത്രജ്ഞരുടെ പുതിയ ശ്രമം. ഫോസിലു കളിൽ നിന്നും ഗുണ്മേന്മയുള്ള ഡി.എൻ.എ വേർതി രിച്ചെടുത്ത് അതുപയോഗിച്ച് ക്ലോണിങ് നടത്താനാ ണ് സാന്റാ ബാർബറയിലെ കലിഫോർണിയ യൂണി വേഴ്സിറ്റി ഗവേഷകർ ലക്ഷ്യമിടുന്നത്. അവിടെ ഇക്കോളജി, എവല്യൂഷൻ ആന്റ് മറൈൻ ബയോള ജി പ്രഫസറായ ഡോ.ഡഗ്ലസ് മക്കോളിയുടെ നേതൃത്വത്തിലാണ് ഗവേഷണം. മാമത്തിന്റെ തുടയെല്ലിൽ നിന്നു ശേഖരിച്ച മജ്ജാകോശങ്ങൾ ഉപയോഗിച്ച് ക്ലോണിങ് നടത്താനുള്ള ഗവേഷണങ്ങളിലാണ് ജപ്പാനിലെ കിൻകി സർവ്വകലാശാലയിലെയും സൈബീരിയൻ മാമത്ത്



മ്യൂസിയത്തിലെയും ശാസ് ത്രജ്ഞർ. മാമത്തിന്റെ കോശങ്ങളിൽ നിന്നുള്ള കോശമർമ്മം വേർതിരിച്ചെടുത്ത് ആഫ്രിക്കൻ ആനയുടെ കോശമർമ്മം നീക്കം ചെയ്ത അണ്ഡ കോശങ്ങളിൽ സന്നിവേശിപ്പിക്കാനാണ് ശ്രമം. പരീക്ഷണശാലയിൽ സൃഷ്ടിക്കപ്പെടുന്ന മാമത്ത് ഭ്രൂണങ്ങൾ യോജിച്ച ഒരാനയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ചു വളർത്തിയെടുക്കും.

ഹാർവാഡ് സർവ്വകലാശാലാ ഗവേഷകരാണെങ്കിൽ സൈബീരിയയിൽ മഞ്ഞിൽ പുതഞ്ഞു കിടന്നിരുന്ന 42000 വർഷം പഴക്കമുള്ള വൂളി മാമത്തിന്റെ അവശി ഷ്ടങ്ങളിൽ നിന്നു വേർതിരി ച്ചെടുക്കുന്ന ഡി.എൻ.എ ഉപയോഗിച്ച് ക്ലോണിങ് നടത്താനുള്ള ശ്രമത്തി ലാണ്. ജോർജ് ചർച്ച് എന്ന ശാസ്ത്രജ്ഞന്റെ നേതൃത്വത്തിലാണ് ഗവേഷണം. ഈ ക്ലോണിങ് പരീക്ഷണത്തിൽ നൂതന ജീൻ എഡിറ്റിങ് സങ്കേത ങ്ങളും പ്രയോജനപ്പെടുത്തും. മാമത്തിന്റെ ഡി.എൻ.എ ഏഷ്യൻ ആനയുടെ ഡി.എൻ.എ യുമായി സംയോജിപ്പിച്ച് അതുപയോഗപ്പെടുത്തി യാണ് ക്ലോണിങ് നടത്തുക.പരീക്ഷണശാലയിൽ സൃഷ്ടിക്കപ്പെടുന്ന മാമത്ത് ഭ്രൂണങ്ങൾ ആനയുടെ വാടക ഗർഭപാത്രത്തിൽ നിക്ഷേപിച്ചു വളർത്തു ന്നതിനു പകരം മാമത്ത് കുഞ്ഞുങ്ങളുടെ പുന:സൃഷ്ടിക്കായി ഒരു കൃത്രിമ ഗർഭപാത്രം ലാബിൽ ഒരുക്കാനാണ് ഹാർവാഡ് ഗവേഷകരുടെ ശ്രമം. തീർന്നില്ല വിശേഷങ്ങൾ. മാമത്ത് കുഞ്ഞു ങ്ങൾ പുന:സൃഷ്ടിക്കപ്പെട്ടാൽ അവയ്ക്കായി സൈബീരിയയിൽ ഒരുഗ്രൻ സഫാരി പാർക്ക് ഒരു ക്കാനും പദ്ധതിയുണ്ട് ! മാമത്ത് ക്ലോണിങ് കൗതുകത്തിനും ആകാംക്ഷയ്ക്കും അപ്പുറം വിവാദ ങ്ങൾക്കും തിരികൊളുത്തിക്കഴിഞ്ഞു. മാമത്ത് ക്ലോണിങ്ങിന്റെ വിജയ സാധ്യത വളരെക്കുറവാ ണെന്നും അതിനുവേണ്ടി കോടികൾ ചെലവഴിക്കു ന്നതിനു പകരം വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ജീവികളെ സംരക്ഷിക്കാനാണ് ശ്രമിക്കേണ്ടതെന്നും ഒരു വിഭാഗം ശാസ്ത്രജ്ഞർ പറയുന്നു. ഇനി മാമത്തുകൾ പുന:സൃഷ്ടിക്ക പ്പെട്ടാൽ തന്നെ അവയ്ക്ക് ഇന്നത്തെ അവസ്ഥയിൽ അതിജീവനം സാധ്യമാവുമോ എന്ന ആശങ്കയും ഉയരുന്നുണ്ട്. ഏതായാലും മാമത്ത് ക്ലോണിങ് ഗവേഷണങ്ങളുമായി മുന്നോട്ടു പോവുകയാണ് ഗവേഷകർ. ആനകളുടെ പൂർവ്വികർ ഒരിക്കൽക്കൂടി ഈ ഭൂമിയിൽ വിലസി നടക്കുമോ എന്നറിയാൻ കാത്തിരിക്കുകയാണ് ശാസ്ത്രലോകം.

---




## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്

**: തുല്യവേതന വിഷയത്തിത്തിൽ വൈദഗ്ദ്ധ്യം ഉള്ളൊരാളെ നിയമിക്കണം**

**:ഒരു പെൺകുട്ടിയെ തന്നെയാവട്ടെ. കുറഞ്ഞ വേതനത്തിന് കിട്ടുമല്ലോ!**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara